സീറോമലബാർ
സമുദായശക്തീകരണവർഷം
2026

VEDAPRACHARA
MADHYASTHAN
വാല്യം 98
ലക്കം 11
2026 മെയ്

# വേദപ്രചാര മദ്ധ്യസ്ഥൻ

Malayalam Monthly
Price ₹ 25/- Annual Subscription ₹ 300/-



THE OFFICIAL ORGAN OF
THE ARCHEPARCHY OF CHANGANACHERRY

2026 മെയ്

# പ്രാർഥനാശംസകൾ



മെയ് 20നു മെത്രാഭിഷേകത്തിന്റെ
രജത ജൂബിലിയിലേക്കു പ്രവേശിക്കുന്ന
**അഭി. മാർ ജോസഫ് പെരുന്തോട്ടംപിതാവിന്**
**അതിരൂപതാകുടുംബത്തിന്റെ ആശംസകൾ**



‘നിങ്ങൾ യൗസേപ്പിന്റെ പക്കൽ പോകുവിൻ.
അവൻ നിങ്ങളോടു പറയുന്നതു
നിങ്ങൾ ചെയ്യുവിൻ’
(ഉൽപത്തി 41:55)

YOUR GRACE IS SUFFICIENT FOR ME

# വേദപ്രചാര മദ്ധ്യസ്ഥൻ

ചങ്ങനാശ്ശേരി അതിരൂപത
സ്ഥാപിതം: 20 മെയ് 1887

വാല്യം 98 ● ലക്കം 11 ● മെയ് 2026

വേദപ്രചാര
**മദ്ധ്യസ്ഥൻ**
ചങ്ങനാശ്ശേരി അതിരൂപതാ
മുഖപത്രം

# ഉള്ളടക്കം


ആഗോളപ്രാർഥനാദിനസന്ദേശം: മാർപാപ്പ.................................05
സർക്കുലർ: (26 Ch. TCL 24) .....................................................13
സർക്കുലർ: (26 Ch. TCL 25) ..................................................... 15
കെ.സി.ബി.സി. സർക്കുലർ: മെയ്ദിന സന്ദേശം ........................ 17
കച്ചേരിക്കാര്യം...........................................................................22
വൈദികസമ്മേളനം - റിപ്പോർട്ട്..............................................43
സന്ദേശനിലയം...........................................................................46
ചെറുപുഷ്പ മിഷൻ ലീഗ് ......................................................49
ബൈബിൾ അപ്പോസ്തലേറ്റ് & കുടുംബക്കൂട്ടായ്മ.....................50
ഫാമിലി അപ്പോസ്തലേറ്റ്........................................................52
യുവദീപ്തി - എസ്.എം.വൈ.എം. ............................................56
കാനാ.........................................................................................58
ചാസ്സ്...........................................................................................59
ചാസ്സ് - ഖാദി ............................................................................ 63
ജീവകാരുണ്യനിധി ട്രസ്റ്റ്........................................................64
ആതുരശുശ്രൂഷാമേഖല........................................................ 66
പ്രവാസി അപ്പോസ്തലേറ്റ് ......................................................70
കത്തോലിക്കാ കോൺഗ്രസ്.................................................... 71
കേരള ലേബർ മൂവുമെന്റ് .......................................................75
ദളിത് കത്തോലിക്കാ മഹാജനസഭ...........................................76
സെക്കുലർ ഫ്രാൻസിസ്കൻ ഓർഡർ ......................................77
വിൻസെൻഷ്യൻ വേദി.............................................................78
കരിസ്മാറ്റിക് നവീകരണം......................................................80
അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി ........................................... 81
അഭിവന്ദ്യ പിതാക്കന്മാരുടെ എൻഗേജുമെന്റ്സ് .......................... 88



Archbishop House, P.B. No. 20, Changanacherry P.O., Kottayam 686101
0481 2420040, 2420379, 2420614
9037440040
www.archdiocesechanganacherry.org
chancellorchry@gmail.com

**ANNUAL SUBSCRIPTION: ₹ 300/-**

No.4198/K-5/KCBC/OL/DS 01.04.2026

# ദൈവവിളികൾക്കായുള്ള 63-ാമത് ആഗോളപ്രാർഥനാദിനത്തിൽ (ഏപ്രിൽ 26, 2026) പരിശുദ്ധ പിതാവ് ലെയോ പതിനാലാമൻ പാപ്പാ നല്കുന്ന സന്ദേശം

## അന്തരാത്മാവിൽ ദൈവികദാനം കണ്ടെത്തുന്നത്

പ്രിയ സഹോദരീസഹോദരന്മാരേ, പ്രിയ യുവതീയുവാക്കന്മാരേ,

ഉത്ഥിതനായ യേശുവിനാൽ നയിക്കപ്പെട്ടും സംരക്ഷിക്കപ്പെട്ടും നാം പെസഹാകാലത്തിലെ നാലാം ഞായറാഴ്ച ആചരിക്കുന്നു. ''നല്ലിടയൻ ഞായർ'' എന്ന് അറിയപ്പെടുന്ന ഇന്ന് ദൈവവിളികൾക്കായുള്ള ആഗോള പ്രാർഥനയുടെ 63-ാമത് ദിനം കൂടിയാണ്. ഇതൊരു അനുഗ്രഹത്തിന്റെ അവസരമാണ്. ഈ ദിനത്തിൽ നാം ദൈവവിളിയുടെ ആന്തരിക വശത്തെക്കുറിച്ച് ചില ചിന്തകൾ പങ്കുവയ്ക്കുന്നു. യഥാർഥത്തിൽ, അത് നമ്മുടെ ഹൃദയത്തിന്റെ ആഴങ്ങളിൽ പൂവണിയുന്ന ദൈവികദാനത്തിന്റെ കണ്ടെത്തലാണ്. നമ്മുടെ ഇടയൻ നമ്മെ നടത്തുന്ന ജീവിതത്തിന്റെ അതീവസുന്ദരമായ ഈ പാത നമുക്ക് ഒരുമിച്ച് കണ്ടെത്താൻ ശ്രമിക്കാം.

## സൗന്ദര്യത്തിന്റെ പാത

യോഹന്നാന്റെ സുവിശേഷത്തിൽ ഈശോ സ്വയം ''നല്ല ഇടയൻ'' (*ഹോ പൊയ്മേൻ ഹോ കലോസ്* എന്നു ഗ്രീക്ക് ഭാഷയിൽ) (യോഹ 10:11) ആയി ചിത്രീകരിക്കുന്നു. പരിപൂർണനും ആധികാരികതയുള്ളവനും മാതൃകാപുരുഷനുമായ ഒരു ഇടയനെയാണ് ഈ പ്രയോഗം സൂചിപ്പിക്കുന്നത്; അതായത്, തന്റെ അജഗണത്തിനുവേണ്ടി സ്വജീവൻ സമർപ്പിക്കാനും അങ്ങനെ ദൈവത്തിന്റെ സ്നേഹം വെളിപ്പെടുത്താനും തയ്യാറുള്ളവൻ. ഈ സൗന്ദര്യം തിരിച്ചറിയാൻ ശാരീരിക നേത്രങ്ങളോ ലാവണ്യശാസ്ത്ര സംവേദനശക്തിയോ മതിയാവില്ല; ഇതിന് അതീന്ദ്രിയ

ധ്യാനവും ആന്തരികതയും (contemplation and interiority) അത്യാവശ്യമാണ്. ഇടയന്റെ കടാക്ഷം സ്വാഗതംചെയ്യാനായി അൽപനേരം നിൽക്കുകയും ശ്രവിക്കുകയും പ്രാർഥിക്കുകയും ചെയ്യുന്ന ആളിനു മാത്രമേ ആത്മവിശ്വാസത്തോടെ ഇപ്രകാരം പറയാനാവൂ, ''ഞാൻ അവനിൽ ആശ്രയിക്കുന്നു; അവനോടൊപ്പമുള്ള എന്റെ ജീവിതം തികച്ചും സുന്ദരമായിരിക്കും. ആ സുന്ദരപാതയിലൂടെ സഞ്ചരിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.'' ഇതിൽ ഏറ്റവും അനിതരസാധാരണമായുള്ളത്, അവന്റെ ശിഷ്യനായിത്തീരുന്നയാൾ യഥാർഥത്തിൽ ''സുന്ദരനായി'' ഭവിക്കുന്നു എന്നതാണ്; അവന്റെ സൗന്ദര്യം നമ്മെ രൂപാന്തരപ്പെടുത്തുന്നു. പാവൽ ഫ്‌ലോറൻസ്കി എന്ന ദൈവശാസ്ത്രജ്ഞൻ എഴുതിയതുപോലെ, താപസചര്യ (asceticism) കേവലം ഒരു ''നല്ല''വ്യക്തിയെ ("good" person) മാത്രമല്ല ജനിപ്പിക്കുന്നത്; മറിച്ച്, ഒരു ''സുന്ദരനായവനെ'' ("beautiful" one) കൂടിയാണ് (1). യഥാർഥത്തിൽ, നന്മയ്ക്കുപരി, ഒരു വിശുദ്ധന്റെ സവിശേഷലക്ഷണം അവന്റെയോ അവളുടെയോ മിശിഹായിലുള്ള ജീവിതത്തിൽനിന്നു പ്രസരിക്കുന്ന തേജോമയമായ ആത്മീയ സൗന്ദര്യമാണ്. ഈ അർഥത്തിൽ, ക്രിസ്തീയ ദൈവവിളി പ്രകാശിതമാകുന്നത് ഈശോയുടെ ജീവിതത്തിലുള്ള പങ്കാളിത്തത്തിന്റെ ആഴത്തിനനുസരിച്ചാണ്; അതായത്, അവിടത്തെ ദൗത്യത്തിൽ പങ്കുചേരുകയും അങ്ങനെ അവിടത്തെ സൗന്ദര്യം പ്രതിഫലിപ്പിക്കുകയും ചെയ്യുകവഴി.

ജീവന്റെയും വിശ്വാസത്തിന്റെയും അർഥത്തിന്റെയും ഈ ആന്തരിക അനുഭവം വിശുദ്ധ അഗസ്റ്റിനും ഉണ്ടായിരുന്നു. അദ്ദേഹം തന്റെ ആത്മകഥയുടെ (Confessions) മൂന്നാം പുസ്തകത്തിൽ യൗവനത്തിലെ പാപങ്ങളെയും തെറ്റുകളെയും അംഗീകരിച്ചുകൊണ്ട്, ദൈവം ''തന്റെ പുറമേയുള്ള ആന്തരികതയ്ക്കുമുപരി ഏറ്റവും അഗാധതലത്തിൽ'' ("more inward than my most inward part") സന്നിഹിതനായിരുന്നു എന്ന് ഏറ്റുപറയുന്നു (2). സ്വയം അറിഞ്ഞതിലുപരി അഗസ്റ്റിൻ ഇരുളിലൂടെ തന്നെ നയിച്ച ദൈവികവെളിച്ചത്തെ കണ്ടെത്തുന്നു. തന്റെ ആത്മാവിന്റെ അന്തരാളങ്ങളിൽ ദൈവിക സാന്നിധ്യം തിരിച്ചറിഞ്ഞ അഗസ്റ്റിൻ ആന്തരികജീവിതത്തെ പരിപോഷിപ്പിക്കുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കി; അവിടെയാണ് മിശിഹായെ കണ്ടുമുട്ടുന്ന ഇടം; ആ കണ്ടുമുട്ടലാണ് നമ്മുടെ ജീവിതങ്ങളിൽ ദൈവത്തിന്റെ സൗന്ദര്യവും നന്മയും അനുഭവിക്കാനുള്ള മാർഗവും.

അപ്രകാരമുള്ള ഒരു ബന്ധം അടിസ്ഥാനപ്പെടുത്തിയിരിക്കുന്നത് പ്രാർഥനയിലും നിശബ്ദതയിലുമാണ്. അവ പരിപോഷിപ്പിക്കപ്പെടുമ്പോൾ ദൈവവിളി എന്ന ദാനം സ്വീകരിക്കാനും അതിനോടു ക്രിയാ

ത്മകമായി പ്രത്യുത്തരിക്കാനും നാം പ്രാപ്തരാക്കപ്പെടുന്നു. അതു നമ്മുടെമേൽ ഒരിക്കലും അടിച്ചേൽപ്പിക്കപ്പെടുന്ന ഒന്നല്ല; മാത്രമല്ല, അത് എല്ലാവരും നിർബന്ധപൂർവം അനുരൂപപ്പെടേണ്ട ഏക മാതൃകയല്ലതാനും; മറിച്ച്, അത് സ്നേഹത്തിന്റെയും സന്തോഷത്തിന്റെയും ഒരു സാഹസമാണ്. അതിനാൽ, ആന്തരിക ജീവിതത്തെ പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി, നാം നമ്മുടെ ദൈവവിളി പ്രോത്സാഹനശുശ്രൂഷ അടിയന്തരമായി പുനരാരംഭിക്കണം; അങ്ങനെ നമ്മുടെ സുവിശേഷവൽകരണത്തിനുള്ള പ്രതിജ്ഞാബദ്ധതയും നാം നവീകരിക്കണം.

ഇതിന്റെ വെളിച്ചത്തിൽ, ഞാൻ കുടുംബങ്ങളിലും ഇടവകകളിലും സന്ന്യാസസമൂഹങ്ങളിലുമുള്ള ഓരോരുത്തരെയും മെത്രാന്മാരെയും വൈദികരെയും ഡീക്കന്മാരെയും മതാധ്യാപകരെയും അധ്യാപകരെയും സമസ്ത വിശ്വാസികളെയും ഇതിനായി ക്ഷണിക്കുന്നു; അതായത്, ഈ ദാനം സ്വീകരിക്കാനും പരിപോഷിപ്പിക്കാനും ഇതിനെ സംരക്ഷിക്കാനും അനുഗമനം ചെയ്യാനും അങ്ങനെ സമൃദ്ധമായ ഫലം ലഭിക്കാനും ഇടവരുത്തത്തക്കരീതി ഉണ്ടാകാനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കാനുമായി കൂടുതൽ പ്രതിജ്ഞാബദ്ധരാകാൻ. നമ്മുടെ സാഹചര്യങ്ങൾ സജീവ വിശ്വാസത്താൽ പ്രകാശിതമാവുകയും നിരന്തരമുള്ള പ്രാർഥനയാൽ പിന്താങ്ങപ്പെടുകയും സഹോദരതുല്യമായ അനുഗമനത്താൽ സമ്പന്നമാക്കപ്പെടുകയും ചെയ്യുമ്പോഴാണു ദൈവത്തിന്റെ വിളി പുഷ്പിക്കപ്പെടാനും പാകപ്പെടാനും ഇടവരുന്നത്; അങ്ങനെ അതു വ്യക്തികൾക്കും ലോകത്തിനും ആനന്ദത്തിന്റെയും രക്ഷയുടെയും പാതയായി പരിണമിക്കും. നല്ല ഇടയനായ ഈശോ ചൂണ്ടിക്കാണിച്ചുതരുന്ന പാതയിലൂടെ സഞ്ചരിക്കുന്നതുവഴിയായി നമുക്കു നമ്മെത്തന്നെയും നമ്മെ വിളിക്കുന്ന ദൈവത്തെയും ആഴത്തിൽ അറിയാൻ സാധിക്കും.

## പരസ്പരം അറിയുന്നത്

''ജീവന്റെ നാഥനായ കർത്താവു നമ്മെ അറിയുകയും തന്റെ സ്നേഹപൂർവകമായ കടാക്ഷംകൊണ്ടു നമ്മുടെ ഹൃദയങ്ങളെ ദീപ്തമാക്കുകയും ചെയ്യുന്നു''(3). യഥാർത്ഥത്തിൽ, സ്നേഹമായിരിക്കുന്ന ദൈവത്തെ (1 യോഹ 4:16 കാണുക) അറിയുകയും അനുഭവിക്കുകയും ചെയ്യുന്നതു വഴിയാണ് ഓരോ ദൈവവിളിയും ഉദ്ഭവിക്കുന്നതു. അവിടത്തേക്കു നമ്മെ ആഴത്തിൽ അറിയാം; നമ്മുടെ തലമുടിയുടെ എണ്ണംപോലും അവിടന്ന് എടുത്തിട്ടുണ്ട് (മത്താ 10:30); അതോടൊപ്പം ഓരോ വ്യക്തിയും പിന്തുടരേണ്ട തനതായ വിശുദ്ധിയുടെയും ശുശ്രൂഷയുടെയും പാതയും അവിടന്നു നിർണയിച്ചുവച്ചിട്ടുണ്ട്. എന്നാൽ, ഈ അറിവ് എപ്പോഴും അന്യോന്യമായിരിക്കും. പ്രാർഥന, വചനശ്രവണം, കൂദാശ

കൾ, സഭാജീവിതം, നമ്മുടെ സഹോദരീസഹോദരന്മാർക്കുവേണ്ടിയുള്ള ഉപവിപ്രവർത്തനങ്ങൾ എന്നിവ വഴിയായി ദൈവത്തെ അറിയാനും നാം ക്ഷണിക്കപ്പെട്ടിരിക്കുന്നു. അപ്രതീക്ഷിതമായി രാത്രിയിൽ കർത്താവിന്റെ സ്വരം കേൾക്കുകയും ഏലിയുടെ സഹായത്തോടെ അതു തിരിച്ചറിയുകയും ചെയ്ത ബാലനായ സാമുവലിനെപ്പോലെ (1 സാമു 3:1-10 കാണുക) നാമും ആന്തരിക നിശബ്ദതയ്ക്കായി ഒരു സ്ഥലം സജ്ജമാക്കണം; അതുവഴിയായി, നമ്മുടെ സന്തോഷത്തിനായി കർത്താവ് ആഗ്രഹിക്കുന്നത് നമുക്കു കേൾക്കാനാകും. ഇതു വളരെ ഉയർന്ന ആശയങ്ങൾ സ്വരൂപിക്കാനോ വിദഗ്ധ അറിവ് (scholarly learning) നേടാനോ അല്ല; മറിച്ചു, നമ്മുടെ ജീവിതത്തെ രൂപാന്തരപ്പെടുത്തുന്ന വ്യക്തിപരമായ കണ്ടുമുട്ടലിനുവേണ്ടിയാണ്(4). ദൈവം നമ്മുടെ ഹൃദയത്തിൽ വസിക്കുന്നു. നമ്മെ വിളിക്കുകയും പ്രത്യുത്തരിക്കാനായി ക്ഷണിക്കുകയും ചെയ്യുന്ന ദൈവവുമായി ഗാഢമായ സംഭാഷണത്തിൽ ഏർപ്പെടാനുള്ളതാണ് ഒരു ദൈവവിളി; ബധിരത സൃഷ്ടിക്കുന്നതരത്തിലുള്ള ലോകത്തിന്റെ ശബ്ദകോലാഹലത്തിനിടയിൽ യഥാർഥ സന്തോഷത്തോടും ഔദാര്യത്തോടും പ്രത്യുത്തരിക്കാനുള്ള ക്ഷണമാണത്.

*Noli foras ire, in te ipsum redi, in interior homine habitat veritas* - ‘‘നീ നിന്നിൽനിന്നു പുറത്തുപോകരുതു; നിന്നിലേക്കു നീ തിരിയെവരുക. ആന്തരിക മനുഷ്യനിലാണു സത്യം കുടികൊള്ളുന്നത്’’(5). അൽപനേരം നിൽക്കുകയും ആന്തരിക നിശബ്ദതയ്ക്കുവേണ്ടി സ്ഥലം ഒരുക്കുകയും ചെയ്യേണ്ടത് എത്രമാത്രം പ്രധാനപ്പെട്ടതാണെന്ന് വീണ്ടും വിശുദ്ധ അഗസ്റ്റിൻ നമ്മെ ഓർമ്മപ്പെടുത്തുന്നു; അങ്ങനെയാണ് ഈശോമിശിഹായുടെ ശബ്ദം ശ്രവിക്കാൻ നാം പ്രാപ്തരാകുന്നത്.

പ്രിയപ്പെട്ട യുവജനമേ, ഈ ശബ്ദം കേൾക്കുവിൻ. പൂർണവും ഫലപ്രദവുമായ ഒരു ജീവിതത്തിനായി നിങ്ങളെ ക്ഷണിക്കുന്ന കർത്താവിന്റെ സ്വരം ശ്രവിക്കുവിൻ; നിങ്ങളുടെ കഴിവുകൾ ഉപയോഗപ്പെടുത്താനാണ് അവിടന്നു വിളിക്കുന്നത് (മത്താ 25:14-30), അതോടൊപ്പം നിങ്ങളുടെ പരിമിതികളും ബലഹീനതകളും മിശിഹായുടെ മഹത്ത്വപൂർണമായ കുരിശിനോടു ചേർത്തുവയ്ക്കാനും. അതിനാൽ, ദിവ്യകാരുണ്യ ആരാധനയ്ക്കു സമയം കണ്ടെത്തുക; വിശ്വസ്തതയോടെ ദൈവവചനം ധ്യാനിക്കുക, അങ്ങനെ ഓരോ ദിവസവും അതു പ്രാവർത്തികമാക്കാൻ ഇടവരട്ടെ. അതോടൊപ്പം സഭയുടെ കൗദാശികവും സഭാത്മകവുമായ ജീവിതത്തിൽ സജീവവും പൂർണവുമായ വിധത്തിൽ പങ്കുചേരുക. ഈ രീതിയിൽ, നിങ്ങൾ കർത്താവിനെ അറിയുന്നവരായി ഭവിക്കും.

അവിടത്തെ സൗഹൃദത്തിന്റെ അഗാധതയിൽ നിങ്ങൾക്ക് എങ്ങനെ നിങ്ങളെത്തന്നെ നൽകാൻ കഴിയും എന്നതു തിരിച്ചറിയാൻ സാധിക്കും; അതു വിവാഹമോ വൈദികശുശ്രൂഷയോ സ്ഥിരമായുള്ള ഡീക്കൻ ശുശ്രൂഷയോ സമർപ്പിതജീവിതമോ ആകാം. ഓരോ ദൈവവിളിയും സഭ യ്ക്കും അതു സന്തോഷപൂർവ്വം സ്വീകരിക്കുന്ന ആളിനും നൽകുന്നത് അളക്കാനാവാത്ത ദാനമാണ്. കർത്താവിനെ അറിയുക എന്നു പറഞ്ഞാൽ എല്ലാറ്റിനുമുപരി അവിടത്തെ കരങ്ങളിലും പരിപാലനയിലും സ്വയം ഭരമേല്പ്പിക്കുക എന്നതത്രേ; അവിടത്തെ പരിപാലന ഓരോ ദൈവ വിളിയിലും അതിസമൃദ്ധമായുണ്ട്.

## വിശ്വാസം അർപ്പിക്കുന്നത് (Trust)

അറിവ് ആത്മവിശ്വാസത്തിലേക്കു നയിക്കുന്നു; അതായത്, വിശ്വാസ ത്തിൽനിന്ന് ഉതിരുന്ന മനോഭാവം; അത് ഒരാളുടെ ദൈവവിളി സ്വാഗതം ചെയ്യുന്നതിനും അതിൽ നിലനിൽക്കുന്നതിനും അത്യാവശ്യമായി വേണ്ടതാണ്. അപ്പോൾ ജീവിതം എന്നതു കർത്താവിൽ നിരന്തരമായി അർപ്പിക്കുന്ന ആശ്രയബോധമായും നമ്മെത്തന്നെ അവിടത്തെ കരങ്ങ ളിൽ ഉപേക്ഷിക്കുന്ന ഒന്നായും വെളിപ്പെടുത്തപ്പെടും; അതു പലപ്പോഴും അവിടത്തെ പദ്ധതികൾ നമ്മുടേതിനെ തകിടംമറിക്കുന്നത് ആയാൽ പ്പോലും.

വിശുദ്ധ യൗസേപ്പിന്റെ കാര്യംതന്നെ നമുക്കു പരിഗണിക്കാം. കന്യക മറിയത്തിന്റെ ദുർഗ്രഹവും അപ്രതീക്ഷിതവുമായ ഗർഭധാരണത്തിന്റെ സാഹചര്യത്തിൽപ്പോലും അദ്ദേഹം തനിക്കു സ്വപ്നത്തിൽ ലഭിച്ച ദൈവികസന്ദേശം വിശ്വസിക്കാനും അനുസരണമുള്ള ഒരു ഹൃദയ ത്തോടെ മറിയത്തെയും കുഞ്ഞിനെയും സ്വീകരിക്കാനും തയ്യാറായി (മത്താ 1:18–25; 2:13–15). ദൈവത്തിന്റെ പദ്ധതികളിൽ സമ്പൂർണമായി പ്രത്യാശയർപ്പിച്ചതിന്റെ ഉത്തമമാതൃകയാണു നസ്രത്തിലെ യൗസേപ്പ്. തനിക്കു ചുറ്റുമുള്ളതെല്ലാം ഇരുളിലും അനിശ്ചിതത്വത്തിലും ആയിരി ക്കുകയും തന്റെതന്നെ പദ്ധതികളിൽനിന്നു വ്യത്യസ്തമായിരിക്കുന്നു എന്നു കാണുകയും ചെയ്തിട്ടും അവൻ ദൈവത്തിൽ പ്രത്യാശയർ പ്പിച്ചു. കർത്താവിന്റെ നന്മയിലും വിശ്വസ്തതയിലും ഉറച്ചു വിശ്വസി ച്ചുകൊണ്ട്, അവൻ ദൈവത്തിൽ പ്രത്യാശയർപ്പിക്കുകയും ദൈവകര ങ്ങളിൽ സ്വയം ഉപേക്ഷിക്കുകയും ചെയ്തു. ''ഓരോ അവസരത്തിലും മംഗലവാർത്ത സമയത്തെ മറിയത്തെപ്പോലെയും ഗെത്സേമിൻ തോട്ട ത്തിലെ ഈശോയെപ്പോലെയും ''അതുപോലെ ആകട്ടെ'' *(fiat)* എന്നു യൗസേപ്പ് ഉദ്ഘോഷിച്ചു(6).

''പ്രത്യാശയുടെ ജൂബിലി'' നമ്മെ അനുസ്മരിപ്പിച്ചതുപോലെ, ദൈവത്തിന്റെ വാഗ്ദാനങ്ങളിൽ, നിരാശയ്ക്കു വഴികൊടുക്കാതെ, ദൃഢവും നിലനിൽക്കുന്നതുമായ പ്രത്യാശ അർപ്പിക്കുക എന്നത് അനിവാര്യമാണ്. ഭയവും സന്ദേഹവും നാം മറികടക്കണം; കാരണം, ചരിത്രത്തിന്റെ നാഥൻ, ലോകത്തിന്റെയും നമ്മുടെ വ്യക്തിപരമായ ചരിത്രത്തിന്റെയും നാഥൻ, ഉയിർത്തെഴുന്നേറ്റിരിക്കുന്നു. നമ്മുടെ ഏറ്റവും ഇരുണ്ട മണിക്കൂറുകളിൽ അവൻ നമ്മെ ഉപേക്ഷിക്കുകയില്ല; മറിച്ച്, തന്റെ പ്രകാശംവഴി എല്ലാ നിഴലുകളെയും അകറ്റുന്നു. പരീക്ഷകളുടെയും പ്രതിസന്ധികളുടെയും മധ്യേപോലും തന്റെ ആത്മാവിന്റെ പ്രകാശത്താലും ശക്തിയാലും നമ്മുടെ വിളി വളരുന്നതും പാകപ്പെടുന്നതും നമുക്കു കാണാനാകും; അതു വർധിതമാംവിധം നമ്മെ വിളിച്ചവന്റെ സൗന്ദര്യം കൂടുതൽ പ്രതിഫലിപ്പിക്കുന്ന തരത്തിലായിരിക്കും; അതു നമ്മുടെ മുറിവുകൾക്കും പരാജയങ്ങൾക്കുമുപരി വിശ്വസ്തതയും പ്രത്യാശയർപ്പണവുംവഴിയായി രൂപപ്പെട്ടിട്ടുള്ള സൗന്ദര്യമായിരിക്കും.

## പാകപ്പെടൽ (Maturation)

ദൈവവിളി എന്നത് ഒരിടത്ത് ഉറച്ചുനിൽക്കുന്ന ഒരു യാഥാർഥ്യമല്ല; മറിച്ച്, അതു പാകപ്പെടലിന്റേതായ ഒരു ചലനാത്മകപ്രക്രിയയാണ്; അതു നമ്മുടെ കർത്താവുമായുള്ള ഗാഢബന്ധത്താൽ പരിപോഷിതമാണ്. ഒരാളുടെ ദൈവവിളിയിൽ വളരുക എന്നു പറഞ്ഞാൽ നമ്മുടെ ഹൃദയത്തിലും ജീവിതത്തിന്റെ സാഹചര്യങ്ങളിലും പരിശുദ്ധാത്മാവിനെ പ്രവർത്തിക്കാൻ അനുവദിച്ചുകൊണ്ട് ഈശോയോടൊപ്പം ആയിരിക്കുക എന്നതാണ്. അപ്പോൾ എല്ലാ കാര്യങ്ങളും ഈ ദാനത്തിന്റെ അടിസ്ഥാനത്തിൽ പുനർവ്യാഖ്യാനിക്കപ്പെടും.

മുന്തിരിച്ചെടിയും ശാഖകളും എന്നതുപോലെ (യോഹ 15:1–8 കാണുക) നമ്മുടെ ജീവിതമാകമാനം ശക്തവും സജീവവുമായ ബന്ധത്താൽ കർത്താവിൽ രൂഢമൂലമായിരിക്കണം; അങ്ങനെ നാം, നമ്മുടെ പരീക്ഷണങ്ങളും ആവശ്യംവേണ്ട ''വെട്ടിയൊരുക്കലും'' (pruning) വഴിയായിത്തന്നെ, പൂർണഹൃദയത്തോടെ അവിടത്തെ വിളിയോടു പ്രത്യുത്തരിക്കാൻ പ്രാപ്തരായിത്തീരും. അങ്ങനെയാകുമ്പോൾ, നമ്മുടെ ജീവിതത്തിലുടനീളം നാം പണിതുയർത്തുന്ന ആധികാരികമായ സാഹോദര്യത്തിന്റെ ചങ്ങലകളായിരിക്കും പലപ്പോഴും ദൈവഹിതത്തിന്റെ പ്രകാശനത്തിന്റെ ''ഇടങ്ങളും'' അവിടത്തെ അനന്തമായ സ്നേഹം നാം അനുഭവിക്കുന്ന വേദികളുമായി ഭവിക്കുന്നത്. നമ്മുടെ ദൈവവിളി കണ്ടെത്തുന്നതിലും അതിൽ വളരുന്നതിലും നമ്മെ അനുഗമനം ചെയ്യുന്ന ഒരു യഥാർഥ ആധ്യാത്മിക നിയന്താവ് ഉണ്ടായിരിക്കുക


എന്നത് എത്രമാത്രം അനർഘമായ ഒരു കാര്യമാണ്! പരിശുദ്ധാത്മാവിന്റെ പ്രചോദനങ്ങൾ വിവേചിച്ചറിയുകയും പരിശോധിക്കുകയും ചെയ്യുന്നത് എത്രമാത്രം പ്രധാനപ്പെട്ടതാണ്! അങ്ങനെയാണ് ഒരു ദൈവവിളി അതിന്റെ പൂർണസൗന്ദര്യത്തിൽ ഫലദായികത്വത്തിലേക്ക് എത്തിച്ചേരുന്നത്.

ആകയാൽ, ഒരു ദൈവവിളി എന്നു പറയുന്നതു പെട്ടെന്നങ്ങു സ്വന്തമാക്കാൻ കഴിയുന്ന ഒന്നല്ല; അതായത്, ഒരിക്കൽ നൽകപ്പെട്ടു പൂർത്തിയാക്കപ്പെട്ട ഒന്നല്ല; ഒരിക്കൽ മാത്രമായി തന്നുതീർത്ത ഒന്നല്ല ("given" once and for all-). മറിച്ച്, ജീവിതംപോലെതന്നെ അതു സാധാരണയായി തുറന്നുവരുന്ന ഒരു പാതയാണ്. നമുക്കു ലഭിച്ച ദാനം സംരക്ഷിക്കപ്പെടേണ്ടതു മാത്രമല്ല; മറിച്ച്, ദൈവവുമായുള്ള ദൈനംദിന ബന്ധത്തിലൂടെ പരിപോഷിപ്പിക്കപ്പെടേണ്ടതുമാണ്; അങ്ങനെയാണതു വളരുകയും ഫലം പുറപ്പെടുവിക്കുകയും ചെയ്യുന്നത്. ''ഇതു സഹായകമാണ്; കാരണം, നമ്മെ സ്നേഹിക്കുന്ന ദൈവമായുള്ള ബന്ധത്തിൽ നമ്മുടെ ജീവൻ മുഴുവനെയും ഇതു പ്രതിഷ്ഠിക്കുന്നു. ഒരു കാര്യവും കേവലം അവിചാരിതമായി സംഭവിക്കുന്നതിന്റെ അനന്തരഫലമല്ലെന്ന് ഇതു നമ്മെ ബോധ്യപ്പെടുത്തുന്നു. നേരെമറിച്ച്, നമ്മുടെ ജീവിതത്തിലെ എല്ലാ കാര്യങ്ങളും ദൈവത്തോടു പ്രത്യുത്തരിക്കുന്നതിന്റെ ഭാഗമാണെന്ന് നമുക്കു മനസ്സിലാക്കിത്തരുന്നു; കാരണം കർത്താവിനു നമ്മെക്കുറിച്ചു വിസ്മയകരമായ ഒരു പദ്ധതിയുണ്ട്''(7).

പ്രിയ സഹോദരീസഹോദരന്മാരേ, പ്രിയ യുവജനങ്ങളേ, ദൈനംദിനമുള്ള പ്രാർഥനയും ദൈവവചന ധ്യാനവും വഴിയായി ദൈവവുമായുള്ള വ്യക്തിപരമായ ഒരു ബന്ധം സ്ഥാപിക്കാൻ ഞാൻ നിങ്ങളോട് ആഹ്വാനം ചെയ്യുന്നു. അൽപ്പംനിന്ന്, ശ്രവിച്ച്, നിങ്ങളെത്തന്നെ അവിടത്തെ കരങ്ങളിൽ ഭരമേല്പിക്കുവിൻ. ഈ രീതിയിൽ നിങ്ങളുടെ ദൈവവിളി പാകപ്പെടും; അതു നിങ്ങൾക്കു സന്തോഷം പകരുകയും സഭയ്ക്കും ലോകത്തിനും സമൃദ്ധമായ ഫലം നൽകുകയും ചെയ്യും.

ദൈവിക ദാനത്തിന്റെ ആന്തരികമായ സ്വീകരണത്തിന്റെ മാതൃകയും പ്രാർഥനാപൂർവം ശ്രവിക്കുന്നതിൽ വിദഗ്ദ്ധയുമായ കന്യക മറിയം നിങ്ങളുടെ ഈ പ്രയാണത്തിൽ നിങ്ങളെ എപ്പോഴും അനുഗമനം ചെയ്യട്ടെ!

*വത്തിക്കാനിൽനിന്ന് 2026 മാർച്ച് 16–ാം തീയതി നൽകിയത്.*



**ലെയോ പതിനാലാമൻ പാപ്പാ**

[1] ”Asceticism produces not a ‘good’ or ‘kind’ man but a beautiful one, and the distinguishing feature of the saintly ascetics is not their ‘kindness,’ which even people of the flesh, and very sinful ones, can possess, but spiritual beauty, the blinding beauty of a radiant, light-bearing person, a beauty wholly inaccessible to the man of flesh” (P. Florenskij, *The Pillar and Ground of the Truth*, Princeton 1997, 72).

[2] Saint Augustine, Confessions, III, 6, 11: CSEL 33, 53.

[3] Apostolic Letter *A Fidelity that Generates the Future* (8 December 2025), 5.

[4] cf. Benedict XVI, Encyclical Letter *Deus Caritas Es*t (25 December 2005), 1.

[5] Saint Augustine, *On True Religion*, XXXIX, 72: CCSL 32, 234.

[6] Francis, Apostolic Letter *Patris Corde* (8 December 2020), 3.

[7] Francis, Post-synodal Apostolic Exhortation *Christus Vivit* (25 March 2019), 248.

പരിഭാഷ: ഡോ. ജേക്കബ് പ്രസാദ്

കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യാലയം
പി.ഒ.സി., കൊച്ചി - 682 025

## സർക്കുലർ

26 Ch. TCL 24

# CARP-ASPIRE പരിശീലന പദ്ധതി

ഈശോയിൽ പ്രിയ ബഹു. വൈദികരേ, സന്യസ്തരേ, മാതാപിതാക്കളേ, യുവതീയുവാക്കളേ, കുട്ടികളേ,

*കർത്താവ് അരുളിച്ചെയ്യുന്നു: നിങ്ങളെക്കുറിച്ചുള്ള പദ്ധതി എന്റെ മനസ്സിലുണ്ട്. നിങ്ങൾക്കു ശുഭമായ ഭാവിയും പ്രത്യാശയും നൽകുന്ന പദ്ധതി (ജറെമിയാ 29:11).*

നമ്മുടെ കുട്ടികൾക്കു ജീവിതദർശനവും ലക്ഷ്യബോധവും ആത്മീയതയും പകർന്നു നൽകി അവരെ അനുധാവനം ചെയ്യുന്നതിനായി നമ്മുടെ അതിരൂപതയിൽ ആരംഭിക്കുന്ന 'CARP-ASPIRE' എന്ന പരിശീലന പദ്ധതി ആരംഭിക്കുകയാണ്.

ദൈവത്തിനു നമ്മെക്കുറിച്ച് ഒരു പദ്ധതിയുണ്ട്. നാം ജീവിതത്തിൽ ഏതുനിലയിൽ എത്തിച്ചേരണമെന്നും അതുവഴി സമൂഹത്തിന് എന്തൊക്കെ നന്മകൾ ചെയ്യണമെന്നും ദൈവത്തിന് ഒരു കണക്കുകൂട്ടലുണ്ട്. അതിനനുസൃതമായ കഴിവുകൾ, നൈപുണ്യങ്ങൾ, അഭിരുചികൾ തുടങ്ങിയവ നൽകിയാണ് ദൈവം നമ്മെ സൃഷ്ടിച്ചിരിക്കുന്നത്.

പല കുട്ടികളോടും യുവജനങ്ങളോടും അവരുടെ ഭാവിയെക്കുറിച്ചും കരിയറിനെക്കുറിച്ചും ചോദിക്കുമ്പോൾ കൃത്യമായ ഉത്തരമൊന്നും ലഭിക്കാറില്ല. കൂട്ടുകാർ പോകുന്ന കോഴ്സിനു ചേരുക, മാതാപിതാക്കൾ നിർബന്ധിക്കുന്ന കോഴ്സ് പഠിക്കുക എന്നതിനപ്പുറം പലർക്കും കാര്യമായ ലക്ഷ്യബോധമൊന്നുമില്ല. വിദേശഭ്രമവും വളരെ കൂടുതലാണ്. കരിയറുകളുടെ അനന്തസാധ്യതകളെകുറിച്ച് അറിവുമില്ല. ഇതുമൂലം പലരും തങ്ങളുടെ കഴിവിനും അഭിരുചികൾക്കും ഇണങ്ങാത്ത തൊഴിൽമേഖലകൾ തെരഞ്ഞെടുക്കുകയും അംഗീകാരമില്ലാത്ത സ്ഥാപനങ്ങളിൽ ചേരുകയും സാധ്യതകൾ വിരളമായ കോഴ്സുകൾ പഠിക്കുകയും ചെയ്യുന്നു.

കുട്ടികളുടെ കഴിവുകളും അഭിരുചികളും ചെറുപ്രായത്തിൽതന്നെ കണ്ടെത്തി അവയെ വളർത്തുകയും അവയ്ക്ക് അനുയോജ്യമായ കരിയറുകൾ അവർക്കു പരിചയപ്പെടുത്തിക്കൊടുക്കുകയും ചെയ്തെങ്കിൽ മാത്രമേ അവർക്കു ജീവിതവിജയം കൈവരിക്കാൻ സാധിക്കുകയുള്ളൂ. ഇതിനായുള്ള ഒരു പുതിയ കാൽവയ്പ്പ് നമ്മുടെ അതിരൂപത

ആരംഭിക്കുകയാണ്. 'CARP- ASPIRE' (Accompanying Students and Parents for Integral Resilience Enhancement) എന്നാണ് ഈ പ്രോഗ്രാമിനു പേരിട്ടിരിക്കുന്നത്. കുട്ടികളുടെ കഴിവുകളും അഭിരുചികളും കണ്ടെത്തി അവർക്കു കരിയർ കൗൺസിലിംഗ് നൽകുക, അവരുടെ ആത്മീയവും മാനസികവും സന്മാർഗികവുമായ കാര്യങ്ങളിൽ ശ്രദ്ധിക്കുക എന്നീ ലക്ഷ്യങ്ങളോടെയുള്ള ഒരു സമഗ്ര അതിജീവനസഹായി എന്നനിലയിലാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. പ്രത്യേക പരിശീലനം നേടിയ ബഹു. സിസ്റ്റേഴ്സിനെയാണ് ഇതിനായി നിയോഗിക്കുന്നത്. ബഹു. സിസ്റ്റേഴ്സ് അവർക്കു നിശ്ചയിക്കപ്പെട്ടിരിക്കുന്ന കുട്ടികളെ മാസത്തിൽ ഒരു തവണയെങ്കിലും വിളിക്കുകയും സൗഹൃദ സംഭാഷണത്തിലൂടെ കാര്യങ്ങൾ മനസിലാക്കി അവരുടെ കഴിവുകളും അഭിരുചികളും കണ്ടെത്തി യോജിച്ച കരിയറുകൾ പറഞ്ഞു കൊടുക്കുകയും ചെയ്യും. കൂടാതെ അവരുടെ ആത്മീയ-സന്മാർഗിക ജീവിതത്തിനുവേണ്ട മാർഗനിർദേശങ്ങളും നൽകും. ഇത് എല്ലാ മാസവും ആവർത്തിക്കുകയും കുട്ടികളുടെ വളർച്ച പരിശോധിക്കുകയും ചെയ്യും.

ആദ്യഘട്ടമെന്ന നിലയിൽ നമ്മുടെ അതിരൂപതയിലെ അഞ്ഞൂറിൽ താഴെ കുടുംബങ്ങളുള്ള അമ്പത് ഇടവകകളിലെ ഏഴാംക്ലാസിലും പന്ത്രണ്ടാം ക്ലാസിലും ഈ വർഷം പ്രവേശനം ലഭിച്ച കുട്ടികളെ ഈ പദ്ധതിയിൽ ഉൾക്കൊള്ളിക്കാനാണ് ഉദ്ദേശിക്കുന്നത്. താല്പര്യമുള്ള ഇടവകകൾക്ക് അപേക്ഷിക്കാവുന്നതാണ്. ഇടവകയിൽ പദ്ധതി നടപ്പിലാക്കപ്പെടുന്നില്ലെങ്കിലും താൽപ്പര്യമുള്ളവർക്കു വ്യക്തിപരമായി ചേരാവുന്നതാണ്.

പുതുതലമുറയെ ദൈവത്തിനും മനുഷ്യർക്കും പ്രിയപ്പെട്ടവരായി വളർത്താനുതകുന്ന ഈ പദ്ധതി അനേകർക്കു ദൈവാനുഗ്രഹപ്രദമാകട്ടെ എന്നാശംസിക്കുന്നു.

സസ്നേഹം

+ [signature]

**✠ തോമസ് തറയിൽ**

ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്താ

---

**NB:** ***2026 മെയ് 03 ഞായറാഴ്ച*** പരിശുദ്ധ കുർബാനമധ്യേയുള്ള വചന പ്രഘോഷണത്തിനുശേഷം ഈ സർക്കുലർ വായിക്കേണ്ടതാണ്.

**സർക്കുലർ**

26 Ch. TCL 25

# ധന്യൻ മാർ തോമസ് കുര്യാളശ്ശേരിപ്പിതാവിന്റെ നൂറ്റിയൊന്നാം ചരമവാർഷികവും ദൈവദാസി ഷന്താളമ്മയുടെ 54–ാം ചരമവാർഷികവും


ചങ്ങനാശ്ശേരി വികാരിയാത്തിന്റെ മൂന്നാമത്തെ വികാരി അപ്പസ്തോലിക്കയും പ്രഥമ മെത്രാനുമായിരുന്ന ധന്യൻ മാർ തോമസ് കുര്യാളശ്ശേരിപ്പിതാവിന്റെ 101–ാം ചരമവാർഷികമാണ് 2026 ജൂൺ 2. 14 വർഷത്തെ ഇടയശുശ്രൂഷയിലൂടെ ചങ്ങനാശ്ശേരിയിലെ ദൈവജനത്തെ മാത്രമല്ല, നാനാജാതി മതസ്ഥരെയും ശക്തീകരിക്കുകയും വളർത്തുകയും ചെയ്ത ധന്യാത്മാവാണ് മാർ തോമസ് കുര്യാളശ്ശേരി. അഭി. പിതാവ് ക്രൈസ്തവസമുദായത്തിന്റെ കെട്ടുറപ്പിനും ഐക്യത്തിനും വളർച്ചയ്ക്കും വിദ്യാഭ്യാസസ്ഥാപനങ്ങളും ഭക്തസംഘടനകളും ക്രൈസ്തവപ്രസിദ്ധീകരണങ്ങളും സമുദായസമാജങ്ങളും ഏറെ ഉപകരിക്കുമെന്നു മനസ്സിലാക്കി കുട്ടികൾ മുതൽ യുവജനങ്ങൾക്കും സ്ത്രീകൾക്കും മുതിർന്നവർക്കും ഒക്കെ പ്രവർത്തിക്കാൻ സാധിക്കുന്ന സംഘടനകളും സമാജങ്ങളും ആരംഭിക്കുകയും അന്നു നിലവിലുണ്ടായിരുന്നവയെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. ഇന്നത്തെ KCSL, KCYM, AKCC തുടങ്ങിയ സംഘടനകളും മാർത്തോമാ ദാസസംഘം, കത്തോലിക്കാ തത്വസമാജം തുടങ്ങിയവയും SABS സന്യാസിനിസമൂഹവും ഇതിനുദാഹരണമായി നിലകൊള്ളുന്നു. വിദ്യാഭ്യാസത്തിന് ഒരു സമൂഹത്തെ രൂപപ്പെടുത്തുന്നതിൽ മുഖ്യപങ്കുവഹിക്കാനുണ്ടെന്നു മനസ്സിലാക്കിയ വന്ദ്യപിതാവു ധാരാളം സ്കൂളുകൾ ആരംഭിക്കുകയും എസ്.ബി. കോളേജ് സ്ഥാപിക്കാൻ മുൻകൈയെടുക്കുകയും ചെയ്തു. സമുദായത്തിന്റെ ശക്തി ക്ഷയിപ്പിക്കുന്ന പ്രവണതകളെ പ്രവാചകശബ്ദത്തോടെ അദ്ദേഹം എതിർത്തു. നീണ്ട 24 വർഷത്തെ ഇടയശുശ്രൂഷവഴി സഭാസമൂഹത്തെ സാമൂഹിക–സാമ്പത്തിക–വിദ്യാഭ്യാസ–ആത്മീയതലങ്ങളിൽ ശക്തിപ്പെടുത്തി നയിക്കാൻ പിതാവിനു സാധിച്ചു.

കുര്യാളശ്ശേരിപ്പിതാവിനോടൊപ്പം കേരളകത്തോലിക്കാസമുദായത്തെ പ്രത്യേകിച്ചും സ്ത്രീകളെ ശക്തീകരിക്കാനും വളർത്താനും ദിവ്യകാരുണ്യ ഈശോയുടെ ഉപാസകയായി സ്വയം സമർപ്പിച്ച് 70 വർഷ

ത്തോളം രാപ്പകൽ പ്രവർത്തിച്ച ധീരവനിതയായിരുന്നു ദൈവദാസി മദർ മേരി ഫ്രാൻസിസ്കാ ദെ ഷന്താൾ എന്ന ഷന്താളമ്മ. ആരാധനാ സന്യാസിനിസമൂഹത്തിന്റെ സ്ഥാപനത്തിൽ ധന്യൻ മാർ തോമസ് കുര്യാളശ്ശേരിപ്പിതാവിനോടൊപ്പം നിർണായക പങ്കുവഹിച്ച ഷന്താളമ്മ പരസ്നേഹപ്രവർത്തനങ്ങൾക്കു പ്രാധാന്യം കൊടുത്തുകൊണ്ടു കർത്താവിന്റെ സുവിശേഷത്തിനു സാക്ഷ്യം നൽകി. അമ്മയുടെ 54-ാം ചരമ വാർഷികം അതിരമ്പുഴപ്പള്ളിയിലും കബറിടം സ്ഥിതി ചെയ്യുന്ന മഠം ചാപ്പലിലും മെയ് 25-ാം തീയതി ആചരിക്കുന്ന വിവരം എല്ലാവരെയും അറിയിക്കുകയാണ്.

ചങ്ങനാശ്ശേരിയിൽ ജൂൺ രണ്ടിനും അതിരമ്പുഴയിൽ മെയ് 25നും നടത്തപ്പെടുന്ന തിരുക്കർമങ്ങളിൽ സംബന്ധിക്കാൻ ദൈവജനത്തെ പ്രോത്സാഹിപ്പിക്കണമെന്നു ബഹു. വികാരിയച്ചന്മാരെ ഓർമിപ്പിക്കുന്നു. എത്രയുംവേഗം കുര്യാളശ്ശേരിപ്പിതാവും ഷന്താളമ്മയും വിശുദ്ധരുടെ ഗണത്തിൽ ചേർക്കപ്പെടട്ടെ!

സസ്നേഹം



**✠ തോമസ് തറയിൽ**

ചങ്ങനാശ്ശേരി അതിരൂപതാ മെത്രാപ്പോലീത്താ

---

**NB:** ***2026 മെയ് 17 ഞായറാഴ്ച*** പരിശുദ്ധ കുർബാനമധ്യേയുള്ള വചന പ്രഘോഷണത്തിനുശേഷം ഈ സർക്കുലർ വായിക്കേണ്ടതാണ്.

No.4199/K-5/KCBC/OL/DS 16.04.2026

**കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ തൊഴിൽകാര്യ കമ്മീഷന്റെ**

# മെയ്ദിന സന്ദേശം – 2026

*''ഇവൻ മറിയത്തിന്റെ മകനും യാക്കോബ്, യോസെ, യൂദാസ്, ശിമയോൻ എന്നിവരുടെ സഹോദരനുമായ മരപ്പണിക്കാരനല്ലേ?''*
*(മർക്കോ. 6:3)*

മിശിഹായിൽ പ്രിയസഹോദരങ്ങളേ,

മെയ് ഒന്ന് അന്താരാഷ്ട്ര തൊഴിലാളിദിനമായി ലോകമെങ്ങും കൊണ്ടാടുന്നു. തൊഴിലാളിയുടെ അവകാശങ്ങളും തൊഴിലിന്റെ മാന്യതയും സംരക്ഷിച്ചു കിട്ടുന്നതിനായി തൊഴിലാളിസമൂഹം നടത്തിയ ധീരമായ പോരാട്ടങ്ങളുടെ ഓർമ്മപ്പെടുത്തലാണ് ഓരോ മെയ് ദിനവും. അതോടൊപ്പം തൊഴിലാളി മധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാൾ ആഘോഷിക്കുകയും ചെയ്യുന്ന അവസരമാണ്. എല്ലാ തൊഴിലാളികൾക്കും ഹൃദയംനിറഞ്ഞ തൊഴിലാളി ദിനാശംസകൾ നേരുന്നു.

കൃത്രിമബുദ്ധിയുടെ കാലഘട്ടത്തിൽ തൊഴിന്റെ മാന്യതയും തൊഴിലാളിയുടെ മഹത്വവും ചർച്ചയാക്കേണ്ടതുണ്ട്. നമ്മുടെ സമൂഹത്തിലും രാജ്യത്തിലും തൊഴിൽ മേഖല നേരിടുന്ന വെല്ലുവിളികളും അവസരങ്ങളും ആഴത്തിൽ ചിന്തിക്കാൻ ഇതു നമ്മെ സഹായിക്കും.

നസറത്തിലെ വിനീതനായ മരപ്പണിക്കാരനായ വിശുദ്ധ ജോസഫ്, ജോലി വെറും ഉപജീവനമാർഗമായല്ല; ദൈവത്തിന്റെ പദ്ധതിയിൽ ഉൾപ്പെട്ട വിശുദ്ധവിളിയായിട്ടാണു കണ്ടത്. ഈ മനോഭാവമാണ് ഓരോ തൊഴിലാളിക്കും ഉണ്ടാകേണ്ടത്. വിശുദ്ധ ബൈബിൾ പറയുന്നു: ''കർത്താവായ ദൈവം മനുഷ്യനെ സൃഷ്ടിച്ച് ഏദൻ തോട്ടത്തിൽ താമസിപ്പിച്ചു. അതിനെ കൃഷിചെയ്യുകയും കാത്തുസൂക്ഷിക്കുകയും ചെയ്യുവാൻ നിയോഗിച്ചു'' (ഉല്പത്തി 2:15). അതിനാൽ ജോലി മനുഷ്യന്റെ ജീവൻ നിലനിർത്താനുള്ള ഒരു മാർഗം മാത്രമല്ല; അത് ദൈവത്തിന്റെ സൃഷ്ടിപരമായ ദൗത്യത്തിൽ മനുഷ്യന് ലഭിച്ചിരിക്കുന്ന പങ്കാളിത്തം കൂടിയാണ്. അതിനാൽ അവകാശങ്ങളോടൊപ്പം കടമകളും ഉത്തരവാദിത്വങ്ങളും തങ്ങൾക്കുണ്ടെന്ന് ഓരോ തൊഴിലാളിയേയും ഓർമ്മപ്പെടുത്തുന്ന അവസരം കൂടിയാണ് തൊഴിലാളിദിനം.

തൊഴിൽ കമ്പോളത്തിൽ നിന്നും പരമാവധി ലാഭം കൊയ്യാനുള്ള ത്വരയിൽ ഇന്ന് തൊഴിലാളികളും ലാഭം കൊയ്യാനുള്ള ചൂഷണോപാധിയായി ചുരുക്കപ്പെട്ടുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ പരിശുദ്ധ ലിയോ പതി നാലാമൻ പാപ്പയുടെ പ്രബോധനം ഏറെ പ്രസക്തമാണ്. ‘‘ഏതൊരു ജോലി സാഹചര്യത്തിന്റെയും കേന്ദ്രബിന്ദു മൂലധനമോ, കമ്പോള നിയമങ്ങളോ, ലാഭമോ ആകരുത്; മറിച്ച് വ്യക്തിയും കുടുംബവും അവരുടെ ക്ഷേമവുമായിരിക്കണം. ബാക്കിയെല്ലാം ഇതിന് പിന്നിൽ രണ്ടാമതായി മാത്രമേ വരാവൂ’’ (ലിയോ പതിനാലാമൻ പാപ്പ 2025 ഡിസംബർ 18 ന് തൊഴിലാളി പ്രവർത്തകർക്ക് നല്കിയ സന്ദേശം).

ഇന്ത്യൻ സമ്പദ്വ്യവസ്ഥയുടെ അടിത്തറയാണ് അസംഘടിത തൊഴിലാളി സമൂഹം. കൃഷി, നിർമ്മാണം, മത്സ്യബന്ധനം, ഗൃഹപരി ചരണം, ചെറുകിട കച്ചവടം, സേവനം തുടങ്ങിയ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾ രാജ്യത്തിന്റെ വികസനത്തിന് നിർണാ യക സംഭാവന നൽകുന്നുണ്ട്. രാജ്യത്തിന്റെ തൊഴിൽ ശക്തിയിൽ 94 ശതമാനം വരുന്ന ഈ വിഭാഗം മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ (ജി ഡി പി) 65 ശതമാനം സംഭാവന നല്കുന്നു. എന്നാൽ അവരുടെ സേവനം മിക്കവാറും അദൃശ്യവും അവഗണിക്കപ്പെട്ടതുമായി മാറുന്നു. ജോലിസ്ഥിരത ഇല്ലായ്മ, സാമൂഹ്യസുരക്ഷ പദ്ധതികളുടെ അഭാവം, കുറഞ്ഞ വേതനം, വിലക്കയറ്റം, സുരക്ഷിതമല്ലാത്ത ജോലിസ്ഥലങ്ങൾ എന്നിവ അവരുടെ ജീവിതത്തെ ദുഷ്കരമാക്കുന്നു. ഇവയെ അതിജീവിക്കാനാവശ്യമായ നിയമങ്ങളും പദ്ധതികളും, സാമ്പത്തിക പിന്തുണയും സർക്കാരുകൾ ഉറപ്പാക്കേണ്ടതുണ്ട്.

സഹകരണ - സ്വയംസഹായസംഘങ്ങൾ ശക്തിപ്പെടുത്തുകയും നൈപുണ്യ പരിശീലനം നേടുകയും സാമൂഹ്യസുരക്ഷ പദ്ധതികൾ പ്ര യോജനപ്പെടുത്തുകയും സാമ്പത്തിക മുൻകരുതൽ ഉറപ്പാക്കുകയും ചെയ്യുകയെന്നത് തൊഴിലാളിയുടെ പ്രധാന ഉത്തരവാദിത്വമാണ്. രാജ്യത്ത് നിലവിൽ വന്നിരിക്കുന്ന പുതിയ തൊഴിൽ നിയമങ്ങൾ സംഘടിത മേഖലയെ ക്ഷീണിപ്പിക്കുന്നതും ജീവനക്കാരെ അസംഘടിത തൊഴിലാളികളായി മാറ്റുന്നതും അസംഘടിത മേഖലയെ പരിഗണിക്കാത്തതുമാണെന്ന ട്രേഡ് യൂണിയനുകളുടെ ആക്ഷേപം ശക്തമാണ്. അതിനാൽ അസംഘടിത തൊഴിലാളികളുടെ ഉന്നമനത്തിനും ക്ഷേമത്തിനും സാമൂഹിക സുരക്ഷ യ്ക്കും ഊന്നൽ നല്കുന്ന അഞ്ചാംതൊഴിൽ നിയമം നിർമ്മിച്ച് പ്രാബല്യ ത്തിൽ കൊണ്ടുവരണമെന്ന് ഈ അവസരത്തിൽ സർക്കാരിനു മുമ്പിൽ ആവശ്യമായി ഉന്നയിക്കുന്നു.

വിശുദ്ധ യാക്കോബ് ശ്ലീഹ നമുക്ക് മുന്നറിയിപ്പ് നൽകുന്നു: ‘‘നിങ്ങൾ കൊടുക്കാതെ പിടിച്ചുവച്ച തൊഴിലാളികളുടെ വേതനം നിങ്ങൾക്കെതിരെ

നിലവിളിക്കുന്നു'' (യാക്കോബ് 5:4).

ഇന്ന് ഈ നിലവിളികൾ ഇന്ത്യയിലെ അസംഘടിത തൊഴിലാളികളുടെയും കുടിയേറ്റ തൊഴിലാളികളുടെയും യുവജനങ്ങളുടെയും ജീവിതത്തിൽ നിഷേധിക്കപ്പെടുന്ന അവകാശങ്ങൾക്കു വേണ്ടിയുള്ള നിലവിളികളുമാണ്.

സാങ്കേതിക പുരോഗതിയും കൃത്രിമ ബുദ്ധിയും തൊഴിൽ ലോകത്തെ മാറ്റിമറിക്കുന്ന ഈ കാലഘട്ടത്തിൽ, മനുഷ്യനെ വെറും ഒരു 'സ്രോതസ്സായും ഉപാധിയായും' മാത്രം കാണുന്ന സമീപനം ഒഴിവാക്കേണ്ടത് അനിവാര്യമാണ്. സാങ്കേതിക വിദ്യ മനുഷ്യനെ സേവിക്കാനും സഹായിക്കാനുമുള്ളതാണ്, മനുഷ്യനെ മാറ്റി സ്ഥാപിക്കാനുള്ളതല്ല. ദാരിദ്ര്യം, കാർഷിക പ്രതിസന്ധി, തൊഴിൽ അവസരങ്ങളുടെ കുറവ്, തൊഴിൽ സുരക്ഷിതത്വമില്ലായ്മ തുടങ്ങിയ കാരണങ്ങളാൽ ലക്ഷക്കണക്കിന് തൊഴിലാളികൾ പ്രത്യേകിച്ചും യുവജനങ്ങൾ ഗ്രാമങ്ങളിൽനിന്ന് നഗരങ്ങളിലേക്കും വിദേശ രാജ്യങ്ങളിലേക്കും കുടിയേറുന്നു. പലപ്പോഴും ഈ കുടിയേറ്റം അവരെ ചൂഷണത്തിനും സുരക്ഷിതമല്ലാത്ത താമസത്തിനും കുടുംബ വേർപാടിനും വിധേയരാക്കുന്നു. രാജ്യത്തിന്റെ മനുഷ്യവിഭവശേഷിയാണ് ഇതിലൂടെ നഷ്ടമാകുന്നത്. തിരുവചനം അന്യരെ സ്വീകരിക്കാനും ദുർബലരെ സംരക്ഷിക്കാനും നമ്മെ വിളിക്കുന്നു. ''നിങ്ങൾ പരദേശികളെ പീഡിപ്പിക്കരുത്; നിങ്ങൾ ഈജിപ്തിൽ പരദേശികളായിരുന്നുവല്ലോ'' (പുറപ്പാട് 23:9).

കുടിയേറ്റക്കാരെ ഭാരമായി കാണാതെ സഹോദരങ്ങളായി സ്വീകരിക്കണമെന്ന് ഫ്രാൻസിസ് പാപ്പ നമ്മെ നിരന്തരം ഓർമ്മിപ്പിക്കുന്നു. തൊഴിലാളികളുടെ ശക്തീകരണത്തിൽ തിരുസ്സഭയ്ക്ക് നിർണായക പങ്കുണ്ട്. കെ.സി.ബി.സി. ലേബർ കമ്മീഷൻ നേതൃത്വം നല്കുന്ന കേരള ലേബർ മൂവ്മെന്റ് അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിലൂടെ തൊഴിലാളിനേതൃത്വം വളർത്തുന്നതിലും പെൻഷൻ, ഇൻഷുറൻസ് തുടങ്ങിയവയിലൂടെ സാമൂഹ്യസുരക്ഷ ഉറപ്പാക്കുന്നതിനുമായി നിലകൊള്ളുന്നു. ഇതിനായി തൊഴിലാളി ഫോറങ്ങൾ രൂപീകരിച്ച് പ്രവർത്തിക്കുന്നു. നിർമ്മാണം, തയ്യൽ, ചെറുകിട കർഷകർ, മോട്ടോർ, കർഷക തൊഴിലാളി, മത്സ്യ തൊഴിലാളി, ഗാർഹീക തൊഴിലാളി, പീടിക തൊഴിലാളികൾ തുടങ്ങിയ മേഖലകളിലാണ് ഫോറങ്ങൾ രൂപീകരിച്ചിട്ടുള്ളത്. ഇവയെ പ്രയോജനപ്പെടുത്താൻ ഓരോ തൊഴിലാളിയേയും പ്രചോദിപ്പിക്കുക എല്ലാവരുടെയും കടമയാണ്.

യുവജനങ്ങൾക്കും സ്ത്രീകൾക്കും സംരംഭകത്വത്തിനും തൊഴിൽ അവസരങ്ങൾക്കും വേദി ഒരുക്കുന്ന പ്രവർത്തനങ്ങളും കെ.എൽ.എം. ഏറ്റെടുത്ത് നടപ്പിലാക്കുന്നുണ്ട്. ഇത്തരത്തിൽ സമൂഹത്തിലെ പാർശ്വവല്കൃത വിഭാഗങ്ങൾക്ക് പ്രത്യാശയും ശക്തിയും കെ.എൽ.എം. പകർന്ന്

നൽകുന്നു. കത്തോലിക്കാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ കാര്യവും പ്രാധാന്യമുള്ളതാണ്. തൊഴിലാളികൾക്ക് നീതിയുക്തമായ വേതനവും സാമൂഹ്യസുരക്ഷയും മാന്യമായ പരിഗണനയും ലഭിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടത് നമ്മുടെ ബാധ്യതയാണ്. തൊഴിൽ നിയമങ്ങൾ കർശനമായി പാലിക്കുകയും ചെയ്യണം. സി.ബി.സി.ഐ. ലേബർ ഓഫീസും കെ.സി.ബി.സി. ലേബർ കമ്മിഷനും ഇതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ മുമ്പേ നൽകിയിട്ടുണ്ട്. അവ പാലിക്കുന്നതിൽ മാനേജ്മെന്റ് ജാഗ്രത പുലർത്തണം. അപ്പോൾ സ്ഥാപനത്തിൽ സമാധാന അന്തരീക്ഷം നിലനില്ക്കും.

ഇന്ത്യയിലെ തൊഴിൽ ശക്തിയിൽ സ്ത്രീകൾ നിർണായക പങ്ക് വഹിക്കുന്നു. എന്നിരുന്നാലും പലപ്പോഴും അവർ വേതന വ്യത്യാസവും ചൂഷണവും അവഗണനയും നേരിടുന്നു. കുടുംബത്തിന്റെയും സമൂഹത്തിന്റെയും വളർച്ചയ്ക്ക് സ്ത്രീകളുടെ തൊഴിൽ അനിവാര്യമാണ്. അതിനാൽ സമവേതനം, സുരക്ഷിത ജോലിസ്ഥലം, സ്ത്രീകളുടെ മാന്യതയുടെ അംഗീകാരം എന്നിവ ഉറപ്പാക്കാൻ നാം പ്രതിജ്ഞാബദ്ധരാകണം. തൊഴിൽ മനുഷ്യ പുരോഗതിക്ക് മാത്രമല്ല, അത് സൃഷ്ടിയുടെ സംരക്ഷണത്തോടും ബന്ധപ്പെട്ടതാണ്. പരിസ്ഥിതിനാശവും കാലാവസ്ഥാമാറ്റവും കർഷകരെയും മത്സ്യത്തൊഴിലാളികളെയും ഏറെ ബാധിക്കുന്നു. അതിനാൽ സ്ഥിരതയുള്ള ഉപജീവന മാർഗങ്ങളും പരിസ്ഥിതി സൗഹൃദ വികസന നയങ്ങളും നാം പിന്തുണയ്ക്കണം.

ഭാവിയിലെ തൊഴിൽലോകം നമ്മുടെ യുവജനങ്ങളുടെ രൂപീകരണത്തെ സ്വാധീനിക്കുന്നു. സാങ്കേതിക മാറ്റങ്ങളുടെ കാലത്ത് യുവജനങ്ങൾ തൊഴിലില്ലായ്മയും നൈപുണ്യ പൊരുത്തക്കേടും പോലുള്ള വെല്ലുവിളികൾ നേരിടുന്നു. അവർക്കായി നൈപുണ്യപരിശീലനങ്ങൾ സംരംഭകത്വ അവസരങ്ങൾ, നേതൃപരിശീലനം എന്നിവ ഒരുക്കുന്നത് നമ്മുടെ സാമൂഹിക ഉത്തരവാദിത്വമാണ്.

റേരും നൊവാരും മുതൽ ഫ്രത്തേലി തൂത്തി വരെയുള്ള എല്ലാ സാമൂഹിക പ്രബോധനങ്ങളിലും തിരുസ്സഭ നിരന്തരം പഠിപ്പിക്കുന്നത് തൊഴിലാളികളുടെ മാന്യതയും അന്തസ്സുമാണ് തൊഴിലിന്റെ യഥാർത്ഥ അടിസ്ഥാനം എന്നതാണ്. ഇന്ത്യയിലെ കത്തോലിക്കാ സമൂഹമായ നാം ദരിദ്രരുടെ പക്ഷത്ത് നിലകൊള്ളുകയും തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുകയും സമൂഹത്തിൽ ഐക്യം വളർത്തുകയും ചെയ്യാൻ വിളിക്കപ്പെട്ടിരിക്കുന്നു. ഒരാളും പിന്നിലാകാത്ത ഒരു സഹോദരത്വ സമ്പദ്വ്യവസ്ഥ ഇന്ത്യയിൽ രൂപപ്പെടുത്താൻ നാം പ്രതിജ്ഞാബദ്ധരാണ്. ഭാരണാധികാരികൾക്ക് അതിനു കഴിയേണ്ടതുണ്ട്. എങ്കിൽ മാത്രമേ തൊഴിലാളികളുടെ മാന്യത സംരക്ഷിക്കപ്പെടുകയും കുടിയേറ്റ തൊഴിലാ

ളികൾ മാന്യതയോടെ സ്വീകരിക്കപ്പെടുകയും യുവജനങ്ങളും സ്ത്രീകളും പ്രത്യാശയോടെ മുന്നേറുകയും സമാധാനം പുലരുകയും ചെയ്യൂ. അതാണ് യഥാർത്ഥ വികസനം. 'സമാധാനത്തിന്റെ പേരാണ് വികസനം' എന്നാണ് പോൾ ആറാമൻ പാപ്പാ പ്രബോധിപ്പിച്ചത്.

ദൈവം എല്ലാ തൊഴിലാളികളെയും അനുഗ്രഹിക്കട്ടെ. വിശുദ്ധ യൗസേപ്പ് പിതാവ് നമ്മുക്കായി മാദ്ധ്യസ്ഥം പ്രാർത്ഥിക്കുകയും നമ്മുടെ കുടുംബങ്ങളെ സംരക്ഷിക്കുകയും ചെയ്യട്ടെ.

കെ സി ബി സി ലേബർ കമ്മീഷനുവേണ്ടി,

**ബിഷപ്പ് ഡോ. സെൽവിസ്റ്റർ പൊന്നുമുത്തൻ**
ചെയർമാൻ, കെ.സി.ബി.സി, ലേബർ കമ്മീഷൻ

പി. ഒ. സി., കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യാലയം
കൊച്ചി 682 025

---

**NB:** ***2026 ഏപ്രിൽ 26 ഞായറാഴ്ച*** ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്ക സഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ഇതു വായിക്കുകയോ, ഇതിലെ ആശയങ്ങൾ വിവരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.

# I

## പതിനേഴാമത് പാസ്റ്ററൽ കൗൺസിൽ ഇലക്ഷൻ കമ്മിഷൻ നിയമന ഡിക്രി

ARCHEPARCHY OF CHANGANACHERRY

THOMAS THARAYIL
METROPOLITAN ARCHBISHOP
OF CHANGANACHERRY

Archbishop House
Changanacherry - 686 101
Kerala, India

**C.26/GL 139** **01.05.2026**

Constitution of the Election Commission for the 17th Pastoral Council of the Archeparchy of Changanacherry

**DECREE**

As the 16th Pastoral Council of the Archeparchy has completed its term, I, Thomas Tharayil, the Metropolitan Archbishop of Changanacherry, in virtue of my pastoral office (*CCEO* c. 272) hereby constitute the following Three-Member Election Commission for the 17th Pastoral Council.

The members of the Commission are:

1. Rev. Fr. Dr. Isaac Alencherry (Convenor)
2. Rev. Fr. Dr. Thomas Karukakalam
3. Prof. Dr. Rekha Mathews

The Election Commission has to conduct the process of election as per the statutes of the Pastoral Council (2016) and the special norms issued by the Archeparchial Curia. The Commission is urged to submit the list of the elected members to the Archeparchial Curia before June 15, 2026.

**✠ Thomas Tharayil**
Metropolitan Archbishop of Changanacherry

Fr. George Puthumanamoozhiyil
Chancellor

# II
# പതിനേഴാമത് പാസ്റ്ററൽ കൗൺസിൽ ഇലക്ഷൻ കമ്മിഷൻ വിജ്ഞാപനം

ചങ്ങനാശ്ശേരി അതിരൂപതാ 17-ാമത് പാസ്റ്ററൽ കൗൺസിലിലേയ്ക്കുള്ള ഇടവക, ഫൊറോനാതല തെരഞ്ഞെടുപ്പ് സംബന്ധിച്ച നിർദേശങ്ങൾ

1. ചങ്ങനാശ്ശേരി അതിരൂപതാ പള്ളിയോഗ നടപടിക്രമങ്ങളും പാസ്റ്ററൽ കൗൺസിലിന്റെ ഭരണഘടന (2016) യ്ക്കനുസൃതമായും അതിരൂപതാ കച്ചേരിയുടെ തീരുമാനമനുസരിച്ച് താഴെ നല്കിയിരിക്കുന്ന നിർദേശങ്ങൾ അനുസരിച്ചായിരിക്കും തെരഞ്ഞെടുപ്പുകൾ നടത്തേണ്ടത്.
2. പാസ്റ്ററൽ കൗൺസിൽ ഭരണഘടനയുടെ അനുബന്ധത്തിൽ ചേർത്തിരിക്കുന്ന ഫൊറോനാ കൗൺസിൽ നിയമാവലിക്കു വിധേയമായി അതാത് ഫൊറോനാ കൗൺസിലുകൾ രൂപീകരിച്ചതിനു ശേഷം പ്രസ്തുത ഫൊറോനാ കൗൺസിലുകളിൽനിന്നും വേണം അതിരൂപതാ പാസ്റ്ററൽ കൗൺസിലിലേക്കുള്ള തെരഞ്ഞെടുപ്പുകൾ നടത്തേണ്ടത്.
3. ബഹു. ഫൊറോനാ വികാരിമാരുടെ മേൽനോട്ടത്തിലും നേതൃത്വത്തിലും വേണം അതാതു ഫൊറോനകളിലെ ഫൊറോനാ കൗൺസിൽ രൂപീകരിക്കേണ്ടത്.

## ഫൊറോനാ കൗൺസിൽ അംഗങ്ങളുടെ തെരഞ്ഞെടുപ്പ്

4. ഇടവകവികാരി ക്രമപ്രകാരം വിളിച്ചുകൂട്ടുന്ന ഇടവകപ്രതിനിധിയോഗമാണ് ഇടവകയിൽനിന്നുമുള്ള ഫൊറോനാ കൗൺസിൽ പ്രതിനിധികളെ തെരഞ്ഞെടുക്കേണ്ടത്. പ്രതിനിധിയോഗം നിലവിലില്ലാത്ത ഇടവകകളിൽ പൊതുയോഗം വിളിച്ചുകൂട്ടി തെരഞ്ഞെടുപ്പ് നടത്തേണ്ടതാണ്. പ്രതിനിധിയോഗത്തിലോ, പൊതുയോഗത്തിലോ സംബന്ധിക്കുവാൻ അർഹതയുള്ളവർക്ക് [നിയമാവലി, ചങ്ങനാശ്ശേരി അതിരൂപത 2025, കാനോനകൾ 5 മുതൽ 6.4 (281-283 പേജുകൾ) വരെയും 9 മുതൽ 9.4 (293-295 പേജുകൾ) വരെയും കാണുക] മാത്രമായിരിക്കും വോട്ടവകാശം.
5. നിയമപരമായ അയോഗ്യതകളില്ലാത്തവരും [നിയമാവലി, ചങ്ങനാശ്ശേരി അതിരൂപത 2025, കാനോനകൾ 6-6.2 (282-283 പേജുകൾ)] 2026 മാർച്ച് 31നു മുമ്പ് ഇരുപത്തൊന്നു വയസ്സെങ്കിലും പൂർത്തിയായവരുമായിരിക്കണം തെരഞ്ഞെടുക്കപ്പെടേണ്ടത്. ന്യായമായ സഭാധികാരത്തെ പരസ്യമായി ധിക്കരിക്കുകയോ അവഹേളിച്ച് സംസാരിക്കുകയോ മറ്റുള്ളവർക്ക് ഇടർച്ചയ്ക്കിടയാകത്തക്കവിധം പ്രവർത്തിക്കുന്നവരെയും ഈശ്വര/മതനിഷേധപ്രസ്ഥാനങ്ങളിലെ പ്രവർത്തകരെയും അയോഗ്യരായി പരിഗണിക്കേണ്ടതാണ്.

6. രഹസ്യബാലറ്റിംഗ് സമ്പ്രദായത്തിലൂടെവേണം തെരഞ്ഞെടുപ്പുകൾ നടത്തുവാൻ.

7. ബഹു. വികാരിയുടെ നേതൃത്വത്തിൽ തന്നാണ്ടത്തെ കൈക്കാരന്മാർ (അവർ സ്ഥാനാർത്ഥികളല്ലെങ്കിൽ) വോട്ടുകൾ എണ്ണി തിട്ടപ്പെടുത്തുകയും ബഹു. വികാരി ഫലപ്രഖ്യാപനം നടത്തുകയും ചെയ്യണം. കൈക്കാരന്മാർ സ്ഥാനാർത്ഥികളാണെങ്കിൽ ഉത്തമരായ രണ്ട് അംഗങ്ങളുടെ സാന്നിദ്ധ്യത്തിൽ വോട്ടുകൾ എണ്ണേണ്ടതാണ്. ഇപ്രകാരം ഇടവകകളിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന നാലോ അഞ്ചോ പ്രതിനിധികളുടെ പേരും വിലാസവും ബഹു. ഫൊറോനാ വികാരിക്കും ഇലക്ഷൻ കമ്മിഷൻ കൺവീനർക്കും പുതുതായി രൂപീകൃതമാകുന്ന ഫൊറോനാ കൗൺസിലിന്റെ പ്രഥമയോഗത്തിനു മുമ്പായി വികാരിമാർ ഫൊറോനാ വികാരിയെ ഏല്പിക്കേണ്ടതാണ്.

8 ഏതെങ്കിലും കാരണവശാൽ ഒരിടവകയിൽ സമയപരിധിക്കുള്ളിൽ തെരഞ്ഞെടുപ്പ് നടക്കാൻ സാധിക്കാതെവന്നാൽ ബഹു. വികാരി പ്രസ്തുത വിവരം അതിരൂപതാദ്ധ്യക്ഷനെയും ഇലക്ഷൻ കമ്മിഷൻ കൺവീനറെയും ഫൊറോനാ വികാരിയെയും രേഖാമൂലം അറിയിക്കേണ്ടതാണ്.

9 യോഗവും ആണ്ടുതിരട്ടുള്ളതും അതിർത്തിതിരിഞ്ഞതും ബഹു. വൈദികർ സ്ഥിരതാമസമുള്ളതുമായ കുരിശുപള്ളികൾക്കും ഇപ്രകാരം പ്രതിനിധികളെ തെരഞ്ഞെടുത്ത് ഫൊറോനാ കൗൺസിലിലേക്ക് അയയ്ക്കുവാൻ അവകാശമുണ്ടായിരിക്കുന്നതാണ്. എന്നാൽ തലപ്പള്ളിയിലെയും കുരിശുപള്ളികളിലെയും പ്രതിനിധികളെ ഒരു ഇടവകയൂണിറ്റിലെ അംഗങ്ങളായി മാത്രമേ കണക്കാക്കുകയുള്ളു. ആയതിനാൽ ഇതര ഇടവകക്കാരായ പ്രതിനിധികൾക്കെന്നതുപോലെ അവരിൽനിന്ന് ഒരാൾക്കു മാത്രമേ അതിരൂപതാ പാസ്റ്ററൽ കൗൺസിലിലേക്കു തെരഞ്ഞെടുക്കപ്പെടുവാൻ അർഹതയുണ്ടായിരിക്കുകയുള്ളു.

10. ഫൊറോനാ വികാരി പുതുതായി രൂപീകരിക്കുന്ന ഫൊറോനാ കൗൺസിലിന്റെ പ്രഥമസമ്മേളനത്തിൽതന്നെ അതിരൂപതാ പാസ്റ്ററൽ കൗൺസിലിലേക്കുള്ള ഫൊറോനാതല തെരഞ്ഞെടുപ്പു നടത്തുന്നതിനുവേണ്ടി അതിനുള്ള ദിവസവും സമയവും സ്ഥലവും നിശ്ചയിച്ച് ഇലക്ഷൻ കമ്മിഷൻ കൺവീനറെയും ഫൊറോനയിലെ പള്ളികളിലെ ബഹു. വികാരിമാരെയും രേഖാമൂലം മുൻകൂട്ടി അറിയിക്കേണ്ടതാണ്. ബഹു. വികാരിമാർ തങ്ങളുടെ ഇടവകകളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ടവരെ ഉടൻതന്നെ പ്രസ്തുത വിവരം രേഖാമൂലം അറിയിക്കേണ്ടതാണ്.

## II. ഫൊറോനാ കൗൺസിൽ, പാസ്റ്ററൽ കൗൺസിൽ അംഗങ്ങളുടെ തെരഞ്ഞെടുപ്പ്

11. ഓരോ ഇടവകയിൽനിന്നും കുറഞ്ഞത് ഒരു വനിതയടക്കം നാലു പ്രതിനിധികളെ വീതം താഴെപ്പറയും പ്രകാരം ഫൊറോനാ കൗൺസി

ലിലേക്കു ചുവടെ ചേർത്തിരിക്കുന്ന വയോവിഭാഗത്തിൽനിന്നും തെരഞ്ഞെടുക്കണം.

21 മുതൽ 35 വരെ, 36 മുതൽ 50 വരെ, 50 നു മുകളിൽ

ഓരോ ഫൊറോനയിലെയും വിവിധ ഇടവകകളിലെ പ്രതിനിധി യോഗാംഗങ്ങളിൽനിന്നാണ് ഫൊറോനാ ഇലക്ടറൽ കോളേജി ലേക്കുള്ള അംഗങ്ങളെ തെരഞ്ഞെടുക്കുന്നത്. 1500-ലധികം കുടും ബങ്ങളുള്ള ഇടവകകളിൽനിന്നു കുറഞ്ഞതു രണ്ടുവനിതകളടക്കം അഞ്ചുപേരെയും മറ്റിടവകകളിൽനിന്ന് കുറഞ്ഞത് ഒരു വനിത യുൾപ്പെടെ നാലുപേരെയും മുകളിൽ പറഞ്ഞിരിക്കുന്ന വയോ വിഭാഗങ്ങളിൽനിന്നു തെരഞ്ഞെടുക്കേണ്ടതാണ്.

40-ൽ കൂടുതൽ ദളിതുകുടുംബങ്ങളുള്ള ഇടവകകളിൽനിന്ന് മുകളിൽ പറഞ്ഞിരിക്കുന്ന ഏതെങ്കിലും വയോവിഭാഗത്തിൽപ്പെട്ട കുറഞ്ഞത് ഒരു ദളിതംഗത്തെയും 25 -ൽ കൂടുതൽ നാടാർ കുടുംബങ്ങളുള്ള ഇടവകകളിൽനിന്നു മുകളിൽ പറഞ്ഞിരിക്കുന്ന ഏതെങ്കിലും വയോ വിഭാഗത്തിൽപ്പെട്ട കുറഞ്ഞത് ഒരു നാടാർ അംഗത്തെയും തെരഞ്ഞെ ടുക്കേണ്ടതാണ്. ദളിത്, നാടാർ, വനിതാവിഭാഗങ്ങൾ ഉൾപ്പടെയാണ് ഇടവകയിൽനിന്നും മേൽപ്പറഞ്ഞ പ്രകാരം നിശ്ചിത അംഗങ്ങളെ ഫൊറോനാ ഇലക്ടറൽ കോളജിലേക്കു തെരഞ്ഞെടുക്കേണ്ടത്.

ഫൊറോനാ കൗൺസിലിൽനിന്നും കുറഞ്ഞത് ഒരു വനിതയടക്കം മേൽപ്പറഞ്ഞ വയോവിഭാഗങ്ങളിൽനിന്നു നാലുപേരെ അതിരൂപതാ പാസ്റ്ററൽ കൗൺസിലിലേയ്ക്കു തെരഞ്ഞെടുക്കേണ്ടതാണ്. ഇതിൽ ഫൊറോനാതലത്തിൽ 250-ൽ കൂടുതൽ ദളിതുകുടുംബ ങ്ങളുള്ള ഫൊറോനയിൽനിന്നു മുകളിൽ പറഞ്ഞിരിക്കുന്ന ഏതെങ്കിലും വയോവിഭാഗത്തിൽപ്പെട്ട ഒരു ദളിതംഗത്തെയും, ഫൊറോനാതലത്തിൽ 200-ൽ കൂടുതൽ നാടാർകുടുംബങ്ങളുള്ള ഫൊറോനയിൽനിന്ന് മുകളിൽ പറഞ്ഞിരിക്കുന്ന ഏതെങ്കിലും വയോവിഭാഗത്തിൽപ്പെട്ട ഒരു നാടാർ അംഗത്തെയും അതിരൂപതാ പാസ്റ്ററൽ കൗൺസിലിലേക്കു തെരഞ്ഞെടുക്കേണ്ടതാണ്. വനിതാ അംഗം ഇവയിൽ ഏതെങ്കിലും വയോവിഭാഗത്തിൽപെട്ടാൽ മതിയാകും. വനിതാ അംഗത്തിന്റെ തെരഞ്ഞെടുപ്പ് ആദ്യം നടത്തേണ്ടതാണ്. ദളിത്, നാടാർ, വനിതാവിഭാഗങ്ങൾ ഉൾപ്പടെ യാണ് ഫൊറോനായിൽനിന്നു നാല് അംഗങ്ങളെ അതിരൂപതാ പാസ്റ്ററൽ കൗൺസിലിലേക്കു തെരഞ്ഞെടുക്കേണ്ടത്. അതിരൂപതാ പാസ്റ്ററൽ കൗൺസിലിലേക്കു തെരഞ്ഞെടുക്കപ്പെടുന്ന നാലു പേരിൽനിന്നും ഒരാളെ ഫൊറോനാ കൗൺസിൽ സെക്രട്ടറിയായി തെരഞ്ഞെടുക്കേണ്ടതാണ്.

തുടർച്ചയായി രണ്ടുപ്രാവശ്യത്തിൽ കൂടുതൽ ഒരാൾ ഫൊറോനാ കൗൺസിലിലേക്കും പാസ്റ്ററൽ കൗൺസിലിലേക്കും തെരഞ്ഞെ ടുക്കപ്പെടാൻ പാടില്ല. ഫൊറോനാ കൗൺസിലിലേക്കും പാസ്റ്ററൽ

കൗൺസിലിലേക്കും തെരഞ്ഞെടുക്കപ്പെടുന്നവരിൽ മൂന്നിലൊന്നെങ്കിലും പുതുമുഖങ്ങളായിരിക്കണം. ഇടവകകളിലെ പ്രതിനിധിയോഗത്തിൽ തുടർച്ചയായി രണ്ടുടേം പൂർത്തിയാക്കിയവർ തിരഞ്ഞെടുക്കപ്പെടാൻ പാടില്ല.

12. കൗൺസിലുകളിലേക്കു തെരഞ്ഞെടുക്കപ്പെടുന്നവരുടെ യോഗ്യതാപത്രം ബഹു. വികാരി, പെരി. ബഹു. ഫൊറോനാവികാരിക്കു സമർപ്പിക്കേണ്ടതാണ്.

13. ഇടവകതല തെരഞ്ഞെടുപ്പിന്റെ ചുമതല ഇടവകവികാരിക്കും ഫൊറോനാതല തെരഞ്ഞെടുപ്പിന്റെ ചുമതല ഫൊറോനാ വികാരിക്കുമായിരിക്കും.

14. തെരഞ്ഞെടുപ്പ് കമ്മിഷൻ അംഗങ്ങൾക്കോ കമ്മിഷന്റെ പ്രതിനിധികൾക്കോ ആവശ്യമെങ്കിൽ നിരീക്ഷകരായി ഫൊറോനാതല തെരഞ്ഞെടുപ്പിൽ സംബന്ധിക്കാവുന്നതാണ്. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് കമ്മിഷനംഗങ്ങളുടെ സേവനം ആവശ്യമെങ്കിൽ പെരി. ബഹു. ഫൊറോനാ വികാരിമാർക്കു തേടാവുന്നതാണ്.

15. അതിരൂപതാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിനു ഫൊറോനാ കൗൺസിൽ അംഗങ്ങൾക്ക് എല്ലാവർക്കും വോട്ടവകാശം ഉണ്ടായിരിക്കുന്നതാണ്.

16. വോട്ടെടുപ്പിൽ ഒന്നിലധികം പേർക്കു തുല്യമായി വോട്ട് വരികയാണെങ്കിൽ നറുക്കെടുപ്പിലൂടെ വിജയിയെ നിശ്ചയിക്കേണ്ടതാണ്.

17. തെരഞ്ഞെടുപ്പുഫലം രേഖപ്പെടുത്തി അവരുടെ ബയോഡേറ്റാ ഫാറം പൂരിപ്പിച്ച് ഫൊറോനാവികാരിയും നിരീക്ഷകനുണ്ടെങ്കിൽ അദ്ദേഹവും ഒപ്പുവയ്ക്കേണ്ടതും ഇലക്ഷൻ കമ്മിഷൻ കൺവീനർക്കു ലിസ്റ്റും പൂരിപ്പിച്ച ബയോഡേറ്റ ഫാറവും താമസംകൂടാതെ എത്തിച്ചുകൊടുക്കേണ്ടതാണ്.

18. പ്രതിനിധിയോഗത്തിൽനിന്നുള്ള തെരഞ്ഞെടുപ്പുകൾ 2026 മെയ് 24-ാം തീയതിക്കു മുമ്പും ഫൊറോനാതലതെരഞ്ഞെടുപ്പുകൾ 2026 ജൂൺ പതിനഞ്ചിനകവും പൂർത്തിയാക്കേണ്ടതാണ്.

19. ഇടവകതല തെരഞ്ഞെടുപ്പ് സംബന്ധിച്ച പരാതികൾ ഫൊറോനാ വികാരിക്കും ഫൊറോനാതലത്തിലുണ്ടാകുന്ന പരാതികൾ ഇലക്ഷൻ കമ്മിഷൻ കൺവീനർക്കും ഇലക്ഷൻ കഴിഞ്ഞ് 3 ദിവസത്തിനകം അതിരൂപതാ മുദ്രപത്രത്തിൽ രണ്ടുകോപ്പികൾ സഹിതം സമർപ്പിക്കേണ്ടതാണ്.

20. ഫൊറോനാ പള്ളി ഇടവകയിൽ നടത്തപ്പെടുന്ന ഇടവകതല തെരഞ്ഞെടുപ്പിനെ സംബന്ധിക്കുന്ന പരാതികളും ഇലക്ഷൻ കമ്മിഷൻ കൺവീനർക്കു മേൽപ്പറഞ്ഞ പ്രകാരം സമർപ്പിക്കേണ്ടതാണ്.

21. ഫൊറോനാസമിതിയിലുള്ള അൽമായ പ്രതിനിധികളിൽ നിന്നു മാണ് അതിരൂപതാ പാസ്റ്ററൽ കൗൺസിലിലേയ്ക്ക് അംഗങ്ങളെ തെരഞ്ഞെടുക്കേണ്ടത്.

## III. മറ്റ് അംഗങ്ങളുടെ തെരഞ്ഞെടുപ്പ്

**അതിരൂപതാ പാസ്റ്ററൽ കൗൺസിലിലേയ്ക്കുള്ള മറ്റ് അംഗങ്ങളെ തെരഞ്ഞെടുക്കേണ്ടത് ഇപ്രകാരമായിരിക്കും.**

ഇടവകകളിലെ പ്രതിനിധിയോഗത്തിൽ തുടർച്ചയായി രണ്ടുടേം പൂർത്തിയാക്കിയവർ 21 മുതൽ 25 വരെ പ്രതിപാദിക്കുന്ന പ്രസ്ഥാന ങ്ങളിലൂടെയും സ്ഥാപനങ്ങളിലൂടെയും തെരഞ്ഞെടുക്കപ്പെടാൻ പാടില്ല.

22. അതിരൂപതയിലെ സൺഡേസ്കൂൾ ഹെഡ്മാസ്റ്റർമാരുടെ ഒരു പ്രതിനിധി, പ്രൊമോട്ടർമാരുടെ ഒരു പ്രതിനിധി, സൺഡേസ്കൂൾ അധ്യാപകരിൽനിന്നും ഒരു വനിതാപ്രതിനിധി ഉൾപ്പെടെ മൂന്നു പ്രതിനിധികൾ എന്നിവരെ തെരഞ്ഞെടുക്കുവാനുള്ള ചുമതല സന്ദേ ശനിലയം ഡയറക്ടറുടേതായിരിക്കും. ഈ തെരഞ്ഞെടുപ്പിനുള്ള മാനദണ്ഡങ്ങളും തീയതിയും സമയവും മറ്റും ഇലക്ഷൻ കമ്മിഷ നുമായി ആലോചിച്ച് സന്ദേശനിലയം ബഹു. ഡയറക്ടർക്കു തീരു മാനിക്കാവുന്നതാണ്.

താഴെപ്പറയുന്ന വിഭാഗങ്ങളിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്നവർ പാസ്റ്ററൽ കൗൺസിൽ കാലാവധി മുഴുവൻ ആ വിഭാഗത്തെ പ്രതി നിധീകരിക്കുന്നതാണ്. സംഘടനയിൽ/പ്രസ്ഥാനത്തിൽ അദ്ദേഹ ത്തിന്റെ ഭാരവാഹിത്തം/ചുമതല കഴിയുന്നതോടെ അംഗത്വം ഇല്ലാ താകുന്നതല്ല

23. അതിരൂപതയിലെ പ്രൈമറി സ്കൂളുകളിലെയും ഹൈസ്കൂളുകളി ലെയും ഹയർസെക്കന്ററി സ്കൂളുകളിലെയും കത്തോലിക്കാ ഹെഡ് മാസ്റ്റർമാരുടെയും പ്രിൻസിപ്പൽമാരുടെയും ഓരോ പ്രതിനിധി വീതവും അതിരൂപതയിലെ പ്രൈമറി, ഹൈസ്കൂൾ, ഹയർസെക്കന്ററി കളിൽ പഠിപ്പിക്കുന്ന കത്തോലിക്കാ അദ്ധ്യാപകരുടെയും അനദ്ധ്യാ പകരുടെയും ഓരോ പ്രതിനിധി വീതവും ബഹു. അതിരൂപതാ കോർപ്പറേറ്റ് മാനേജരുടെ മേൽനോട്ടത്തിലും ഉത്തരവാദിത്വത്തിലും നടത്തുന്ന തെരഞ്ഞെടുപ്പിലൂടെ കണ്ടെത്തേണ്ടതാണ്. തെരഞ്ഞെ ടുപ്പ് സംബന്ധിച്ച നടപടിക്രമങ്ങൾ തെരഞ്ഞെടുപ്പ് കമ്മിഷനുമായി കൂടിയാലോചിച്ച് ബഹു. കോർപ്പറേറ്റ് മാനേജർക്കു തീരുമാനിക്കാ വുന്നതാണ്.

24. അതിരൂപതയുടെ ഉടമസ്ഥതയിലുള്ള കോളേജുകളിലെ കത്തോ ലിക്കാ അദ്ധ്യാപകരിൽനിന്നും ഒരു വനിതയുൾപ്പെടെ രണ്ടു പ്രതി നിധികൾ, അനദ്ധ്യാപകരുടെ ഒരു പ്രതിനിധി, സി.എസ്.എം രണ്ടു

പ്രതിനിധികൾ എന്നിവരുടെ തിരഞ്ഞെടുപ്പ് പെരിയ ബഹു. മാനേജരച്ചന്റെ നേതൃത്വത്തിൽ നടത്തേണ്ടതാണ്.

25. അതിരൂപതാ പാസ്റ്ററൽ കൗൺസിലിന്റെ ഭരണഘടന 5.6.2 പ്രകാരമുള്ള പ്രസ്ഥാനങ്ങളുടെയും സംഘടനകളുടെയും മറ്റും തെരഞ്ഞെടുപ്പുകൾ ബന്ധപ്പെട്ട അധികാരികളുടെ നേതൃത്വത്തിലും ഉത്തരവാദിത്തത്തിലും ഇലക്ഷൻ കമ്മിഷനുമായി കൂടിയാലോചിച്ച് നടത്തേണ്ടതാണ്.

26. സ്ഥാപനങ്ങളിൽ നിന്നുമുള്ള പ്രതിനിധികളുടെ തെരഞ്ഞെടുപ്പ് ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ ചുമതല വഹിക്കുന്ന ബഹു. വൈദികരുടെ നേതൃത്വത്തിൽ നടത്തേണ്ടതാണ്.

27. മേൽപറഞ്ഞ എല്ലാ തെരഞ്ഞെടുപ്പുകളും 2026 ജൂൺ 15-ാം തീയതിക്കു മുമ്പായി പൂർത്തിയാക്കി ലിസ്റ്റ് ഇലക്ഷൻ കമ്മിഷനെ ഏൽപ്പിക്കേണ്ടതാണ്.

28. തെരഞ്ഞെടുപ്പ് സംബന്ധിച്ചുണ്ടാകുന്ന തർക്കങ്ങളിൽ അതിരൂപതാദ്ധ്യക്ഷൻ എടുക്കുന്ന തീരുമാനം അന്തിമമായിരിക്കും.

29. ഇലക്ഷൻ കമ്മിഷൻ കൺവീനറുടെയും അംഗങ്ങളുടെയും മേൽവിലാസം:

**റവ. ഫാ. ഡോ. ഐസക് ആലഞ്ചേരി**

**റവ. ഫാ. ഡോ. തോമസ് കറുകക്കളം**

**പ്രൊഫ. ഡോ. രേഖ മാത്യൂസ്**

XVII പാസ്റ്ററൽ കൗൺസിൽ ഇലക്ഷൻ കമ്മിഷൻ
ആർച്ചുബിഷപ് ഹൗസ്, ചങ്ങനാശ്ശേരി പി.ഒ., കോട്ടയം 686101

ചങ്ങനാശ്ശേരി
01-05-2026

## ഫൊറോനാ കൗൺസിൽ നിയമാവലി

1. മെത്രാപ്പോലീത്തായുടെ അധികാരത്തിനു വിധേയമായി ഫൊറോനാ വികാരിയുടെ മേൽനോട്ടത്തിൽ ഫൊറോനയിലെ അജപാലനപരമായ കാര്യങ്ങളും അതിരൂപതയിൽനിന്നു നിർദേശിക്കുന്ന ഇതര കാര്യങ്ങളും ചർച്ച ചെയ്യുന്നതിനും പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും പ്രായോഗിക നിർദേശങ്ങൾ നൽകുന്നതിനുമായി അതിരൂപതാ പാസ്റ്ററൽ കൗൺസിലിന്റെ ഭരണഘടനയ്ക്കനുസൃതം ഫൊറോനാതലത്തിൽ സ്ഥാപിതമായിരിക്കുന്ന ആലോചനാസമിതിയാണ് ഫൊറോനാ കൗൺസിൽ.

ഈ നിയമാവലിയിൽ പ്രത്യേകമായി എടുത്തുപറയാത്ത സംഗതികളെ സംബന്ധിച്ച്, അതിരൂപതാ പാസ്റ്ററൽ കൗൺസിൽ ഭരണഘടനയുടെ ബന്ധപ്പെട്ട വകുപ്പുകൾ ബാധകമായിരിക്കും.

**2. അംഗങ്ങൾ**

1) ഫൊറോനാ വികാരി

2) ഫൊറോനയിലെ ഇടവക വികാരിമാർ

3) ഫൊറോനാ കൗൺസിലിലേക്ക് ഇടവകയിൽനിന്നു താഴെപറയും പ്രകാരം തിരഞ്ഞെടുക്കപ്പെട്ടവർ.

4) അതിരൂപതാ പാസ്റ്ററൽ കൗൺസിലിൽ അംഗങ്ങളായിട്ടുള്ള, ഫൊറോനയിൽനിന്നുള്ള വ്യക്തികൾ.

5) ഫൊറോനാ അതിർത്തിയിലുള്ള സമർപ്പിതസമൂഹങ്ങളുടെ മുഖ്യ അധികാരികൾ.

6) ഫൊറോനയിൽ പ്രവർത്തിക്കുന്ന അതിരൂപതയുടെ അംഗീകാരമുള്ള സംഘടനകളുടെ/പ്രസ്ഥാനങ്ങളുടെ ഫൊറോനാ പ്രസിഡന്റുമാർ/ കൺവീനർമാർ.

7) ഫൊറോനയിൽ പ്രവർത്തിക്കുന്ന അതിരൂപതയുടെ അംഗീകാരമുള്ള സംഘടനകളുടെ /പ്രസ്ഥാനങ്ങളുടെ ഫൊറോനാ ഡയറക്ടർമാർ.

8) ഫൊറോനാ സൺഡേ സ്കൂൾ പ്രമോട്ടർമാരുടെ ഒരു പ്രതിനിധി.

9) ഫൊറോനാ ജാഗ്രതാസമിതിയുടെ കൺവീനർ; ഫൊറോനായിലെ സ്കൂളദ്ധ്യാപകരുടെയും കോളേജദ്ധ്യാപകരുടെയും ഓരോ പ്രതി നിധികൾ.

10) നാമനിർദേശം ചെയ്യപ്പെട്ട അംഗങ്ങൾ. ഫൊറോനാസമിതിയിലുള്ള അംഗങ്ങളുടെ 10% വരെ ഫൊറോനാവികാരിയ്ക്കു നാമനിർദേശം ചെയ്യാവുന്നതാണ്.

**3. തെരഞ്ഞെടുപ്പ്**

ഓരോ ഇടവകയിൽനിന്നും കുറഞ്ഞത് ഒരു വനിതയടക്കം നാലു പ്രതിനിധികളെ വീതം താഴെപ്പറയും പ്രകാരം ഫൊറോനാ കൗൺസിലിലേക്കു ചുവടെ ചേർത്തിരിക്കുന്ന വയോവിഭാഗത്തിൽ നിന്നും തെരഞ്ഞെടുക്കണം.

21 മുതൽ 35 വരെ, 36 മുതൽ 50 വരെ, 50 നു മുകളിൽ

ഓരോ ഫൊറോനയിലെയും വിവിധ ഇടവകകളിലെ പ്രതിനിധി യോഗാംഗങ്ങളിൽ നിന്നാണ് ഫൊറോനാ ഇലക്ടറൽ കോളേജിലേ ക്കുള്ള അംഗങ്ങളെ തെരഞ്ഞെടുക്കുന്നത്. 1500–ലധികം കുടുംബ ങ്ങളുള്ള ഇടവകകളിൽനിന്നു കുറഞ്ഞത് രണ്ടുവനിതകളടക്കം അഞ്ചുപേരെയും മറ്റിടവകകളിൽനിന്ന് കുറഞ്ഞത് ഒരു വനിത യുൾപ്പെടെ നാലുപേരെയും മുകളിൽ പറഞ്ഞിരിക്കുന്ന വയോ വിഭാഗങ്ങളിൽനിന്നു തെരഞ്ഞെടുക്കേണ്ടതാണ്.

40-ൽ കൂടുതൽ ദളിതുകുടുംബങ്ങളുള്ള ഇടവകകളിൽനിന്നു മുകളിൽ പറഞ്ഞിരിക്കുന്ന ഏതെങ്കിലും വയോവിഭാഗത്തിൽപ്പെട്ട കുറഞ്ഞത് ഒരു ദളിത് അംഗത്തെയും 25 -ൽ കൂടുതൽ നാടാർ കുടുംബങ്ങളുള്ള ഇടവകകളിൽനിന്നു മുകളിൽ പറഞ്ഞിരിക്കുന്ന ഏതെങ്കിലും വയോവിഭാഗത്തിൽപ്പെട്ട കുറഞ്ഞത് ഒരു നാടാർ അംഗത്തെയും തെരഞ്ഞെടുക്കേണ്ടതാണ്. ദളിത്, നാടാർ, വനിതാ വിഭാഗങ്ങൾ ഉൾപ്പടെയാണ് ഇടവകയിൽനിന്നും മേൽപ്പറഞ്ഞ പ്രകാരം നിശ്ചിത അംഗങ്ങളെ ഫൊറോനാ ഇലക്ടറൽ കോളജി ലേക്കു തെരഞ്ഞെടുക്കേണ്ടത്.

ഫൊറോനാ കൗൺസിലിൽനിന്നും കുറഞ്ഞത് ഒരു വനിതയടക്കം മേൽപ്പറഞ്ഞ വയോവിഭാഗങ്ങളിൽനിന്നു നാലുപേരെ അതിരൂപതാ പാസ്റ്ററൽ കൗൺസിലിലേയ്ക്കു തെരഞ്ഞെടുക്കേണ്ടതാണ്. ഇതിൽ ഫൊറോനാതലത്തിൽ 250-ൽ കൂടുതൽ ദളിതുകുടുംബങ്ങളുള്ള ഫൊറോനയിൽനിന്നു മുകളിൽ പറഞ്ഞിരിക്കുന്ന ഏതെങ്കിലും വയോ വിഭാഗത്തിൽപ്പെട്ട ഒരു ദളിത് അംഗത്തെയും ഫൊറോനാതലത്തിൽ 200-ൽ കൂടുതൽ നാടാർകുടുംബങ്ങളുള്ള ഫൊറോനയിൽനിന്നു മുകളിൽ പറഞ്ഞിരിക്കുന്ന ഏതെങ്കിലും വയോവിഭാഗത്തിൽപ്പെട്ട ഒരു നാടാർ അംഗത്തെയും അതിരൂപതാ പാസ്റ്ററൽ കൗൺസിലിലേക്കു തെരഞ്ഞെടുക്കേണ്ടതാണ്. വനിതാഅംഗം ഇവയിൽ ഏതെങ്കിലും വയോവിഭാഗത്തിൽപെട്ടാൽ മതിയാകും. വനിതാ അംഗത്തിന്റെ തെര ഞ്ഞെടുപ്പ് ആദ്യം നടത്തേണ്ടതാണ്. ദളിത്, നാടാർ, വനിതാവിഭാ ഗങ്ങൾ ഉൾപ്പടെയാണ് ഫൊറോനായിൽനിന്നു നാല് അംഗങ്ങളെ അതിരൂപതാ പാസ്റ്ററൽ കൗൺസിലിലേക്കു തെരഞ്ഞെടുക്കേണ്ടത്. അതിരൂപതാപാസ്റ്ററൽ കൗൺസിലിലേക്കു തെരഞ്ഞെടുക്കപ്പെടുന്ന നാലുപേരിൽനിന്നും ഒരാളെ ഫൊറോനാ കൗൺസിൽ സെക്രട്ടറി യായി തെരഞ്ഞെടുക്കേണ്ടതാണ്.

തുടർച്ചയായി രണ്ടുപ്രാവശ്യത്തിൽ കൂടുതൽ ഒരാൾ ഫൊറോനാ കൗൺസിലിലേക്കും പാസ്റ്ററൽ കൗൺസിലിലേക്കും തെരഞ്ഞെ ടുക്കപ്പെടാൻ പാടില്ല. ഫൊറോനാ കൗൺസിലിലേക്കും പാസ്റ്ററൽ കൗൺസിലിലേക്കും തെരഞ്ഞെടുക്കപ്പെടുന്നവരിൽ മൂന്നിലൊന്നെ ങ്കിലും പുതുമുഖങ്ങളായിരിക്കണം. ഇടവകകളിലെ പ്രതിനിധിയോ ഗത്തിൽ തുടർച്ചയായി രണ്ടുടേം പൂർത്തിയാക്കിയവരും തിരഞ്ഞെടു ക്കാൻ പാടില്ല.

**4. ഭാരവാഹികൾ**

**പ്രസിഡന്റ്:** ഫൊറോനാവികാരിയായിരിക്കും ഫൊറോനാ കൗൺസിലിന്റെ പ്രസിഡന്റ്.

**വൈസ് പ്രസിഡന്റ്:** ഫൊറോനാ വൈദികകോൺഫ്രൻസിന്റെ സെക്രട്ടറിയോ, വൈദികകോൺഫ്രൻസ് തെരഞ്ഞെടുക്കുന്ന മറ്റൊരു

വൈദികനോ ആയിരിക്കും ഫൊറോനാ കൗൺസിലിന്റെ വൈസ് പ്രസിഡന്റ്.

**സെക്രട്ടറി:** ഫൊറോനാ കൗൺസിൽ സെക്രട്ടറിയായി അതിരൂപതാ പാസ്റ്ററൽ കൗൺസിലിലേക്കു തെരഞ്ഞെടുക്കപ്പെട്ട നാലു പേരിൽനിന്നും ഒരാളെ തെരഞ്ഞെടുക്കേണ്ടതാണ്. ആവശ്യമെങ്കിൽ ഒരു ജോയിന്റ് സെക്രട്ടറിയെയും തിരഞ്ഞെടുക്കാവുന്നതാണ്. സെക്രട്ടറി വനിത അല്ലെങ്കിൽ ജോയിന്റ് സെക്രട്ടറി വനിത ആയിരിക്കേണ്ടതാണ്.

**സെക്രട്ടറിയുടെ ചുമതലകൾ:** കൗൺസിലിന്റെ മീറ്റിംഗുകൾ പ്രസിഡന്റിന്റെ നിർദ്ദേശാനുസരണം വിളിച്ചുകൂട്ടുക, കൗൺസിലിനെ സംബന്ധിക്കുന്ന എഴുത്തുകുത്തുകൾ നടത്തുക, കമ്മിറ്റികളുടെ റിപ്പോർട്ടുകൾ കൗൺസിലിന്റെ പരിഗണനയ്ക്കു കൊണ്ടുവരിക, മറ്റു റിപ്പോർട്ടുകൾ തയ്യാറാക്കി സൂക്ഷിക്കുക. പുതിയ ഫൊറോനാ കൗൺസിൽ രൂപപ്പെടുന്നതുവരെ രേഖകൾ സൂക്ഷിക്കുക, കൗൺസിൽ ഭരമേൽപ്പിക്കുന്ന മറ്റ് ഉത്തരവാദിത്വങ്ങൾ നിർവഹിക്കുക.

ഔദ്യോഗികകാര്യങ്ങളിൽ സെക്രട്ടറിയെ സഹായിക്കുകയെന്നുള്ളതാണ് ജോയിന്റ് സെക്രട്ടറിയുടെ ചുമതല.

## 5. കമ്മിറ്റികൾ

അതിരൂപതാ പാസ്റ്ററൽ കൗൺസിലിലെന്നപോലെ ആവശ്യാനുസരണം കമ്മിറ്റികൾക്കു രൂപം കൊടുക്കാവുന്നതും കൺവീനർമാരെ തെരഞ്ഞെടുക്കേണ്ടതുമാണ്. അതിരൂപതാതല കമ്മിറ്റികൾ സംബന്ധിച്ച വ്യവസ്ഥകൾ ഫൊറോനാ കൗൺസിൽ കമ്മിറ്റികളുടെ പ്രവർത്തനങ്ങൾക്കും ബാധകമായിരിക്കും.

## 6. നിർവാഹകസമിതി

ഫൊറോനാ കൗൺസിലിനു താഴെപറയുന്ന നിർവാഹകസമിതി ഉണ്ടായിരിക്കേണ്ടതാണ്.

1. ഫൊറോനാ കൗൺസിൽ പ്രസിഡന്റ് 2. ഫൊറോനാ കൗൺസിൽ വൈസ് പ്രസിഡന്റ് 3. ഫൊറോനാ പ്രീസ്റ്റ് കോൺഫ്രൻസ് സെക്രട്ടറി 4. ഫൊറോനാ കൗൺസിൽ സെക്രട്ടറി 5. ഫൊറോനാ കൗൺസിൽ ജോയിന്റ് സെക്രട്ടറി 6. കമ്മിറ്റി കൺവീനേഴ്സ് 7. ഫൊറോനാ കൗൺസിലിലുള്ള സമർപ്പിതർ, വനിതകൾ, വിദഗ്ദ്ധർ തുടങ്ങിയവരിൽനിന്നും ഫൊറോനാ വികാരി നോമിനേറ്റു ചെയ്യുന്നവർ.

## 7. സമ്മേളനങ്ങൾ

ഒരു പ്രവർത്തനവർഷത്തിൽ രണ്ടു സാധാരണ സമ്മേളനങ്ങളെങ്കിലും കൂടേണ്ടതാണ്. ആവശ്യമനുസരിച്ച് പ്രത്യേക സമ്മേളനങ്ങളോ, അടിയന്തിര സമ്മേളനങ്ങളോ കൂടാവുന്നതാണ്. ഫൊറോനാ വികാരിയുടെ നിർദേശപ്രകാരം ഫൊറോനാ കൗൺസിൽ സെക്രട്ടറിയാണ് സമ്മേളനങ്ങൾ വിളിച്ചുകൂട്ടേണ്ടത്.

**8. കോറം**

ഫൊറോനാ കൗൺസിലിന്റെയും നിർവാഹകസമിതിയുടെയും കമ്മിറ്റികളുടെയും കോറം അംഗസംഖ്യയുടെ മൂന്നിലൊന്നായിരിക്കും.

**9. കാലാവധി**

അതിരൂപതാദ്ധ്യക്ഷൻ മറ്റു വിധത്തിൽ നിർദേശിക്കാത്ത പക്ഷം ഫൊറോനാസമിതിയുടെ കാലാവധി അതിരൂപതാ പാസ്റ്ററൽ കൗൺസിലിന്റെ കാലാവധി തന്നെയായിരിക്കും.

## III

## 140-ാമത് അതിരൂപതാദിനാചരണം (ശതോത്തര റൂബി ജൂബിലി)

ഈ വർഷത്തെ അതിരൂപതാദിനാചരണം **മെയ് 20 ബുധനാഴ്ച** തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ഫൊറോനാപ്പള്ളിയിലെ ഫാ. ഡൊമിനിക് തോട്ടാശേരി നഗറിൽ രാവിലെ 9.30ന് ആരംഭിച്ച് ഉച്ച കഴിഞ്ഞ് 1.30നു സമാപിക്കത്തക്കരീതിയിലാണു ക്രമീകരിച്ചിരിക്കുന്നത്.

***പങ്കെടുക്കേണ്ടവർ:*** *അതിരൂപതയിൽ സേവനം ചെയ്യുന്ന വൈദികർ, മേജർ സുപ്പീരിയർമാർ, വൈദികാർഥികൾ, ഇടവകയിലെ സമർപ്പിതരുടെ ഒരു പ്രതിനിധി, നടത്തുകൈക്കാരൻ, മാതാക്കളുടെയും യുവജനങ്ങളുടെയും കുട്ടികളുടെയും ഓരോ പ്രതിനിധികൾ, അതിരൂപതാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, സംഘടനകളുടെ അതിരൂപതാതല ഭാരവാഹികൾ.*

## IV

## ഈശോയുടെ സ്വർഗാരോഹണതിരുനാൾ

**2026 മെയ് 14ന്** ആചരിക്കുന്ന ഈശോമ്ശിഹായുടെ സ്വർഗാരോഹണ തിരുനാൾ കടമുള്ള ദിവസമാകയാൽ അന്നേദിവസം വിശ്വാസികളെല്ലാവർക്കും സംബന്ധിക്കത്തക്കവിധം ഇടവകകളിൽ പരിശുദ്ധ കുർബാനയുടെ സമയം ക്രമീകരിക്കാൻ ബഹു. വികാരിമാർ ശ്രദ്ധിക്കേണ്ടതാണ്.

## V

## വാർഷികധ്യാനം

അതിരൂപതയിലെ ബഹു. വൈദികരുടെ വാർഷികധ്യാനം മൂന്നു ബാച്ചുകളിലായി കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ ക്രമീകരിച്ചിരിക്കുന്നു. ഓരോ ധ്യാനവും ആദ്യദിവസം (ഞായർ) വൈകുന്നേരം ആറിനു റംശായോടെയാരംഭിച്ചു സമാപനദിവസം (വെള്ളി) ഉച്ചഭക്ഷണത്തോടെ അവസാനിക്കുന്നതാണ്.

**ബാച്ച് I - ജൂൺ 07 മുതൽ 12 വരെ**
**ധ്യാനഗുരു - റവ. ഫാ. റ്റോം ഓലിക്കരോട്ട്**
*(പി.ആർ.ഒ. & സെക്രട്ടറി, മീഡിയാ കമ്മീഷൻ സീറോമലബാർസഭ)*

**ബാച്ച് II - ജൂൺ 14 മുതൽ 19 വരെ**
**ധ്യാനഗുരു - റവ. ഫാ. വിബിൻ ചൂതംപറമ്പിൽ** *(വരാപ്പുഴ അതിരൂപത)*

**ബാച്ച് III - ജൂലൈ 19 മുതൽ 24 വരെ**
**ധ്യാനഗുരു - റവ. ഫാ. റ്റോം ഓലിക്കരോട്ട്**

അതിരൂപതയ്ക്കുപുറത്തു സേവനത്തിലോ പഠനത്തിലോ ഏർപ്പെട്ടിരിക്കുന്ന വൈദികർക്കും അതിരൂപതയിൽ സേവനമനുഷ്ഠിക്കുന്ന സന്യാസ വൈദികർക്കും ധ്യാനത്തിൽ സംബന്ധിക്കാൻ താത്പര്യമുള്ളപക്ഷം ഇഷ്ടമുള്ള ഏതെങ്കിലും ബാച്ചിൽ പങ്കെടുക്കാവുന്നതാണ്. അങ്ങനെയുള്ളവർ ഏതു ബാച്ചിലാണു ധ്യാനിക്കുന്നതെന്ന് അതിരൂപതാ ചാൻസലറെ രേഖാമൂലം അറിയിക്കേണ്ടതാണ്.

# VI

## കൈക്കാരന്മാരുടെയും കണക്കന്മാരുടെയും പരിശീലനപരിപാടി

അതിരൂപതയിലെ എല്ലാ ഇടവകയിലെയും കൈക്കാരന്മാർ, കണക്കന്മാർ എന്നിവരുടെ ഒരു ട്രെയിനിങ് പ്രോഗ്രാം ഫൊറോനാകേന്ദ്രങ്ങളിൽ നടത്തപ്പെടുന്നു. മീറ്റിങ് നടത്തപ്പെടുന്ന ദിവസവും സമയവും സ്ഥലവും പങ്കെടുക്കേണ്ട ഫൊറോനകളും താഴെ നൽകുന്നു.

| ദിവസം | സമയം | സ്ഥലം | ഫൊറോന |
|---|---|---|---|
| മെയ് 16 (ശനി) | 10 am - 01 pm | അതിരമ്പുഴ സെന്റ് മേരീസ് ഫൊറോനാപ്പള്ളി | അതിരമ്പുഴ, കുടമാളൂർ, കോട്ടയം |
| മെയ് 17 (ഞായർ) | | ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളി | ചങ്ങനാശ്ശേരി, ചെങ്ങന്നൂർ, തൃക്കൊടിത്താനം, കുറുമ്പനാടം, നെടുങ്കുന്നം, തുരുത്തി, മണിമല |
| മെയ് 23 (ശനി) | | ആലപ്പുഴ മാർ സ്ലീവാ ഫൊറോനാപ്പള്ളി | ആലപ്പുഴ, മുഹമ്മ |
| മെയ് 24 (ഞായർ) | 10.30 am - 01 pm | തിരുവനന്തപുരം ലൂർദ് ഫൊറോനാപ്പള്ളി | അമ്പൂരി, തിരുവനന്തപുരം |
| മെയ് 27 (ബുധൻ) | | ആയൂർ ക്രൈസ്റ്റ് ദ കിങ് ഫൊറോനാപ്പള്ളി | കൊല്ലം - ആയൂർ |
| മെയ് 30 (ശനി) | 10 am - 01 pm | ചമ്പക്കുളം സെന്റ് മേരീസ് ബസിലിക്ക | എടത്വാ, പുളിങ്കുന്ന്, ചമ്പക്കുളം |

❑

# 140–ാമത് അതിരൂപതാദിനാചരണം
# (ശതോത്തര റൂബി ജൂബിലി)

## തൃക്കൊടിത്താനം ഫൊറോനയുടെ നേതൃത്വത്തിൽ
## സെന്റ് സേവ്യേഴ്സ് ഫൊറോനാപ്പള്ളി
## ഫാ. ഡൊമിനിക് തോട്ടാശേരി നഗറിൽ

**2026 മെയ്**
**20 ബുധനാഴ്ച**
**9.30 am - 1.30 pm**

### ഇടവകതല അതിരൂപതാദിനാഘോഷം

അതിരൂപതാദിനത്തിന് ഒരുക്കമായി അതിരൂപതയിലെ ഇടവകകളിലും കുരിശുപള്ളികളിലും **മെയ് 17 ഞായറാഴ്ച** ഇടവകതലത്തിലുള്ള അതിരൂപതാദിനാഘോഷം നടത്തേണ്ടതാണ്. അതിരൂപതയുടെ പൊതുനിയോഗത്തിൽ പരിശുദ്ധ കുർബാനയർപ്പിക്കുകയും അതിരൂപതാ ആന്തം ആലപിക്കുകയും തുടർന്നു പേപ്പൽ പതാക ഉയർത്തുകയും സമുദായശക്തീകരണപ്രതിജ്ഞ ചൊല്ലുകയും ചെയ്യണം. ഈ ആഘോഷം ഇടവകയിൽ മുഴുവനും അതിരൂപത ഒരു കുടുംബം എന്ന കൂട്ടായ്മയുടെ അനുഭവം വളരത്തക്കവിധം ഭംഗിയായി ക്രമീകരിക്കാൻ ശ്രമിക്കുമല്ലോ.

### സമ്മേളനത്തിൽ പങ്കെടുക്കേണ്ടവർ

അതിരൂപതയിൽ സേവനം ചെയ്യുന്ന വൈദികർ, മേജർ സുപ്പീരിയർമാർ, വൈദികാർഥികൾ, ഇടവകയിലെ സമർപ്പിതരുടെ ഒരു പ്രതിനിധി, നടത്തുകൈക്കാരൻ, മാതാക്കളുടെയും യുവജനങ്ങളുടെയും കുട്ടികളുടെയും ഓരോ പ്രതിനിധികൾ, അതിരൂപതാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ, സംഘടനകളുടെ അതിരൂപതാതലഭാരവാഹികൾ.

സമ്മേളനത്തിൽ പങ്കെടുക്കുന്നവരുടെ ലിസ്റ്റ് ബഹു. വികാരിയച്ചന്മാർ അതിരൂപതാകേന്ദ്രത്തിൽനിന്നു ലഭ്യമാക്കുന്ന 'ഗൂഗിൾ ഫോം' പൂരിപ്പിച്ചു **മെയ് ആറിനു മുമ്പായി** നൽകേണ്ടതാണ്.

**ഫാ. ആന്റണി എത്തക്കാട്**
(പ്രോട്ടോസിഞ്ചെള്ളൂസ്)

*അതിരൂപതാ കോഡിനേറ്റർമാർ*
**ഫാ. ചെറിയാൻ കക്കുഴി** (9495643338)
**ഫാ. ജോസഫ് പാറയ്ക്കൽ** (9544120698)
**ഫാ. ജേക്കബ് കളത്തിവീട്ടിൽ** (6238546236)

❑

## അതിരൂപതാദിനാചരണ ഒരുക്കപ്രാർത്ഥന
### (മെയ് 13 മുതൽ 19 വരെ)

കർത്താവായ ഈശോയേ, മാമോദീസായിലൂടെ ത്രിത്വൈക കൂട്ടായ്മയിലേക്കും സഭാജീവിതത്തിലേക്കും ഞങ്ങളെ വിളിച്ച അവിടുത്തെ അനന്തകാരുണ്യത്തിനു ഞങ്ങൾ നന്ദിപറയുന്നു. ആദിമസഭയെപ്പോലെ 'ശ്ലീഹന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പം മുറിക്കൽ, പ്രാർത്ഥന എന്നിവയിൽ സദാ താത്പര്യപൂർവം പങ്കുചേരുന്ന' സഭാസമൂഹമായി വളരുവാൻ അതിരൂപതാദിനാചരണം ഞങ്ങളെ സഹായിക്കട്ടെ. സഭാകൂട്ടായ്മയെ തളർത്തുന്ന ചിന്തകളും സംസാരങ്ങളും പ്രവൃത്തികളും ഞങ്ങളിൽനിന്നും ഞങ്ങളുടെ കുടുംബങ്ങളിൽനിന്നും എടുത്തുമാറ്റണമേ. ദൃശ്യവും അദൃശ്യവുമായ സകല വിപത്തുകളിൽനിന്നും നിന്റെ സഭയെ സംരക്ഷിക്കണമേ. അതിരൂപതയിൽ ഞങ്ങൾ ഒരു കുടുംബമാണ് എന്ന ബോധ്യത്തിൽ, സന്തോഷത്തോടും പ്രത്യാശയോടുംകൂടെ അങ്ങേയ്ക്കു നിരന്തരം കൃതജ്ഞത അർപ്പിക്കുവാൻ ഞങ്ങളെ അനുഗ്രഹിക്കണമേ. അതിരൂപതാദിനാചരണം ഞങ്ങളെ ഈശോയുടെ സാക്ഷികളും സഭയുടെ വിശ്വസ്തമക്കളുമായി രൂപാന്തരപ്പെടുത്തട്ടെയെന്നു ഞങ്ങൾ പ്രാർത്ഥിക്കുന്നു.

**കർത്താവേ, ഞങ്ങളുടെമേൽ കരുണയുണ്ടാകണമേ**

*(പരിശുദ്ധ കുർബാനയിലെ കാറോസൂസായിലും കുടുംബപ്രാർഥനയ്ക്കുശേഷവും ചൊല്ലുക)*

## അതിരൂപതാദിനപ്രതിജ്ഞ

സഭയെന്നനിലയിലുള്ള / ഞങ്ങളുടെ അസ്തിത്വത്തിന്റെ അടിസ്ഥാനം / പരിശുദ്ധ ത്രിത്വമാണെന്നു / ഞങ്ങൾ വിശ്വസിച്ച് ഏറ്റുപറയുന്നു./ സ്നേഹകൂട്ടായ്മയിൽ സ്വർഗീയജീവനെ ഞങ്ങൾ അനുഭവിക്കുന്നു./ ദൈവവിശ്വാസത്തെയും / സഭാകൂട്ടായ്മയെയും / ദുർബലപ്പെടുത്തുന്ന വെല്ലുവിളികളെ/ ഞങ്ങൾ തിരിച്ചറിയുന്നു./ പരിശുദ്ധ കുർബാനയിലൂടെയും/ കൂദാശാജീവിതത്തിലൂടെയും/ ഉപവാസത്തിലൂടെയും / ഞങ്ങൾ അവയെ അതിജീവിക്കും. കൂട്ടായ്മയെ തളർത്തുന്ന/ ചിന്തകളിൽനിന്നും / സംസാരങ്ങളിൽനിന്നും / പ്രവൃത്തികളിൽനിന്നും ഞങ്ങൾ വിട്ടുനിൽക്കും. കൂടുതൽ തീക്ഷ്ണതയോടെ / വരും തലമുറകളിലേക്കു / വിശ്വാസമൂല്യങ്ങൾ കൈമാറുവാൻ/ ഞങ്ങൾ ജാഗ്രതയുള്ളവരാകും./ പരിശുദ്ധ പിതാവിനോടും / സഭാതലവനോടും / അതിരൂപതാദ്ധ്യക്ഷനോടും / വൈദിക, സമർപ്പിത സമൂഹത്തോടും/ സഭാഗാത്രത്തോടു പൊതുവിലും / ഞങ്ങൾക്കുള്ള ഐക്യദാർഢ്യം ഞങ്ങൾ പ്രഖ്യാപിക്കുന്നു./ 'അതിരൂപതയിൽ നാം ഒരു കുടുംബം' എന്നത് അന്വർഥമാക്കാൻ ഞങ്ങൾ സർവാത്മനാ പരിശ്രമിക്കും. അതിരൂപതാദിനാചരണം വിജയിക്കട്ടെ.

## DUE DATE FOR ANNUAL FINANCIAL STATEMENT SUBMITTED TO FINANCE OFFICE
### YEAR 2025-2026

| | | |
|---|---|---|
| **2026 JUNE 15** | | |
| 01 | Adoor | Mar Sleeva (Submitted) |
| 02 | Aickarachira | St. George |
| 03 | Alappuzha-Pazhavangadi | Mar Sleeva Forane Pilgrim Centre |
| 04 | Amayannoor (Ayarkunnam) | St. Alphonsa Chapel |
| 05 | Ambalapuzha (Karumady) | St. Mary's |
| 06 | Anickad | St. Antony's |
| **2026 JUNE 16** | | |
| 07 | Arattuvazhy | St. Joseph's |
| 08 | Arpookara | Cherupushpam |
| 09 | Arpookara-Villoonni | St. Xavier's |
| 10 | Arumanoor | Mangalavartha |
| 11 | Arunoottampadam | Sacred Heart |
| 12 | Aruvikuzhy | Lourdes Matha |
| **2026 JUNE 17** | | |
| 13 | Aryad | Little Flower |
| 14 | Athirampuzha | St. Mary's Forane |
| 15 | Athirampuzha (MCBS) | Lisieux |
| 16 | Ayarkunnam | St. Sebastian's |
| 17 | Ayroor (CMI) | Lourdes Matha |
| 18 | Champakara | St. Joseph's |
| **2026 JUNE 18** | | |
| 19 | Champakulam | St. Mary's Basilica Forane |
| 20 | Changamkary | St. Joseph's |
| 21 | Changanacherry | St. Mary's Metropolitan Forane |
| 22 | Chanjody | St. Sebastian's |
| 23 | Charamangalam | Lourdes Matha |
| 24 | Chathanadu | St. Alphonsa |
| **2026 JUNE 22** | | |
| 25 | Cheepunkal (CMI) | St. Antony's |
| 26 | Cheeranchira | St. George |
| 27 | Chengalam | St. Sebastian's |
| 28 | Chengannur | Marth Mariam Forane |
| 29 | Chennamkary West | St. Joseph's |
| 30 | Chennamkary (Koolipurackal) | Lourdes Matha |

| | | |
|---|---|---|
| **2026 JUNE 23** | | |
| 31 | Cheppumpara | Marth Mariam |
| 32 | Cheruvandoor | St. Sebastian's |
| 33 | Chethipuzha (CMI) | Sacred Heart |
| 34 | Chunkappara | Little Flower |
| 35 | Edathua | St. George Forane |
| 36 | Eara | Lourdes Matha |
| **2026 JUNE 24** | | |
| 37 | Eravinalloor | Assumption |
| 38 | Eravuchira | St. Mary's |
| 39 | Ettumanoor | Christ the King |
| 40 | Ezhumattoor | St. Joseph's |
| 41 | Fathimapuram | Fathima Matha |
| 42 | Ithithanam | St. Mary's |
| **2026 JUNE 25** | | |
| 43 | Kadayanickadu | St. Mary's |
| 44 | Kaduvakulam (MCBS) | Little Flower |
| 45 | Kainady | Our Lady of Dolours |
| 46 | Kainakary | St. Mary's |
| 47 | Kaithavana | Immaculate Heart |
| 48 | Kalavoor | St. Thomas |
| **2026 JUNE 30** | | |
| 49 | Kandankary | St. Joseph's |
| 50 | Kannady | St. Rita's |
| 51 | Kannady | St. Joseph's |
| 52 | Karikkattoor (CMI) | St. James |
| 53 | Karimpanakulam | Sacred Heart |
| 54 | Karumady | St. Nicholas |
| **2026 JULY 01** | | |
| 55 | Karumady | St. Joseph's |
| 56 | Karuvatta | St. Joseph's |
| 57 | Kattachira | St. Xavier's |
| 58 | Karuvatta (Kariyil) | Holy Family |
| 59 | Kavalam | St. Theresa's |
| 60 | Kavalam Lisieux | Little Flower |
| **2026 JULY 02** | | |
| 61 | Kavalam North | St. Joseph's |

| | | |
|---|---|---|
| 62 | Kayalpuram | St. Antony's |
| 63 | Kayalpuram | St. Joseph's |
| 64 | Kelamangalam | Our Lady of Dolours |
| 65 | Kidangara | St. Gregorios |
| 66 | Kiliroor | St. Francis De Sales |
| **2026 JULY 06** | | |
| 67 | Kizhake Mithrakary | Holy Family |
| 68 | Kodinattumkunnu | St. Sebastians |
| 69 | Koduppunna | St. Joseph's |
| 70 | Koilmuk | St. Joseph's |
| 71 | Kondackal | St. Joseph's |
| 72 | Kooroppada | Mar Sleeva |
| **2026 JULY 07** | | |
| 73 | Koothrappally | St. Mary's |
| 74 | Kottackupuram | St. Mathew's |
| 75 | Kottangal | St. John the Baptist's |
| 76 | Kottayam | Lourdes Forane |
| 77 | Kudamaloor | St. Mary's Major Archepiscopal Forane |
| 78 | Kulathoor | Little Flower |
| **2026 JULY 08** | | |
| 79 | Kumarakom Vadakkumkara | St. John Nepumseanos |
| 80 | Kumarakom Nava Nazareth | Holy Family |
| 81 | Kumarankary | St. Mary's |
| 82 | Kumaranalloor | St. Thomas |
| 83 | Kumarapuram | St. Mary's |
| 84 | Kunnamthanam | St. Joseph's |
| **2026 JULY 09** | | |
| 85 | Kunthirickal | Sacred Heart |
| 86 | Kurichy | St. Joseph's (Submitted) |
| 87 | Kurumpanadom | St. Antony's Forane |
| 88 | Kurumpanadom | Assumption |
| 89 | Kuttamangalam (Pandicherry) | St. Joseph's |
| 90 | Laikad | St. Joseph's |
| **2026 JULY 13** | | |
| 91 | Madappally | Little Flower |
| 92 | Mahendrapuram | St. Sebastian's |
| 93 | Mallappally | St. Athanasius |

| | | |
|---|---|---|
| 94 | Mammood | Lourdes Matha |
| 95 | Mampuzhakary | Lourdes Matha |
| 96 | Manackachira | St. Joseph's |
| **2026 JULY 14** | | |
| 97 | Manalady | St. Mary's |
| 98 | Manimala | Holy Magi Forane |
| 99 | Manimala New | St. Basil's |
| 100 | Mannanam | Twelve Apostles |
| 101 | Mannanam (CMI) | St. Joseph's |
| 102 | Mannancherry | St. Mary's |
| **2026 JULY 15** | | |
| 103 | Mannarkunnu | St. Gregorios |
| 104 | Mannila | Holy Family |
| 105 | Mariyapuram | Mary Matha |
| 106 | Mavelikara | St. Alphonsa |
| 107 | Mithrakary | St. Xavier's |
| 108 | Mithrakary East | Holy Family |
| **2026 JULY 16** | | |
| 109 | Moncompu | St. Pius X |
| 110 | Mudiyoorkara | Holy Family |
| 111 | Muhamma | St. George Forane |
| 112 | Mundathanam | St. Antony's |
| 113 | Mundupalam | St. Mary's |
| 114 | Muttar (CMI) | Immaculate Conception |
| **2026 JULY 20** | | |
| 115 | Muttar Old | St. George |
| 116 | Muttar New | St. Thomas |
| 117 | Mylady (VC) | St. Antony's |
| 118 | Nalpathimala | St. Thomas |
| 119 | Narbonapuram | St. Sebastian's |
| 120 | Nazareth | St. Jerome's |
| **2026 JULY 21** | | |
| 121 | Nedumanny | Fathima Matha |
| 122 | Nedumkunnam | St. John The Baptist's Forane |
| 123 | Nedumon | St. Mary's |
| 124 | Nedumudy | Sacred Heart |
| 125 | Niranam | Mar Thoma Sleeha Pilgrim Centre |
| 126 | Nirmalapuram | St. Mary's |

| | | |
|---|---|---|
| **2026 JULY 22** | | |
| 127 | Pacha-Chekkidikad | Lourdes Matha |
| 128 | Padaharam | St. Joseph's |
| 129 | Paduvapuram (SN Puram) | St. Antony's |
| 130 | Paippadu | Lourdes Matha |
| 131 | Paippadu-Nalukody | St. Thomas |
| 132 | Pallathuruthy | St. Thomas |
| **2026 JULY 23** | | |
| 133 | Pallikkoottumma | Fathima Matha |
| 134 | Pallikunnu | St. Thomas |
| 135 | Pampady | Deivamatha |
| 136 | Panayampala | St. Sebastian's |
| 137 | Pandalam | Denahapally |
| 138 | Pandankary | St. Pius X |
| **2026 JULY 27** | | |
| 139 | Pandy | Fathima Matha |
| 140 | Pangada | Sacred Heart |
| 141 | Paral | St. Antony's |
| 142 | Parampuzha | Bethlehem |
| 143 | Parel | St. Mary's |
| 144 | Payattupakka | Holy Family |
| **2026 JULY 28** | | |
| 145 | Perumkavu | St. Thomas |
| 146 | Perunna East | St. Antony's |
| 147 | Podippara | Holy Family |
| 148 | Ponga | Mar Sleeva |
| 149 | Poonthope | St. Francis Assisi |
| 150 | Pulickalkavala | St. Mary's |
| **2026 JULY 29** | | |
| 151 | Pulimugham | Marth Mariam |
| 152 | Pulincunnoo | St. Mary's Forane |
| 153 | Pullangady | Holy Family |
| 154 | Punnakkunnathusserry | St. Joseph's |
| 155 | Punnamada | St. Mary's |
| 156 | Punnapra | Mar Gregorios |

| | | |
|---|---|---|
| **2026 JULY 30** | | |
| 157 | Punnathura | St. Thomas |
| 158 | Punnaveli | Little Flower |
| 159 | Purakkad | Mar Sleeva |
| 160 | Puthenangady | St. George |
| 161 | Puthukary | St. Xavier's |
| 162 | Puthuppally-Poomattom (CMI) | St. Antony's |
| **2026 AUGUST 03** | | |
| 163 | Puthussery-Kallooppara | Lourdes Matha |
| 164 | Puzhavathu | St. Thomas |
| 165 | Rajamattom | Sacred Heart |
| 166 | Ramankary | St. Joseph's |
| 167 | SL Puram | St. Sebastian's |
| 168 | Thadiyoor | St. Antony's |
| **2026 AUGUST 04** | | |
| 169 | Thakazhy-Thennady | St. Rita's |
| 170 | Thathampally | St. Michael's |
| 171 | Thayamkary | St. Antony's |
| 172 | Thazhathangady | Sacred Heart |
| 173 | Thazhathuvadakara | Lourdes Matha |
| 174 | Thekke Puthukary | St. Joseph's |
| **2026 AUGUST 05** | | |
| 175 | Thekkekara | St. Sebastian's |
| 176 | Thekkekara | St. John's |
| 177 | Thellakom | St. Joseph's |
| 178 | Thiruvalla-Muthoor | St. Antony's |
| 179 | Thottackad | St. George |
| 180 | Thottuvathala | Sacred Heart |
| **2026 AUGUST 06** | | |
| 181 | Thrickodithanam | St. Xavier's Forane |
| 182 | Thuruthy | Marth Mariam Forane |
| 183 | Vadakke Amichakary | St. George |
| 184 | Vadakkekara | St. Mary's |
| 185 | Vadavathoor | St. Thomas |
| 186 | Vaipur New | St. Joseph's |

| 2026 AUGUST 10 | | |
|---|---|---|
| 187 | Vaipur Old | St. Mary's |
| 188 | Vaisyambhagom | St. Antony's |
| 189 | Vallamchira | St. Mary's |
| 190 | Vazhappally (OFM Cap.) | Gethsemany |
| 191 | Vazhappally West | St. Mary's |
| 192 | Veliyanadu North | St. Joseph's |
| 193 | Veliyanadu North (Kesaria) | St. Gregorios |
| **2026 AUGUST 11** | | |
| 194 | Veliyanadu South | St. Xavier's |
| 195 | Veroor | St. Joseph's |
| 196 | Vettickalpurayidom | St. Sebastian's |
| 197 | Vettimukal | St. Mary's |
| 198 | Vettithuruth | St. Antony's |
| 199 | Vezhapra | St. Paul's |
| 200 | Yudapuram | St. Jude's |

❑

## നിത്യതയിലേക്ക്



സി. അംബ്രോസിയ
കിങ്ങണംചിറ
പീടികയിൽ SH



സി. മേരി സിറിയക്
പനന്താനത്ത് SH



സി. ഫ്ളോറൻസ്
മുളമൂട്ടിലായ
മേനാംപുറത്ത് SD

"ഞാൻ നന്നായി പൊരുതി; എന്റെ ഓട്ടം പൂർത്തിയാക്കി;
വിശ്വാസം കാത്തു." *(2 തിമോ. 4:7)*

# റിപ്പോർട്ട് – വൈദികസമ്മേളനം
## 07 ഏപ്രിൽ 2026

ഈ വർഷത്തെ ആദ്യത്തെ വൈദികസമ്മേളനം 2026 ഏപ്രിൽ 07 ചൊവ്വാഴ്ച ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളിയിൽ നടത്തപ്പെട്ടു. അതിരൂപതാ സിഞ്ചെള്ളൂസ് കന്യാകോണിൽ പെരിയ ബഹു. സ്കറിയാ അച്ചന്റെ കാർമികത്വത്തിൽ 9.45ന് ഖൂഥാആ പ്രാർഥനയോടെ സമ്മേളനം ആരംഭിച്ചു.

അതിരൂപതാ പ്രോട്ടോസിഞ്ചെള്ളൂസ് എത്തക്കാട് പെരിയ ബഹു. ആന്റണി അച്ചൻ എല്ലാവരെയും വൈദികസമ്മേളനത്തിലേക്കു സ്വാഗതം ചെയ്തു. ഉയിർപ്പുതിരുനാൾ വലിയ പ്രത്യാശ നൽകുന്നെന്നും രാജ്യത്തും സഭയിലും പ്രതിസന്ധികൾ വർദ്ധിക്കുമ്പോൾ ഉത്ഥിതന്റെ സാന്നിധ്യം ആശ്വാസവും ബലവുമാണെന്ന് അച്ചൻ ഓർമിപ്പിച്ചു. പരസ്പരം പ്രോത്സാഹിപ്പിക്കാനുള്ള അവസരമാണു വൈദികസമ്മേളനമെന്ന് അച്ചൻ സൂചിപ്പിച്ചു. അതിരൂപത മുന്നോട്ടുവെക്കുന്ന പദ്ധതികൾ പൂർത്തിയാക്കാൻ വൈദികർ പൂർണമായി സഹകരിക്കുന്നുണ്ടെന്നും പാറേൽ തീർഥാടനം, അതിരൂപതാ ബൈബിൾ കൺവെൻഷൻ, ജൂബിലി പരിപാടികൾ എന്നിവയ്ക്കു ബഹു. വൈദികർ നൽകിയ സഹകരണം നിസ്തുലമായിരുന്നെന്നും അച്ചൻ അനുസ്മരിച്ചു. സമുദായ ശക്തീകരണവർഷാചരണം ചർച്ചകളുടെ അടിസ്ഥാനത്തിൽ നടന്നുകൊണ്ടിരിക്കുന്ന കാര്യവും ബഹു. അച്ചൻ സൂചിപ്പിച്ചു.

തുടർന്നു, കഴിഞ്ഞ വൈദികസമ്മേളനത്തിനുശേഷം അതിരൂപതയിൽ നടന്ന പ്രധാനസംഭവങ്ങളുടെ റിപ്പോർട്ട് MAC TV യുടെ നേതൃത്വത്തിൽ ദൃശ്യശ്രാവ്യരൂപേണ അവതരിപ്പിക്കപ്പെട്ടു.

'പീഡയനുഭവിക്കുന്നതിനുമുമ്പു നിങ്ങളോടുകൂടെ ഈ പെസഹാ ഭക്ഷിക്കുന്നതിനു ഞാൻ അത്യധികം ആഗ്രഹിച്ചു' (ലൂക്കാ 22:15) എന്ന തിരുവചനത്തെ ആസ്പദമാക്കി അഭി. മാർ ജോസഫ് പെരുന്തോട്ടംപിതാവു സന്ദേശം നൽകി. ഈശോയുടെ മനസിൽ എപ്പോഴും ആ പെസഹായെക്കുറിച്ചുള്ള ചിന്ത ഉണ്ടായിരുന്നെന്നും ഈശോ ആഗ്രഹിച്ച ആ പെസഹാ ആചരണത്തോടെ മനുഷ്യൻ പാപത്തിൽനിന്നു മോചിതനായെന്നും അതു ദൈവപിതാവിന്റെ സ്നേഹത്തിന്റെ പൂർണതയായിരുന്നന്നും അന്ന് ഈശോ മുറിച്ചു നൽകിയ അപ്പവും പകർന്നു നൽകിയ വീഞ്ഞും ജീവനും ജീവിതവുമായി മാറിയെന്നും ഈശോ വേദനയുടെ കാസാ സന്തോഷത്തോടെ സ്വീകരിച്ചതിന്റെ കാരണം മനുഷ്യരോടുള്ള സ്നേഹമാണെന്നും സ്നേഹത്തിന്റെ മുന്നിൽ വേദനകൾ ഒന്നുമല്ലാതാകുന്നെന്നും ഈശോയുടെ ആ സ്നേഹം തുടരാനാണ് ഈശോ ശ്ലീഹന്മാരെ നിയോഗിച്ചതും അത് ഇന്നു പുരോഹിതരിലൂടെ തുടരുന്നെന്നും അഭി. പിതാവ് ഓർമിപ്പിച്ചു. പൗരോഹിത്യശുശ്രൂഷയുടെ അർഥവും മഹത്വവും വിലമതിക്കാനാവാത്തതും ദൈവത്തിനും ദൈവജനത്തിനുംവേണ്ടിയുള്ള സമ്പൂർണസമർപ്പണമാണെന്നും അതു സ്നേഹത്തിന്റെ ശുശ്രൂഷയാണെന്നും ഒരു നല്ല പുരോഹിതനു സമുദായത്തെ ശക്തിപ്പെടുത്താൻ സാധിക്കുന്നിട

ത്തോളം മറ്റാർക്കും അതിനു സാധിക്കില്ലെന്നും അതു നൽകപ്പെട്ട അനുഗ്രഹ മായതിനാൽ നന്ദിയുടെ ജീവിതമാണു പുരോഹിതനുണ്ടായിരിക്കേണ്ടതെന്നും അഭി. പെരുന്തോട്ടംപിതാവു തന്റെ സന്ദേശത്തിലൂടെ ഓർമിപ്പിച്ചു.

തുടർന്ന്, അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്താ പൊതുനിർദേശ ങ്ങൾ നൽകി. നോമ്പുകാലത്തു ബഹു. വൈദികർ ഏറെ അധ്വാനിച്ചെന്നും കരുവള്ളിക്കാട് കുരിശുമല തീർഥാടനത്തിന് കൂടുതൽ പങ്കാളിത്തമുണ്ടായത് വൈദികരുടെ ശ്രമഫലമായാണെന്നും പള്ളിയിൽ ആളുകൾ കൂടുന്നുണ്ടെ ങ്കിലും യുവജനങ്ങളടെയും കുട്ടികളുടെയും എണ്ണം കുറയുകയാണെന്നും അവർക്കു കുടുംബങ്ങളിൽ ബോധ്യങ്ങൾ നൽകാൻ പരാജയപ്പെടുന്നുണ്ടെങ്കിൽ പള്ളിയിൽ ശരിയായ ബോധ്യങ്ങൾ നൽകാൻ സാധിക്കണമെന്നും വിശ്വാസ ത്തിന്റെ പ്രാഥമികപാഠങ്ങൾ മുതൽ പഠിപ്പിക്കുകയും നഷ്ടമായ ചിട്ടകളും നിഷ്ഠകളും വീണ്ടെടുക്കണമെന്നും അഭി. മെത്രാപ്പോലീത്താ സൂചിപ്പിച്ചു.

രണ്ടാം വത്തിക്കാൻ കൗൺസിൽ പൗരോഹിത്യവുമായി ബന്ധപ്പെട്ടു പുറ പ്പെടുവിച്ച രണ്ടു ഡിക്രികളുടെ അറുപതാം വാർഷികത്തിൽ പരിശുദ്ധ ലെയോ പാപ്പ 'ഭാവിയെ രൂപപ്പെടുത്തുന്ന വിശ്വസ്തത' (A fidelity that generates the future) എന്ന തലക്കെട്ടിൽ നൽകിയ അപ്പസ്തോലികരേഖയെക്കുറിച്ച് അഭി. മെത്രാ പ്പോലീത്താ സംസാരിച്ചു.

വിളിച്ചവന്റെ സ്വരം ഹൃദയത്തിൽ സൂക്ഷിക്കുമ്പോൾ പരീക്ഷണങ്ങളെ അതി ജീവിക്കാൻ സാധിക്കുമെന്ന് അഭി. മെത്രാപ്പോലീത്താ ഓർമിപ്പിച്ചു. യുവജന ശുശ്രൂഷയിലൂടെ ദൈവവിളിയുടെ മൂല്യം യുവജനങ്ങളെ ബോധ്യപ്പെടുത്ത ണമെന്നും അജപാലനപദ്ധതികളുടെ ലക്ഷ്യം ദൈവവിളി പ്രോത്സാഹനമാക ണമെന്നും കൂട്ടിച്ചേർത്തു. സ്വയം ശിക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ചും അവധിക്കാലത്തു കുട്ടികൾക്കും യുവജനങ്ങൾക്കുംവേണ്ടി ഇടവകകളിൽ പരിപാടികൾ സംഘടിപ്പിക്കണമെന്നും അതിരൂപതയുടെ വിവിധ സോണുക ളിലായി യുവദമ്പതീ കൺവൻഷൻ നടത്തുന്നതിനെക്കുറിച്ചും ഭവനസന്ദർശന ത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും സമുദായശക്തീകരണവർഷത്തിൽ കരിയർ ഗൈഡൻസ്, ബോധവത്കരണം, തൊഴിലിന്റെ മാന്യതയെക്കുറിച്ച് അവ ബോധം നൽകൽ എന്നിവ നടപ്പിലാക്കണമെന്ന് അഭി. മെത്രാപ്പോലീത്താ ആഹ്വാനം ചെയ്തു. ഇടവകയിലെ കണക്കുകൾ സൂക്ഷിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ചും കരുതൽ ധനശേഖരണത്തെക്കുറിച്ചും അഭി. പിതാവ് അറിയിച്ചു. തുടർന്ന് നവവൈദികർക്ക് ആശംസകൾ നേർന്നു.

കന്യാകോണിൽ പെരിയ ബഹു. സ്കറിയാ അച്ചൻ രചിച്ച 'പരിശുദ്ധ കുർബാനയും ധാർമികജീവിതവും' എന്ന പുസ്തകവും പനക്കേഴം ബഹു. ജോസഫ് അച്ചന്റെ നേതൃത്വത്തിൽ അതിരൂപതാ ചരിത്ര കമ്മിഷൻ തയ്യാറാ ക്കിയ 'ചങ്ങനാശേരി അതിരൂപത – മുമ്പേ പറക്കുന്ന പക്ഷി' എന്ന പുസ്ത കവും പ്രകാശനം ചെയ്തു.

ASPIRE എന്ന പേരിൽ കുട്ടികൾക്കുവേണ്ടിയുള്ള പദ്ധതിയെക്കുറിച്ചു പള്ളിച്ചിറ ബഹു. മാത്യു അച്ചനും 'കരുതൽ' വിഭവസമാഹരണത്തെക്കുറിച്ച്

ചമ്പക്കുളത്തിൽ ബഹു. ജോസഫ് അച്ചനും സമുദായശക്തീകരണവർഷാചരണത്തെക്കുറിച്ചു മാനാട്ട് ബഹു. സാവിയോ അച്ചനും 'നസ്രാണി ഫാമിലി ഫ്രട്ടേണിറ്റി' എന്ന പേരിൽ യുവദമ്പതികൾക്കായുള്ള കൂട്ടായ്മയെക്കുറിച്ചു പാറയ്ക്കൽ ബഹു. ജോസഫ് അച്ചനും പാറേൽ മരിയൻ തീർഥാടനകേന്ദ്രത്തിന്റെ നിർമാണം, കൂദാശകർമം എന്നിവയെക്കുറിച്ച് പുതുവീട്ടിൽകളം ബഹു. ജോസഫ് അച്ചനും മുതിർന്ന പൗരന്മാർക്കു താമസിക്കുന്നതിനായി കങ്ങഴയിൽ തയ്യാറായിക്കൊണ്ടിരിക്കുന്ന ഭവനപദ്ധതിയെക്കുറിച്ചും 18 വയസ് കഴിഞ്ഞ ഭിന്നശേഷിക്കാർക്കുവേണ്ടിയുള്ള ആജീവനാന്തപുനരധിവാസകേന്ദ്രം ആനിക്കാട് നിർമിക്കുന്നതിനെക്കുറിച്ചും പഴയമഠം ബഹു. ജയിംസ് അച്ചനും 'മൈ പാരിഷ്' സോഫ്റ്റ് വെയറിനെക്കുറിച്ച് കാച്ചാംകോട് ബഹു. ആന്റണി അച്ചനും മുതിർന്നവർക്കുവേണ്ടിയുള്ള ധ്യാനത്തെക്കുറിച്ചു പ്ലാപ്പറമ്പിൽ ബഹു. തോമസ് അച്ചനും മെയ് 20നു തൃക്കൊടിത്താനം ഫൊറോനയുടെ നേതൃത്വത്തിൽ നടക്കുന്ന അതിരൂപതാദിനത്തെക്കുറിച്ചു കക്കുഴി ബഹു. ചെറിയാൻ അച്ചനും വടവാതൂർ പൗരസ്ത്യവിദ്യാപീഠത്തിൽ പ്ശീത്താ ബൈബിൾ പഠനത്തിനുവേണ്ടി ബൈബിൾ ചെയർ ആരംഭിച്ച കാര്യം വലിയകുന്നുംപുറം ബഹു. സിറിയക് അച്ചനും അറിയിച്ചു. എസ്.ബി. കോളേജിന്റെ ശതാബ്ദിയോടനുബന്ധിച്ചു രണ്ടു പുതിയ എയ്ഡഡ് കോഴ്സുകൾക്കൂടി കോളേജിനു ലഭിച്ച കാര്യവും അഭി. മാർ തോമസ് തറയിൽ മെത്രാപ്പോലീത്താ അറിയിച്ചു.

ബഹു. വൈദികർ അജപാലനപരമായ അനുഭവങ്ങളും സംശയങ്ങളും പങ്കുവെക്കുകയും ചർച്ച നടത്തുകയും ചെയ്തു.

അതിരൂപതാ സിഞ്ചെല്ലൂസ് തെക്കേക്കര പെരിയ ബഹു. ജോൺ അച്ചൻ സമ്മേളനത്തിനു നന്ദിപ്രകാശിപ്പിച്ചു.

**ഫാ. ജേക്കബ് പാറയ്ക്കൽ**

*(അതിരൂപതാ വൈസ് ചാൻസലർ)*

❑

# സന്ദേശനിലയം

ഈശോയിൽ സ്നേഹം നിറഞ്ഞവരേ,

വിശ്വാസോത്സവം ഫലപ്രദമായി ഉപയോഗപ്പെടുത്തിയെന്നു വിശ്വസിക്കട്ടെ. ഒരു വർഷംമുഴുവനും ലഭിച്ച വിശ്വാസപരിശീലനം പ്രായോഗികതലത്തിൽ എത്രമാത്രം പ്രതിഫലിക്കുന്നു എന്നു മനസ്സിലാക്കാനുള്ള സമയമാണ് അവധിക്കാലം. നിയതമായ മതബോധനപ്രക്രിയ ഇല്ലാത്ത മാസമാണു മെയ് മാസമെങ്കിലും ഇടവകപ്പള്ളിയും അതിന്റെ അനുബന്ധസംവിധാനങ്ങളും നമ്മുടെ സാന്നിധ്യംകൊണ്ടു നമുക്കു സജീവമാക്കാം.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. സെബാസ്റ്റ്യൻ മാമ്പറ**
**ഫാ. ആന്റണി കിഴക്കേതെലയ്ക്കൽ**
*(അസ്സിസ്റ്റന്റ് ഡയറക്ടർമാർ)*

**ഫാ. വർഗീസ് പുത്തൻപുരയ്ക്കൽ**
*(ഡയറക്ടർ)*

## അറിയിപ്പുകൾ

**മെയ്**

01 വെള്ളി : **മെയ്ദിനം – തൊഴിലാളി മധ്യസ്ഥൻ മാർ യൗസേപ്പ്** (ഓഫീസ് അവധി)
സി.എഫ്.സി. മീറ്റിങ് തിരുവനന്തപുരം ഫൊറോന *(ഉച്ചകഴിഞ്ഞ് 2–4.30)*

02 ശനി : സി.എഫ്.സി. മീറ്റിങ് അമ്പൂരി ഫൊറോന *(രാവിലെ 9.30–12)*

03 ഞായർ : സി.എഫ്.സി. മീറ്റിങ് കുറുമ്പനാടം ഫൊറോന *(രാവിലെ 9.30–12)*
സി.എഫ്.സി. മീറ്റിങ് തൃക്കൊടിത്താനം ഫൊറോന *(ഉച്ചകഴിഞ്ഞ് 2–4.30)*

05 ചൊവ്വ : **സന്ദേശനിലയം സ്ഥാപകദിനം**

07 വ്യാഴം : റ്റീച്ചേഴ്സ് ഈവ്: ഹോളി ഫാമിലി സൺഡേ സ്കൂൾ, കരിയിൽ *(വൈകുന്നേരം 5–8)*

09 ശനി : സി.എഫ്.സി. മീറ്റിങ് എടത്വാ ഫൊറോന *(രാവിലെ 9.30–12)*
സി.എഫ്.സി. മീറ്റിങ് പുളിംകുന്ന് ഫൊറോന *(ഉച്ചകഴിഞ്ഞ് 2–4.30)*

10 ഞായർ : സി.എഫ്.സി. മീറ്റിങ് ചമ്പക്കുളം ഫൊറോന *(രാവിലെ 9.30–12)*
സി.എഫ്.സി. മീറ്റിങ് ചങ്ങനാശ്ശേരി ഫൊറോന *(ഉച്ചകഴിഞ്ഞ് 2–4.30)*

11 തിങ്കൾ : റ്റീച്ചേഴ്സ് ഈവ്: മേരി മാതാ സൺഡേ സ്കൂൾ, മരിയാപുരം *(വൈകുന്നേരം 5–8)*

15 വെള്ളി : ബി.സി.റ്റി. രജിസ്ട്രേഷൻ ആരംഭിക്കുന്നു

16 ശനി : സി.എഫ്.സി. മീറ്റിങ് മണിമല ഫൊറോന *(രാവിലെ 9.30–12)*
സി.എഫ്.സി. മീറ്റിങ് നെടുംകുന്നം ഫൊറോന *(ഉച്ചകഴിഞ്ഞ് 2–4.30)*

17 ഞായർ : സി.എഫ്.സി. മീറ്റിങ് കോട്ടയം ഫൊറോന *(രാവിലെ 9.30–12)*
സി.എഫ്.സി. മീറ്റിങ് തുരുത്തി ഫൊറോന *(ഉച്ചകഴിഞ്ഞ് 2–4.30)*

19 ചൊവ്വ : റ്റീച്ചേഴ്സ് ഈവ്: സെന്റ് മേരീസ് സൺഡേ സ്കൂൾ, കുമാരപുരം *(വൈകുന്നേരം 5–8)*

23 ശനി : സി.എഫ്.സി. മീറ്റിങ് അതിരമ്പുഴ ഫൊറോന *(രാവിലെ 9.30–12)*
സി.എഫ്.സി. മീറ്റിങ് കുടമാളൂർ ഫൊറോന *(ഉച്ചകഴിഞ്ഞ് 2–4.30)*

24 ഞായർ : പന്തക്കുസ്താ തിരുനാൾ, ശ്ലീഹാ ഒന്നാം ഞായർ, അതിരൂപതാ മതബോധനദിനം (അതിരൂപതാതല മതബോധനവർഷം ഉദ്ഘാടനം)
സി.എഫ്.സി. മീറ്റിങ് ചെങ്ങന്നൂർ ഫൊറോന *(ഉച്ചകഴിഞ്ഞ് 2–4.30)*

25 തിങ്കൾ : ബി.സി.റ്റി. 1–ാം ബാച്ച് ആരംഭിക്കുന്നു. ക്ലാസ്സ് – 1

26 ചൊവ്വ : ബി.സി.റ്റി. 1–ാം ബാച്ച് ക്ലാസ്സ് – 2

27 ബുധൻ : ബി.സി.റ്റി. 1–ാം ബാച്ച് ക്ലാസ്സ് – 3 സമാപനം

28 വ്യാഴം : റ്റീച്ചേഴ്സ് ഈവ്: സെന്റ് ജോർജ് സൺഡേ സ്കൂൾ, മുട്ടാർ *(വൈകുന്നേരം 5–8)*

30 ശനി : മതാധ്യാപക നേതൃസംഗമം

31 ഞായർ : പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാൾ, ശ്ലീഹാ രണ്ടാം ഞായർ

**ജൂൺ**

02 ചൊവ്വ : ധന്യൻ മാർ തോമസ് കുര്യാളശ്ശേരി

06 ശനി : ബി.സി.റ്റി. 2–ാം ബാച്ച് ആരംഭിക്കുന്നു. ക്ലാസ്സ് – 1

07 ഞായർ : മതബോധന ക്ലാസ്സുകൾ ആരംഭിക്കുന്നു. ശ്ലീഹാ മൂന്നാം ഞായർ ക്ലാസ്സ് – 1

## സി.എഫ്.സി. മീറ്റിങ് 2026

ഇടവേളയ്ക്കുശേഷം പുനരാരംഭിക്കുന്ന ഈ സമിതി യോഗത്തിലേയ്ക്കു നിർദേശിക്കപ്പെട്ടവരുടെ പങ്കാളിത്തം ആത്മാർത്ഥമായിട്ടുണ്ടാകേണ്ടതാണ്. സി.ആർ.റ്റി. അംഗങ്ങൾ, സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർമാർ, സ്റ്റാഫ് സെക്രട്ടറി, ഓഫീസ് സെക്രട്ടറി, എക്കോസ്@സന്ദേശ് tech support എന്നിവരും മിഷൻലീഗ് മേഖലാ ഭാരവാഹികളും പങ്കെടുക്കേണ്ടതാണ്. പുതിയപ്രവർത്തനവർഷം ആരംഭിക്കുന്നതിനു മുമ്പായി വരുംവർഷത്തെ പ്രവർത്തനപരിപാടികളെക്കുറിച്ചുള്ള വിശദീകരണ–അവലോകനയോഗത്തിൽ നേതൃനിരയിലുള്ളവർ പങ്കെടുക്കേണ്ടതാണെന്ന് അറിയിക്കുന്നു.

## ബി.സി.റ്റി. കോഴ്സ്

വിശ്വാസപരിശീലനശുശ്രൂഷയ്ക്ക് ഏറ്റവും ആവശ്യമായ അടിസ്ഥാന ബോധ്യങ്ങൾ നല്കുന്ന ബി.സി.റ്റി. കോഴ്സിന്റെ ഈ വർഷത്തെ ആദ്യബാച്ച് മെയ് 25, 26, 27 തീയതികളിൽ സന്ദേശനിലയത്തിൽ രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ നടത്തപ്പെടുന്നു. ഇതുവരെയും ബി.സി.റ്റി. കോഴ്സിൽ പങ്കെടുക്കാത്ത അധ്യാപകർ കോഴ്സിൽ പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. മെയ് 15 മുതൽ Ecos@sandeലൂടെ കോഴ്സിന് അപേക്ഷ സമർപ്പിക്കാവുന്ന

താണ്. 500 രൂപ മെയ് 20നു മുമ്പായി ഗൂഗിൾ പേ ആയി നല്കി രജിസ്റ്റർ ചെയ്യേണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 90 പേർക്ക് മാത്രമാണ് പ്രവേശനം.

**മതാധ്യാപക നേതൃസംഗമം**

ഈ വർഷത്തെ മതാധ്യാപക നേതൃസംഗമം മെയ് 30-ാം തീയതി ശനിയാഴ്ച രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 1.30 വരെ സന്ദേശനിലയം മാർ ജയിംസ് കാളാശ്ശേരി ഇൻഡോർ സ്റ്റേഡിയത്തിൽ നടത്തപ്പെടുന്നു. രജി. ഫീസ് 100 രൂപ. പ്രസ്തുത സമ്മേളനത്തിൽ സൺഡേ സ്കൂൾ ഫൊറോന ഓർഗനൈസർമാർ, സെക്രട്ടറിമാർ, എ.സി.സി. അംഗങ്ങൾ, ഓരോ സൺഡേ സ്കൂളിൽ നിന്നുള്ള ഹെഡ്മാസ്റ്റർ, ഓഫീസ് സെക്രട്ടറി, സി.ആർ.റ്റി. അംഗങ്ങൾ എന്നിവർ പങ്കെടുക്കേണ്ടതാണ്. സി.എൽ.റ്റി. ഡിപ്ലോമയ്ക്ക് അർഹരായവരും ഈ സംഗമത്തിൽ പങ്കെടുക്കേണ്ടതാണ്.

**സമ്പൂർണ്ണ ഹാജരിന് അവാർഡ്**

സൺഡേ സ്കൂളിൽനിന്നും 1 മുതൽ 12 വരെയുള്ള എല്ലാ ക്ലാസ്സുകളിലും 100 ശതമാനം ഹാജരോടെ പഠനം പൂർത്തിയാക്കിയ കുട്ടികൾക്കു സന്ദേശനിലയം ഏർപ്പെടുത്തിയിരിക്കുന്ന അവാർഡാണിത്. ഇതിന് അർഹരായ കുട്ടികളുടെ 1 മുതൽ 12 വരെ ക്ലാസ്സിലെ ഹാജർബുക്കുകളും വികാരിയച്ചന്റെ സാക്ഷ്യപത്രവും സഹിതം സൺഡേ സ്കൂളിൽനിന്നും മെയ് 15നകം സന്ദേശനിലയത്തിൽ ഏൽപ്പിക്കേണ്ടതാണ്.

**10, 12 ക്ലാസ്സുകളിലെ സർട്ടിഫിക്കറ്റ് വിതരണം**

10, 12 ക്ലാസ്സുകളിലെ കുട്ടികളുടെ സർട്ടിഫിക്കറ്റുകൾക്കായി ആവശ്യമായ രേഖകൾ നൽകിക്കഴിഞ്ഞ് വെരിഫൈ ചെയ്ത് സർട്ടിഫിക്കറ്റ് പ്രിന്റ് ചെയ്തു ലഭിക്കുന്നതിനായി രണ്ട് ആഴ്ചയിൽ കൂടുതൽ സമയം ആവശ്യമാണ്. തിരക്ക് ഒഴിവാക്കുന്നതിനുവേണ്ട നടപടികൾ മുൻകൂട്ടി സ്വീകരിക്കുക. സൺഡേ സ്കൂളുകൾവഴി മാത്രമേ സന്ദേശനിലയത്തിൽനിന്നും പ്രിന്റ് ചെയ്ത സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുകയുള്ളൂ. ആവശ്യമായ ഡേറ്റകൾ കൃത്യമായി രേഖപ്പെടുത്തിയെങ്കിൽ മാത്രമേ നിശ്ചിത സമയപരിധിക്കുള്ളിൽ സർട്ടിഫിക്കറ്റുകൾ ലഭ്യമാകൂ എന്നതു ശ്രദ്ധിക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു. (കൂടുതൽ വിവരങ്ങൾക്കു മതബോധന കലണ്ടർ പേജ് 27, 28 കാണുക).

**പ്രത്യേക ശ്രദ്ധയ്ക്ക്**

➢ സൺഡേ സ്കൂളിലെ പ്രധാന അധ്യാപകരുടെ നിലവിലുള്ള ഫോൺ നമ്പറുകളിൽ മാറ്റമുണ്ടെങ്കിൽ അല്ലെങ്കിൽ ഹെഡ്മാസ്റ്റർ / ഹെഡ്മിസ്ട്രസ് പുതുതായി നിയമിക്കപ്പെട്ടവരാണെങ്കിൽ അവരുടെ വാട്സ്ആപ്പ് നമ്പർ സന്ദേശനിലയത്തിൽ മെയ് 5-നകം അറിയിക്കേണ്ടതാണ്.

➢ കാറ്റക്കെറ്റിക്കൽ റിസോഴ്സ് ടീം (സി.ആർ.റ്റി.) അംഗങ്ങളായവർ, ഈ വർഷം തുടരാൻ (വിസിറ്റിന് പോകുവാൻ തടസ്സമുള്ളവർ) ആഗ്രഹിക്കുന്നില്ലെങ്കിൽ ഫൊറോന കോർഡിനേറ്റർ മുഖേനയോ നേരിട്ടോ വിവരം സന്ദേശനിലയത്തിൽ മെയ് അഞ്ചിനകം അറിയിക്കേണ്ടതാണ്. മാറ്റമുള്ള വാട്സ്ആപ്പ് നമ്പറും അറിയിക്കേണ്ടതാണ്.

➢ പുതിയ അധ്യയന വർഷത്തേയ്ക്കുള്ള പാഠപുസ്തകങ്ങളും വർക്ക്ബുക്കുകളും മെയ് 25നുശേഷം സന്ദേശനിലയത്തിൽനിന്നും ലഭ്യമാണ്.

*ശേഷം പേജ് 70* ➤➤➤

# ചെറുപുഷ്പ മിഷൻ ലീഗ്
# (CML)

സ്നേഹംനിറഞ്ഞ കുഞ്ഞുമിഷനറിമാരെ,

അവധിക്കാലം സുകൃത സമ്പാദനത്തിന്റെ കാര്യത്തിൽ കുറവ് വരാതെ നോക്കുവാനുള്ള കാലവും കൂടിയാണ്. സാധിക്കുന്നിടത്തോളം എല്ലാ ദിവസവും വിശുദ്ധ കുർബാനയിൽ പങ്കെടുത്തു പ്രസാദവരത്തിൽ (State of Grace) നിലനിൽക്കുവാനും അതിനായി കൂട്ടുകാരെ പ്രോത്സാഹിപ്പിക്കുവാനും നമുക്ക് ഉത്സാഹികളാകാം.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. വർഗീസ് പുത്തൻപുരയ്ക്കൽ**
*(ഡയറക്ടർ)*

**ഫാ. സെബാസ്റ്റ്യൻ മാമ്പറ**
**ഫാ. ആന്റണി കിഴക്കേതലയ്ക്കൽ**
*(അസ്സിസ്റ്റന്റ് ഡയറക്ടർമാർ)*

## അറിയിപ്പുകൾ

**മെയ്**

*ദൈവവചനം : മിശിഹായുടെ സുവിശേഷം ശിരസ്സാവഹിക്കുന്നതിനുള്ള നിങ്ങളുടെ വിധേയത്വം വഴിയും അവരോടും മറ്റെല്ലാവരോടും നിങ്ങൾക്കുള്ള കൂട്ടായ്മയുടെ ഔദാര്യം വഴിയും നിങ്ങളുടെ ശുശ്രൂഷയെപ്പറ്റി ബോധ്യപ്പെട്ട് അവർ ദൈവത്തെ സ്തുതിക്കും. (2 കോറി. 9 : 13)*

*സുകൃതജപം : ദൈവമേ ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.*

*നിയോഗം : സുവിശേഷപ്രഘോഷണരംഗത്തു പ്രവർത്തിക്കുന്ന എല്ലാവർക്കുംവേണ്ടി*

01 വെള്ളി : **മെയ്ദിനം – തൊഴിലാളി മധ്യസ്ഥൻ മാർ യൗസേപ്പ്** *(ഓഫീസ് അവധി)*

19 ചൊവ്വ : അതിരൂപതാദിനത്തിനു മുന്നോടിയായുള്ള ദീപശിഖാ പ്രയാണം

20 ബുധൻ : **അതിരൂപതാദിനം** *(ഓഫീസ് അവധി)*

**സ്വാഗതം**

പുതുതായി മേഖലാ ഡയറക്ടർമാരായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന ഫാ. ജേക്കബ് നടുവിലേക്കളം (ആലപ്പുഴ), ഫാ. ജോർജ് കപ്പാംമൂട്ടിൽ (അമ്പൂരി), ഫാ. ജോസഫ് നെടുംപറമ്പിൽ (അതിരമ്പുഴ), ഫാ. വർഗീസ് ഇളംപാലശ്ശേരിൽ (ചമ്പക്കുളം), ഫാ. ജോൺസൺ മുണ്ടുവേലിൽ (ചങ്ങനാശ്ശേരി), ഫാ. ജോൺ പ്ലാത്താനം (ചെങ്ങന്നൂർ), ഫാ. ജോസഫ് പാലയ്ക്കൽ (കോട്ടയം), ഫാ. ജോസഫ് കൊല്ലംപറമ്പിൽ (കുടമാളൂർ), ഫാ. ജോസഫ് കഴുന്നുകണ്ടത്തിൽ (കുറുമ്പനാടം), ഫാ. ജോസഫ് മടത്തിശ്ശേരി (നെടുംകുന്നം), ഫാ. സേവ്യർ ഇലവുംമൂട്ടിൽ (തൃക്കൊടിത്താനം), ഫാ. തോമസ് കമ്പിയിൽ (തുരുത്തി) എന്നിവരെ അതിരൂപതാ മിഷൻലീഗ് കുടുംബത്തിലേയ്ക്കു ഹൃദ്യമായി സ്വാഗതം ചെയ്യുന്നു.

ശേഷം പേജ് 55 ➤➤➤

# ബൈബിൾ അപ്പോസ്തലേറ്റ് & കുടുംബക്കൂട്ടായ്മ

ഈശോയിൽ സ്നേഹംനിറഞ്ഞവരേ,

2026 ഏപ്രിൽ 12നു നടന്ന നൂറുമേനി ഇടവകതലമത്സരം ഭംഗിയായി ക്രമീകരിക്കാൻ സഹകരിച്ച എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. വിജയികളുടെ ലിസ്റ്റുകൾ ഓൺലൈനിൽ രജിസ്റ്റർ ചെയ്തു എന്നു കരുതുന്നു.

മെയ് 17 ഞായറാഴ്ച നടക്കുന്ന ഫൊറോനതല മത്സരങ്ങളിൽ എല്ലാ കാറ്റഗറികളിൽ നിന്നുള്ള സമ്മാനാർഹരും കൂടാതെ ഒരു ഇടവകയിൽ നിന്നും ഓരോ കാറ്റഗറിയിലും സമ്മാനാർഹരായില്ലെങ്കിലും ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ ലഭിച്ചവരും കൂടാതെ കുടുംബമായി 150 മാർക്ക് ലഭിച്ചവർക്കും ഫൊറോനയിൽ മത്സരിക്കാൻ അർഹതയുണ്ട്. ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യുമ്പോൾ ഇവരെ ഉൾപ്പെടുത്തുന്ന കാര്യം ശ്രദ്ധിക്കണമേ. ഇടവകയിൽ മത്സരിക്കാത്ത ഒരാളെ ഫൊറോനാതലത്തിൽ കുടുംബമായിവരുന്ന ടീമിനോടൊപ്പം മത്സരിപ്പിക്കുന്നതല്ല. കഴിഞ്ഞവർഷത്തിൽനിന്നും വ്യത്യസ്തമായി ഈ വർഷം കുടുംബമത്സരവും വ്യക്തിപരമായിരിക്കും. ഒരു കുടുംബത്തിൽനിന്നും മത്സരിക്കുന്നവർക്ക് ലഭിക്കുന്ന ആകെ മാർക്ക് കൂട്ടിനോക്കിയാണു ഫാമിലി വിജയികളെ തിരഞ്ഞെടുക്കുന്നത്.

തീർത്ഥാടക സങ്കീർത്തനങ്ങളായ 120 മുതൽ 134 വരെയുള്ള സങ്കീർത്തനങ്ങൾ മനപ്പാടമാക്കുന്ന തിരുബാലസഖ്യം മുതൽ പന്ത്രണ്ടാം ക്ലാസ്സുവരെയുള്ള എല്ലാ കുട്ടികൾക്കും 2000 രൂപാവീതം ക്യാഷ് അവാർഡു ലഭിക്കുന്നതിനുള്ള അവസരം ഇടവകകൾ നഷ്ടമാകാതിരിക്കാൻ ശ്രദ്ധിക്കണം. വിവിധ ഇടവകകളിൽനിന്നും സങ്കീർത്തനം പഠിച്ച കുട്ടികളുടെ പേരു വിവരങ്ങൾ ഇതിനോടൊപ്പം ലഭിച്ചുകഴിഞ്ഞു. സങ്കീർത്തന പഠനത്തിനുള്ള അവസാനതീയതി മെയ് 31 ആണ്. ഇപ്പോൾ പഠനം തുടങ്ങിയാൽ സങ്കീർത്തനങ്ങൾ മനപ്പാഠമാക്കാൻ ആവശ്യമായ സമയമുണ്ട്.

**ബെസാലേൽ സായാഹ്നകൺവൻഷൻ**

ഈ വർഷം അതിരൂപതയിലെ എല്ലാ ഇടവകകളും സന്ദർശിച്ചു കുടുബക്കുട്ടായ്മാ ലീഡേഴ്സുമായി ഒരു സായാഹ്നം പങ്കിടുന്ന ബെസാലേൽ ഇടവക സന്ദർശന പരിപാടി മെയ്മാസത്തിൽ ആരംഭിക്കും.

ഓരോ ഇടവകയ്ക്കും തീയതികൾ നിശ്ചയിച്ചു നൽകുന്നതാണ്. എല്ലാ ഇടവകകളിലും പുതിയ കൂട്ടായ്മാഭാരവാഹികൾ നിലവിൽ ആയിട്ടുണ്ടല്ലോ. കൂട്ടായ്മയുടെ ഉപയോഗത്തിനായി തയ്യാറാക്കിയിട്ടുള്ള പുതിയ ഡയറിയിൽ പുതിയ സമിതിയുടെ പേരു വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.

ഈ വർഷത്തെ പഠനവിഷയമായ സമുദായശക്തീകരണത്തെക്കുറിച്ചുള്ള ക്ലാസ്സുകൾ കൂട്ടായ്മകളിൽ സംഘടിപ്പിക്കുമല്ലോ.

ലോഗോസ് രജിസ്ട്രേഷൻ, നൂറുമേനി ഇനങ്ങളിലായി ഇനിയും രൂപ തരാനുള്ളവർ പ്രസ്തുത തുക എത്രയുംവേഗം തന്നു സഹായിക്കണമേ.

ഇക്കാര്യത്തിൽ വീഴ്ച വരുത്തരുതെന്ന് ഒരിക്കൽകൂടി ഓർമിപ്പിക്കുന്നു. എല്ലാ സഹായസഹകരണങ്ങൾക്കും നന്ദി.

സ്നേഹപൂർവം,

**ഫാ. ആന്റണി കാച്ചാംകോട്**
*(അസി. ഡയറക്ടർ)*

**ഫാ. ജോർജ് മാന്തുരുത്തിൽ**
*(ഡയറക്ടർ)*

## അറിയിപ്പുകൾ

നൂറുമേനി ഇടവകതലമത്സരത്തിൽ പങ്കെടുത്തു ഫൊറോനാ മത്സരത്തിലേയ്ക്കു പ്രവേശനം ലഭിച്ചിരിക്കുന്ന എല്ലാവരും അവരുടെ പേരു വിവരങ്ങൾ ഓൺലൈനിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്

### നൂറുമേനി ഫൊറോന മത്സരം

ഈ വർഷത്തെ നൂറുമേനി ഫൊറോനാതല മത്സരം 2026 മെയ് 17 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.30 വരെ ഫൊറോനാകേന്ദ്രങ്ങളിൽ നടക്കുന്നു. ബന്ധപ്പെട്ടവരെല്ലാവരും എത്തിച്ചേരണമെന്ന് ഓർമിപ്പിക്കുന്നു. A വിഭാഗത്തിൽ 30 മാർക്കും, B വിഭാഗത്തിൽ 75 മാർക്കും, C മുതൽ F വരെ 100 മാർക്കു ലഭിച്ച വർക്കും കൂടാതെ ഏതെങ്കിലും കാറ്റഗറിയിൽ സമ്മാനാർഹരായിട്ടില്ലെങ്കിലും ഇടവകയിൽ കാറ്റഗറി വിഭാഗത്തിൽ 1, 2, 3 സ്ഥാനങ്ങൾ ലഭിച്ചവർക്കും കുടുംബമായി 150 മാർക്ക് ലഭിച്ചവർക്കും ഫൊറോനാതല മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്. റീജൻതലമത്സരം 2026 ജൂൺ 7 ഞായർ ഉച്ചകഴിഞ്ഞു രണ്ടിന് ഓഡിയോ വിഷ്വൽ റൗണ്ട് കുടുംബമായി നടത്തപ്പെടുന്നു. ഓരോ ഫൊറോനയിൽനിന്നും ആദ്യ മൂന്നുസ്ഥാനങ്ങൾ ലഭിക്കുന്ന ടീമുകൾക്കു യോഗ്യത ലഭിക്കുന്നു.

### വീഡിയോ മത്സരം

ഈ വർഷം A വിഭാഗത്തിനു മാത്രമേ വീഡിയോമത്സരം ഉണ്ടായിരിക്കുകയുള്ളൂ. മിനിമം 30 വചനമെങ്കിലും പറയേണ്ടതാണ്. ഓൺലൈനിൽ ലഭിക്കുന്ന ലൈക്, ഷെയർ, വ്യൂ എന്നിവയുടെ അടിസ്ഥാനത്തിൽ ആദ്യ മൂന്നുസ്ഥാനങ്ങൾ ലഭിക്കുന്നവർക്കു ക്യാഷ് അവാർഡുകൾ നൽകി ആദരിക്കുന്നു. വീഡിയോ അയയ്ക്കേണ്ട നമ്പർ: 8590349400

### നൂറുമേനി ഗ്രാൻഡ് ഫിനാലേ

2026 ജൂലൈ 17 വെള്ളിയാഴ്ച എസ്.ബി. കോളേജിൽ നടക്കുന്നു.

### സമാപന സമ്മേളനം

2026 ജൂലൈ 18 ശനിയാഴ്ച എസ്.ബി. കോളേജ് കാവുകാട്ടു ഹാളിൽ നടത്തപ്പെടുന്നു.

### ലോഗോസ് രജിസ്ട്രേഷൻ 2026

ഈ വർഷത്തെ ലോഗോസ് ക്വിസിനുള്ള രജിസ്ട്രേഷൻ ജൂൺ ഒന്നാം തീയതി ആരംഭിക്കും. കഴിഞ്ഞവർഷത്തെ യുസർനെയ്മും പാസ്വേഡും ഉപയോഗിച്ച് രജിസ്ട്രേഷൻ നടത്താവുന്നതാണ്.

❑

# ഫാമിലി അപ്പോസ്തലേറ്റ്

ഈശോയിൽ സ്നേഹം നിറഞ്ഞവരേ,

സഭയെ അറിയാനും സ്നേഹിക്കാനും സഭാതനയരെന്ന നിലയിൽ അഭിമാനം കൊള്ളാനും സമുദായശക്തീകരണവർഷം നമ്മെ സഹായിക്കട്ടെ. മാതൃവേദിയുടെയും പിതൃവേദിയുടെയും പ്രതിമാസ മീറ്റിങ്ങുകളിൽ സമുദായ ശക്തീകരണത്തെക്കുറിച്ചുള്ള കൈപ്പുസ്തകം വായിക്കാനും മനസിലാക്കാനും അംഗങ്ങൾ ശ്രദ്ധിക്കണം. മീറ്റിങ്ങുകൾ കൂടി നമ്മുടെ സമുദായ ചരിത്രം, സംഭാവനകൾ, മഹത്‌വ്യക്തികൾ, വെല്ലുവിളികൾ തുടങ്ങിയവ ചർച്ചചെയ്ത് പരിഹാരങ്ങൾ നിർദേശിക്കണം.

മെയ് പതിനഞ്ച് ലോകകുടുംബദിനമായി നാം ആചരിക്കുകയാണ്. കുടുംബങ്ങൾ നേരിടുന്ന അസമത്വങ്ങളും കുട്ടികളുടെ ക്ഷേമവും നാം പ്രത്യേകം ചർച്ചാവിഷയമാക്കണമെന്നു യുണൈറ്റഡ് നേഷൻസ് സംഘടന നമ്മോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഓരോ വ്യക്തിയുടെയും സമഗ്രമായ വികസനത്തിനു സഹായകരമാകുന്ന സാഹചര്യങ്ങൾ സ്നേഹത്തിന്റെയും നീതിയുടെയും സമത്വത്തിന്റെയും പാഠശാലകളായ നമ്മുടെ കുടുംബങ്ങളിലുണ്ടാകണം. ഉത്ഥിതനായ ഈശോയുടെ സമാധാനവും സന്തോഷവും ഗാർഹിക സഭയായ കുടുംബങ്ങളിൽ നിലനിൽക്കാൻ നമുക്കു പ്രാർത്ഥിക്കാം. ആഗതമാകുന്ന പന്തക്കുസ്താത്തിരുനാളിന്റെ പ്രാർത്ഥനകൾ നേരുന്നു. പരിശുദ്ധാത്മാവിന്റെ വരങ്ങൾക്കും ദാനങ്ങൾക്കും ഫലങ്ങൾക്കുമായി യാചിക്കാം.

സ്നേഹപൂർവം,

**ഫാ. ജോൺ തറക്കുന്നേൽ**
*(അസ്സിസ്റ്റന്റ് ഡയറക്ടർ)*

**ഫാ. ജോസഫ് പാറയ്ക്കൽ**
*(ഡയറക്ടർ)*

## റിപ്പോർട്ട്

### നസ്രാണി ഫാമിലി മീറ്റ് 2026: യുവദമ്പതീ കൺവെൻഷൻ

ഫാമിലി അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ, 50 വയസിൽ താഴെയുള്ള ദമ്പതികൾക്കായി സായാഹ്ന കൺവെൻഷനുകൾ ഫൊറോനാതലത്തിൽ നടത്തപ്പെട്ടു. അതിരമ്പുഴ ഫൊറോനയുടെ കൺവെൻഷൻ ഏപ്രിൽ 12 ഞായറാഴ്ച ഉച്ചകഴിഞ്ഞു 4 മണിമുതൽ അതിരമ്പുഴ സെന്റ് മേരീസ് ഫൊറോനാപ്പള്ളിയിലും കുടമാളൂർ, കോട്ടയം ഫൊറോനകളുടെ കൺവെൻഷൻ ഏപ്രിൽ 19 ഞായറാഴ്ച 4 മണിമുതൽ കോട്ടയം ലൂർദ് ഫൊറോനാപ്പള്ളിയിലും നടത്തി. പരിശുദ്ധ കുർബാനയും വചനപ്രഘോഷണവും കപ്പിൾസ് ഷെയറിങ്ങും ആരാധനയും അടങ്ങുന്ന പ്രാർഥനാനിർഭരമായ ഒരു സായാഹ്നമായിരുന്നു ഓരോ കൺവൻഷനും വിഭാവനം ചെയ്തത്. പ്രാർഥനാശുശ്രൂഷകൾ വൈകിട്ട് 8.30നു ഭക്ഷണത്തോടെ സമാപിച്ചു. കൺവെൻഷനു നേതൃത്വം നൽകിയ ഫൊറോനാ

വികാരിമാർക്കും ഫൊറോനാ ഡയറക്ടറച്ചന്മാർക്കും ആനിമേറ്റർ സിസ്റ്റേഴ്സിനും ഫൊറോന-യൂണിറ്റുതല ഭാരവാഹികൾക്കും നന്ദി.

**അതിരൂപത കലോത്സവം – അവതരണമത്സരങ്ങൾ നടത്തി**

മാതൃവേദി-പിതൃവേദി കലോത്സവവുമായി ബന്ധപ്പെട്ട ഫൊറോനാതല അവതരണമത്സരങ്ങൾ കോട്ടയം ഫൊറോന ഏപ്രിൽ 14നും കൊല്ലം ഫൊറോന ഏപ്രിൽ 18നും ആലപ്പുഴ ഫൊറോന ഏപ്രിൽ 19നും നടത്തി.

**പ്രോലൈഫ് പ്രാർഥനാക്കൂട്ടായ്മ**

ചങ്ങനാശേരി അതിരൂപത ജീവൻ ജ്യോതിസ് പ്രോലൈഫ് സെല്ലിന്റെ ആഭിമുഖ്യത്തിലുള്ള പ്രതിമാസ പ്രാർഥനയും കൂട്ടായ്മയും 2026 ഏപ്രിൽ 24നു സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളിക്കു സമീപമുള്ള കബറിട പ്പള്ളിയിൽ 9.30നു ജപമാലയോടെ ആരംഭിച്ചു. തുടർന്ന് ബഹു. സിറിയക് കോട്ടയിലച്ചൻ വചനപ്രഘോഷണവും ദിവ്യകാരുണ്യ ആരാധനയും നയിച്ചു. പരിശുദ്ധ കുർബാനയ്ക്കും വിശുദ്ധ ജിയന്നയുടെ മദ്ധ്യസ്ഥപ്രാർഥനയ്ക്കും ശേഷം നേർച്ചക്കഞ്ഞിയോടെ ശുശ്രൂഷകൾ അവസാനിച്ചു. പ്രോലൈഫ് കൂട്ടായ്മ എല്ലാ മാസവും നാലാമത്തെ വെള്ളിയാഴ്ച കത്തീഡ്രൽ പള്ളിയിൽ തുടർന്നും സംഘടിപ്പിക്കുന്നതായിരിക്കും.

**യുവദമ്പതി ദിനം**

മാതൃവേദി സഹമദ്ധ്യസ്ഥ വി. ജിയന്ന ബരേറ്റ മൊള്ളയുടെ തിരുനാൾ ദിനമായ ഏപ്രിൽ 28 യുവദമ്പതി ദിനമായി യൂണിറ്റുകളിൽ ആചരിച്ചു. യുവ ദമ്പതികൾക്കായി സമുദായശക്തീകരണ വിഷയത്തെപ്പറ്റിയുള്ള ക്ലാസുകളും മറ്റു സെമിനാറുകളും സംഘടിപ്പിച്ചു.

**കുട ചലഞ്ച്**

മാതൃവേദിയുടെയും പിതൃവേദിയുടെയും പ്രവർത്തനങ്ങളുടെ ഫണ്ട് ശേഖ രണാർഥമുള്ള കുട ചലഞ്ചിന്റെ ആദ്യഘട്ടം നടത്തി. ആദ്യഘട്ടത്തിൽ തന്നെ രണ്ടായിരത്തോളം കുടകൾ വിൽക്കുവാൻ സഹായിച്ച അതിരൂപത-ഫെറോന -യൂണിറ്റ് ഭാരവാഹികൾക്കു നന്ദി.

## ഓർമ്മിക്കാൻ

**ലോക മാതൃദിനം**

2026 മെയ് 10 ലോക മാതൃദിനമാണ്. തൊട്ടടുത്ത ദിവസം തന്നെ (മെയ് 12) അന്തർദേശീയ നേഴ്സ് ഡേ നാം ആചരിക്കുന്നു. ഈ ദിനങ്ങളോടനുബ ന്ധിച്ച് സേവനത്തിന്റെ ഉത്തമ മാതൃകകളായ, വിവിധ രംഗങ്ങളിൽ പ്രാഗത്ഭ്യം തെളിയിച്ച വനിതകളെ യൂണിറ്റുതലത്തിൽ ആദരിക്കുന്നത് ഉചിതമാണ്.

**ലോക കുടുംബദിനം**

മെയ് 15 ലോക കുടുംബദിനത്തോടനുബന്ധിച്ച് ഇടവകതലത്തിൽ ദമ്പതി ധ്യാനം സംഘടിപ്പിക്കാൻ ശ്രദ്ധിക്കുമല്ലോ.

## നസ്രാണി ഫാമിലി മീറ്റ്: ആലപ്പുഴ, മുഹമ്മ ഫൊറോനകൾ

ഫാമിലി അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ, 50 വയസിൽ താഴെയുള്ള ദമ്പതികൾക്കായി സായാഹ്ന കൺവെൻഷനുകൾ ഫൊറോനാതലത്തിൽ നടത്തി വരുന്നു. ആലപ്പുഴ-മുഹമ്മ ഫൊറോനകളുടെ കൺവെൻഷൻ 2026 മെയ് 17 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 4 മണി മുതൽ പഴവങ്ങാടി മാർ സ്ലീവാ ഫൊറോനാപ്പള്ളിയിൽ നടത്തുകയാണ്. പരിശുദ്ധ കുർബാനയും വചന പ്രഘോഷണവും കപ്പിൾസ് ഷെയറിങ്ങും ആരാധനയും അടങ്ങുന്ന പ്രാർഥ നാനിർഭരമായ ഒരു സായാഹ്നമാണ് വിഭാവനം ചെയ്യുന്നത്. അഭി. തോമസ് തറയിൽ പിതാവ് അനുഗ്രഹപ്രഭാഷണം നടത്തും. പ്രാർഥനാശുശ്രൂഷകൾ വൈകിട്ട് 8നു ഭക്ഷണത്തോടെ സമാപിക്കും. ഒരുമിച്ചായിരിക്കാനും പ്രാർത്ഥി ക്കാനും ആത്മാവിൽ ശക്തിപ്പെടാനും ദമ്പതികൾക്കിടയിലുള്ള സ്നേഹബന്ധം ദൃഢപ്പെടുത്താനുമുള്ള ഈ അവസരം പ്രയോജനപ്പെടുത്തണം.

## അതിരൂപതാദിനം

140-ാമത് അതിരൂപതാദിനം തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ഫൊറോ നാപ്പള്ളിയിലെ ഫാ. ഡൊമിനിക് തോട്ടാശേരി നഗറിൽ 2026 മെയ് 20 ബുധനാ ഴ്ച രാവിലെ 9.30 മുതൽ ആചരിക്കുകയാണ്. സമുദായശക്തീകരണം മുഖ്യ പ്രമേയമായ ഈ വർഷത്തെ അതിരൂപതാദിനത്തിൽ മാതൃവേദി പിതൃവേദി അംഗങ്ങൾ പങ്കെടുക്കുമല്ലോ.

## വി. റീത്തായുടെ തിരുനാൾ

മാതൃവേദിയുടെ സഹമദ്ധ്യസ്ഥയായ വി. റീത്തായുടെ തിരുനാൾ മെയ് 22ന് എല്ലാ യൂണിറ്റുകളിലും മാതൃവേദിയുടെ ആഭിമുഖ്യത്തിൽ ആചരിക്കുമല്ലോ. മെയ് 15 വെള്ളിയാഴ്ച പുളിങ്കുന്ന് ഫൊറോനാപ്പള്ളിയിൽ നിന്നും കണ്ണാടി സെന്റ് റീത്താസ് പള്ളിയിലേയ്ക്കു നടത്തുന്ന തീർഥാടനത്തിലും മാതൃവേദി അംഗങ്ങൾ സജീവമായി പങ്കുചേരേണ്ടതാണ്.

## പന്തക്കുസ്താ തിരുനാൾ– വിദ്യാരംഭം

പന്തക്കുസ്താ തിരുനാളിനോടനുബന്ധിച്ചു തിരുബാലസഖ്യത്തിലെ കുട്ടി കളെ വിദ്യാരംഭം കുറിക്കുന്നതിനു സഹായിക്കുക. കുട്ടികൾക്കായി സമുദായ ശക്തീകരണ സന്ദേശം വിളിച്ചോതുന്ന കളറിങ്ങ്, ഫാൻസി ഡ്രസ് മത്സരങ്ങൾ സംഘടിപ്പിക്കുക.

## മാതൃവേദി പിതൃവേദി അതിരൂപത കലോത്സവം 2026

അതിരൂപതാതല അവതരണ മത്സരങ്ങളും ക്വിസ് മത്സരവും 2026 ജൂൺ 13നു ചങ്ങനാശേരി എസ്.ബി. സ്കൂളിൽ നടത്തുന്നതാണ്. മെയ് മാസംതന്നെ യൂണിറ്റ്-ഫൊറോനാതല അവതരണ മത്സരങ്ങൾ പൂർത്തിയാക്കി, അതിരൂപത മത്സരത്തിൽ പങ്കെടുക്കാൻ യോഗ്യത നേടിയ വിജയികളുടെ ലിസ്റ്റ് ടീം മനേ ജർമാർ 2026 മെയ് 31നു മുമ്പ് അതിരൂപതാകേന്ദ്രത്തിലെത്തിച്ച് രജിസ്ട്രേഷൻ നടത്തേണ്ടതാണ്.

<table>
<tr><th colspan="3">വിവാഹഒരുക്ക സെമിനാർ</th></tr>
<tr><th>മാസം</th><th>തീയതി</th><th>സ്ഥലം</th></tr>
<tr><td rowspan="3">മെയ്</td><td>09, 10, 11</td><td rowspan="5">കുന്നന്താനം<br>സീയോൻ ധ്യാനകേന്ദ്രം</td></tr>
<tr><td>16, 17, 18</td></tr>
<tr><td>30, 31, ജൂൺ 01</td></tr>
<tr><td rowspan="2">ജൂൺ</td><td>20, 21, 22</td></tr>
<tr><td>29, 30, ജൂലൈ 01</td></tr>
<tr><td colspan="3">വിവാഹഒരുക്ക സെമിനാർ വിവരങ്ങൾക്ക്: 0481 2424476, 9447016240 (ഫാമിലി അപ്പോസ്തലേറ്റ്)<br>വിളിക്കേണ്ട സമയം: രാവിലെ 10 മുതൽ വൈകിട്ട് 5 വരെ</td></tr>
</table>

❑

➤➤➤ *ചെറുപുഷ്പ മിഷൻ ലീഗ്...*

**കൈത്താങ്ങ്**

കഴിഞ്ഞവർഷങ്ങളിൽ ശാഖാതലത്തിൽ നടത്തിയതുപോലെ ജൂൺ മാസം സ്കൂൾ തുറക്കുന്നതിനു മുന്നോടിയായി നോട്ട്ബുക്ക്, ബാഗ്, കുട, മറ്റു പഠനോപകരണങ്ങൾ വാങ്ങിക്കുമ്പോൾ ഒന്നോ രണ്ടോ കൂടുതൽ വാങ്ങിക്കുവാൻ കുട്ടികളെ അറിയിക്കുകയും ഇടവകയിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികളെ സഹായിക്കുന്നതിനായി മെയ് അവസാന ഞായറാഴ്ച പഠനോപകരണങ്ങൾ ശാഖകളിൽ ശേഖരിച്ചു, ഡയറക്ടർ അച്ചന്റെയും ജോയിന്റ് ഡയറക്ടേഴ്സിന്റെയും ഓർഗനൈസേഴ്സിന്റെയും നേതൃത്വത്തിൽ അർഹതപ്പെട്ടവർക്ക് വിതരണം ചെയ്യുകയും ചെയ്യുമല്ലോ.

**എയ്ഞ്ചൽസ് മീറ്റ്**

ആഘോഷമായ വിശുദ്ധകുർബാന സ്വീകരണം നടത്തിയ കുഞ്ഞുങ്ങളുടെ സംഗമമായ എയ്ഞ്ചൽസ് മീറ്റ് മേഖലകളിൽ ഈ വർഷവും നടത്തണമെന്ന് ഓർമിപ്പിക്കുന്നു. ഓരോ മേഖലയിലും എയ്ഞ്ചൽസ് മീറ്റു നടത്തുന്ന തീയതി മുൻകൂട്ടി അതിരൂപത ഓഫീസിൽ അറിയിക്കുമല്ലോ.

**അതിരൂപതാതല പ്രവർത്തനവർഷ ഉദ്ഘാടനം**

അതിരൂപതാതല പ്രവർത്തനവർഷ ഉദ്ഘാടനം ജൂൺ 13 ശനിയാഴ്ച രാവിലെ 9.30 മുതൽ 1.30 വരെ നടത്തപ്പെടുന്നതാണ്. അതിരൂപതാ മേഖല-ശാഖ എക്സിക്യുട്ടിവ് അംഗങ്ങൾ, ഡയറക്ടേഴ്സ്, ജോയിന്റ് ഡയറക്ടേഴ്സ്, ഓർഗനൈസേഴ്സ് എന്നിവർ ഇതിൽ പങ്കെടുക്കേണ്ടതാണ്.

❑

# യുവദീപ്തി–എസ്.എം.വൈ.എം.

## കരുവള്ളിക്കാട് കുരിശുമല പ്രഥമ തീർഥാടന പദയാത്ര

ചങ്ങനാശ്ശേരി അതിരൂപതാ യൂവദീപ്തി-എസ്.എം.വൈ.എം.ന്റെ ആഭിമുഖ്യത്തിൽ വലിയനോമ്പിനോടനുബന്ധിച്ചു കരുവള്ളിക്കാട് കുരിശുമല പ്രഥമ തീർഥാടനപദയാത്ര സംഘടിപ്പിച്ചു. 2026 ഏപ്രിൽ ഒന്നിനു ബുധനാഴ്ച പുലർച്ചെ മൂന്നുമണിക്ക് പരിശുദ്ധ കുർബാനയ്ക്കുശേഷം പാറേൽ മരിയൻ തീർഥാടനകേന്ദ്രത്തിൽനിന്നും സമാരംഭിച്ച പദയാത്ര അതിരൂപതാ പ്രോട്ടോസിഞ്ചെള്ളൂസ് വെരി റവ. ഫാ. ആന്റണി എത്തയ്ക്കാട് ഉദ്ഘാടനം ചെയ്തു. ഡയറക്ടർ ഫാ. സാവിയോ മാനാട്ട് മാർഗനിർദേശകപ്രസംഗം നടത്തി. പ്രസിഡന്റ് അലക്സ് മഞ്ഞുമ്മേൽ, പാറേൽപള്ളി വികാരി ഫാ. ജേക്കബ് വാരിക്കാട്, ലൂസി ഫിലിപ്പോസ്, പോൾ എം.പി. എന്നിവർ പ്രസംഗിച്ചു.

തുടർന്ന് കരുണക്കൊന്തയും ഗാനാലാപനവുമായി തീർഥാടനം വെരൂർ, കുറുമ്പനാടം, മാമ്മൂട്, നെടുങ്ങാടപ്പള്ളി, മല്ലപ്പള്ളി മലങ്കര കത്തോലിക്കാപള്ളി, വായ്പ്പൂര് പഴയപള്ളി, കുളത്തൂർ വഴി നിർമ്മലപുരത്തെത്തി. വിശ്രമത്തിനും പ്രാർഥനയ്ക്കുംശേഷം അഭി. മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ പ്രാർഥനാപൂർവം കുരിശുമല കയറി. അഭി. പിതാവ് കരുവള്ളിക്കാട് കുരിശുമലയിൽ വചനസന്ദേശം നൽകി. തുടർന്ന് എല്ലാവരും മലയുടെ താഴെവന്ന് നേർച്ചക്കഞ്ഞി സ്വീകരിച്ചു. വിവിധ ഫൊറോനകളിൽനിന്നായി നൂറോളം യുവജനങ്ങൾ കുരിശുമല തീർഥാടനത്തിൽ പങ്കെടുത്തു.

## "HAYLA 2K26"– എടത്വാ ഫൊറോന

എടത്വാ ഫൊറോനാ യുവദീപ്തി-എസ്.എം.വൈ.എം.ന്റെ ആഭിമുഖ്യത്തിൽ 2026 പ്രവർത്തനവർഷത്തിലെ പ്രാർഥനാ-പഠന-പരിശീലന ക്യാംപ് ‘ഹൈല 2K26’ ഏപ്രിൽ 17, 18, 19 തീയതികളിൽ കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ നടത്തി. ഫൊറോനാ പ്രസിഡന്റ് ബിൽവിൻ മോൻസി അധ്യക്ഷത വഹിച്ചസമ്മേളനത്തിൽ ഫൊറോനാവികാരി ഫാ. ജോസഫ് കളരിക്കൽ ക്യാംപ് ഉദ്ഘാടനം ചെയ്തു. ഫാ. സാവിയോ മാനാട്ട്, ഫാ. ഏലിയാസ് കരിക്കണ്ടത്തിൽ, അലക്സ് മഞ്ഞുമ്മേൽ, മേഘാ മരിയ തോമസ്, ഹണി റോസ് എന്നിവർ ക്യാംപിന് ആശംസകളർപ്പിച്ചു സംസാരിച്ചു. ഫാ. ബിന്നി കയ്യാണി, ഫാ. ആന്റണി കാച്ചാംകോട്, ഫാ. സാവിയോ മാനാട്ട്, സാജൻ പാപ്പച്ചൻ എന്നിവർ ക്ലാസ്സുകൾ നയിച്ചു.

## എസ്.എം.വൈ.എം. പ്രഥമ സംസ്ഥാന സെനറ്റ്

സീറോമലബാർ എസ്.എം.വൈ.എം. പ്രഥമ സംസ്ഥാന സെനറ്റ് സമ്മേളനം ഏപ്രിൽ 14, 15 തീയതികളിൽ പാലാ അൽഫോൻസാ പാസ്റ്ററൽ സെന്ററിൽ നടത്തപ്പെട്ടു. എസ്.എം.വൈ.എം. സംസ്ഥാന പ്രസിഡന്റ് അലക്സ് തോമസ് പുളിമൂട്ടിൽ അധ്യക്ഷതവഹിച്ചു. സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ് അഭി. മാർ റാഫേൽ തട്ടിൽ സമ്മേളനം ഉദ്ഘാടനം ചെയ്തു. യുവജനങ്ങൾ എല്ലാ മേഖലകളിലും സഭയുടെ സാക്ഷികൾ ആകണം എന്ന് പിതാവ് ഉദ്ബോധിപ്പിച്ചു. സീറോമലബാർ യൂത്ത് കമ്മീഷൻ ചെയർമാൻ അഭി. മാർ പീറ്റർ കൊച്ചുപുരയ്ക്കൽ ആശംസകളർപ്പിച്ചു സംസാരിച്ചു. സമുദായ ശക്തീ

കരണവർഷത്തിൽ ഈശോയ്ക്കും സമൂഹത്തിനും ഉപകാരപ്പെടുന്ന പ്രവൃത്തികളുമായി യുവജനങ്ങൾ മുന്നോട്ടുവരണമെന്നു പിതാവ് ഓർമ്മിപ്പിച്ചു. പാലാരൂപത ബിഷപ് അഭി. മാർ ജോസഫ് കല്ലറങ്ങാട്ട് അനുഗ്രഹപ്രഭാഷണം നടത്തി. എസ്.എം.വൈ.എം. സംസ്ഥാനസമിതി ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി ആശംസ അറിയിച്ചു. സീറോമലബാർസഭയുടെ യുവത്വം സഭയുടെ പൈതൃകത്തിൽ ഉറച്ചുനിന്നുകൊണ്ട് കേരളസഭയെ ശക്തിപ്പെടുത്തണമെന്ന് അച്ചൻ ആഹ്വാനം ചെയ്തു. ഗ്ലോബൽ ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്തറ ആശംസകൾ അറിയിച്ചു സംസാരിച്ചു. പാലാരൂപത എസ്.എം.വൈ.എം. പ്രസിഡന്റ് മിജോ ജോയി കുന്നത്താനിയേൽ ആശംസയർപ്പിച്ചു.

ഉദ്ഘാടനസമ്മേളനത്തിനുശേഷം രൂപതകൾ പരിചയപ്പെടുത്തുകയും ഈ കാലയളവിൽ രൂപതകളിൽ നടത്തപ്പെട്ട പ്രവർത്തനങ്ങൾ റിപ്പോർട്ടായി അവതരിപ്പിക്കുകയും ചെയ്തു. ഉച്ചയ്ക്കുശേഷം അഭി. മാർ തോമസ് തറയിൽ പിതാവ് യുവജനങ്ങളെ കാണുകയും യുവജനങ്ങളുടെ സംശയങ്ങൾക്കു മറുപടി നൽകുകയും ചെയ്തു.

വൈകുന്നേരം പ്രസ്ഥാനവുമായി ബന്ധപ്പെട്ട ചർച്ചകൾ നടത്തപ്പെട്ടു. പേരുകൾ പൊതുവായി സ്വീകരിക്കുന്നതു സംബന്ധിച്ചും അതുപോലെ തുടർന്നും സെനറ്റ് സമ്മേളനം നടത്തുന്നതുമായി ബന്ധപ്പെട്ടും ചർച്ചകൾ നടന്നു.

അന്നേദിവസംതന്നെ എ.കെ.സി.സി. ഗ്ലോബൽസമിതിയും എസ്.എം.വൈ.എം. സംഘടനയും ഒരുമിച്ചു ചേർന്നു നടപ്പാക്കുന്ന 5 പ്രധാനപദ്ധതികൾ പ്രകാശനം ചെയ്തു.

1. സ്കോളർഷിപ്പ് പിന്തുണയുള്ള സിവിൽ സർവീസ് പഠനം
2. രാജ്യാന്തര ലീഡർഷിപ്പ് ക്യാംപുകളിൽ പങ്കെടുക്കാൻ അവസരം
3. ജോബ് പോർട്ടൽ
4. മാട്രിമോണിയൽ സൈറ്റ്
5. സമഗ്ര പ്ലാറ്റ് ഫോം

അഭി. മാർ തോമസ് പാടിയത്ത് പിതാവ് പരിശുദ്ധ ബലിയർപ്പിച്ചു സന്ദേശം നൽകി.

**ഫാ. ജോസഫ് പുതുവീട്ടിൽകളം**
*(അസ്സിസ്റ്റന്റ് ഡയറക്ടർ)*

**ഫാ. സാവിയോ മാനാട്ട്**
*(ഡയറക്ടർ)*

**അലക്സ് സെബാസ്റ്റ്യൻ മഞ്ഞുമ്മേൽ**
*(പ്രസിഡന്റ്)*

❑

# കാനാ–ദേശീയ കുടുംബ നവീകരണ കേന്ദ്രം
## (NATIONAL CENTRE FOR FAMILY LIFE PROMOTION)

**കാനായിൽ അടുത്തു നടക്കുന്ന ചില പ്രത്യേക ശുശ്രൂഷകൾ:**

**1. ഓയിക്കോസ് ലീഡർഷിപ്പ് ട്രയിനിംഗ് ഫോർ കപ്പിൾസ് (ഓ.എൽ.റ്റി.സി.)**

കുടുംബപ്രേഷിതരംഗത്തു പ്രവർത്തിക്കാൻ ദമ്പതികളെ പ്രാപ്തരാക്കുന്നതിനുവേണ്ടി പരിശീലനം നൽകുന്ന ഏകവത്സര കൂട്ടായ്മയാണിത്. 20 കപ്പിൾസ് (40 പേർ) ഇതിൽ സംബന്ധിക്കുന്നു. എല്ലാ ഞായറാഴ്ചകളിലും ഉച്ച കഴിഞ്ഞ് 3 മണിമുതൽ 5 മണിവരെയാണ് കൂട്ടായ്മ. വിവാഹ-കുടുംബ സംബന്ധമായ പത്തോളം വിഷയങ്ങൾ ചർച്ചചെയ്യുന്നു. തുടർന്ന് പരിശുദ്ധ കുർബാനയുടെ ആരാധനയും കുടുംബസൗഖ്യപ്രാർഥനയും കൂട്ടായ്മാവിരുന്നും.

**2. ചതുർദിന കപ്പിൾസ് റിട്രീറ്റ്**

• എല്ലാ മാസങ്ങളിലേയും അവസാനത്തെ നാലു ദിവസങ്ങളിലാണ് ഈ റിട്രീറ്റ്. വ്യാഴാഴ്ച വൈകുന്നരം 6 മണിക്ക് ആരംഭിച്ച് ഞായറാഴ്ച ഉച്ചകഴിഞ്ഞ് 1 മണിക്ക് സമാപിക്കുന്നു. ഭാര്യയും ഭർത്താവും ഒന്നിച്ചു സംബന്ധിക്കണം. ധ്യാനദിവസങ്ങളിൽ കാനായിൽ താമസിക്കണം. രജി. ഫീസ് ഒരാൾക്ക് 1500 രൂപ.

⇨ ഒരു ധ്യാനത്തിൽ 10 കപ്പിൾസിനു മാത്രം പ്രവേശനം.

⇨ സമഗ്രമായ ഫാമിലി കൗൺസലിംഗ്

⇨ കുടുംബസംബന്ധമായ വചന പ്രഘോഷണം, സഭാ പ്രബോധനങ്ങളുടെ വ്യാഖ്യാനം.

⇨ കുടുംബ മന:ശാസ്ത്രത്തിന്റേയും ഉത്തമ പേരന്റിങ്ങിന്റേയും മർമ്മം വചനാധിഷ്ഠിതമായി വിശദീകരിക്കുന്ന ക്ലാസ്സുകൾ

⇨ അനുഭവപരമായ വി. കുർബാനയർപ്പണം, യാമപ്രാർഥനകൾ, ഗാനശുശ്രൂഷ, ദിവ്യകാരുണ്യാരാധന, ബന്ധന വിമുക്ത ശുശ്രൂഷകൾ, പരിശുദ്ധാത്മാഭിഷേക പ്രാർഥന

⇨ ആദ്യ റിട്രീറ്റ് 2026 മെയ് 28-31

⇨ റിട്രീറ്റ് നയിക്കുന്നത് ഫാ. തോമസ് വള്ളിയാനിപ്പുറം & ടീം.

⇨ പേരുകൾ മുൻകൂട്ടി രജിസ്റ്റർ ചെയ്യുക.

**3. ലൈസൻഷ്യേറ്റ് പ്രോഗ്രാം**

കാനാ ജോൺ പോൾ സെക്കന്റ് പൊന്തിഫിക്കൽ ഇൻസ്റ്റിട്യൂട്ടിൽ നടന്നുവരുന്ന കുടുംബദൈവശാസ്ത്രത്തിലുള്ള ദ്വിവത്സര ലൈസൻഷ്യേറ്റ് കോഴ്സിന്റെ അടുത്ത ബാച്ച് 2026 ജൂലൈമാസം ആരംഭിക്കുന്നു. പങ്കെടുക്കാനാഗ്രഹിക്കുന്നവർ പേരുകൾ രജിസ്റ്റർ ചെയ്യുക.

**ഫാ. തോമസ് വള്ളിയാനിപ്പുറം**
*(ഡയറക്ടർ)*
9495745557

❑

# ചങ്ങനാശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി (CHASS)

**ചാസിൽ നിന്നും ആശംസകൾ**

പ്രിയ ബഹുമാനപ്പെട്ട അച്ചാ/സുഹൃത്തേ,

നമ്മുടെ മൈക്രോ ക്രെഡിറ്റ് പ്രോഗ്രാമിന്റെ ഓഡിറ്റിങ്ങിനുവേണ്ട ക്രമീകരണങ്ങൾ കാര്യക്ഷമമായി നടക്കുന്നുവെന്നു കരുതുന്നു. നേരത്തെ അറിയിച്ചിരുന്നതുപോലെ ബന്ധപ്പെട്ട എല്ലാ രേഖകളും ശരിയായി എഴുതി തയ്യാറാക്കി ഓരോ യൂണിറ്റുകൾക്കും അനുവദിച്ചിരിക്കുന്ന തീയതിയിൽ തന്നെ ഓഡിറ്റിംങിനുവേണ്ടി ചാസ് കേന്ദ്രഓഫീസിൽ എത്തേണ്ടതാണ്. മൈക്രോ ക്രെഡിറ്റ് പ്രോഗ്രാമിന്റെ ഓഡിറ്റിനൊപ്പം നമ്മുടെ യൂണിറ്റുകളുടെ മുഴുവൻ പ്രവർത്തനവും മോണിട്ടർ ചെയ്യപ്പെടേണ്ടതുണ്ട്. ആയതിനാൽ യൂണിറ്റു ഭാരവാഹികളുടെ സജീവസാന്നിദ്ധ്യം നിർബന്ധമായും ഉണ്ടാവണം. പുതിയ സാമ്പത്തിക വർഷത്തിൽ ഓരോ യൂണിറ്റുകളും നടപ്പിലാക്കുന്ന പദ്ധതികളുടെയും പരിപാടികളുടെയും രൂപരേഖ തയ്യാറാക്കി കോപ്പി ചാസ് കേന്ദ്രഓഫീസിൽ കോഡിനേറ്റർ മുഖേന എത്തിക്കേണ്ടതാണ്.

കൂടാതെ അതീവ ശ്രദ്ധയും ജാഗ്രതയും പുലർത്തേണ്ട സമയമാണിത്. കാലാവസ്ഥാവ്യതിയാനവും ആഗോളതാപനവും മൂലം ഉണ്ടായിക്കൊണ്ടിരിക്കുന്ന കെടുതികൾ മനുഷ്യജീവനേയും മൃഗങ്ങളേയും സസ്യജാലങ്ങളെയും സാരമായി ബാധിക്കുന്നു. ഇവിടെ ജനങ്ങൾക്കാവശ്യമായ ബോധവത്ക്കരണവും സുരക്ഷയും ഉറപ്പുവരുത്തുവാൻ സർക്കാർ സംവിധാനങ്ങളോട് സമ്മർദ്ദം ചെലുത്തുകയും, വരും കാലങ്ങളിൽ ജീവനുതന്നെ ഭീഷണിയാവുന്ന ഈ പ്രതിഭാസത്തെ ചെറുത്തുനിൽക്കുവാൻ, പരിസ്ഥിതിസംരക്ഷണത്തിനും പ്രകൃതി പരിപാലനത്തിനും പ്രഥമസ്ഥാനം നൽകി പ്രവർത്തിക്കുവാനും നമുക്കാവട്ടെ.

ഈശോയിൽ സ്നേഹപൂർവം,

**ഫാ. ജോർജ് പനക്കേഴം**
*(ഡയറക്ടർ)*

**ഫാ. സെബാസ്റ്റ്യൻ കണ്ണാടിപ്പാറ**
**ഫാ. ജോർജ് തൈച്ചേരിൽ**
**ഫാ. ജോസഫ് ചോരേട്ട്ചാമക്കാല**
**ഫാ. വർഗീസ് നമ്പിമഠം**
*(അസ്സിസ്റ്റന്റ് ഡയറക്ടർമാർ)*

## കേന്ദ്രവാർത്തകൾ

**ടിഷ്യു പേപ്പർ പ്രൊഡക്ഷൻ യൂണിറ്റ് ആരംഭിച്ചു:** കൂത്രപ്പള്ളി ഫാ. ജോർജ് പനക്കേഴം മെമ്മോറിയൽ ട്രെയിനിങ് സെന്ററിൽ 2026 മാർച്ച് 23നു ടിഷ്യു പേപ്പർ പ്രൊഡക്ഷൻ യൂണിറ്റ് ആരംഭിച്ചു. ആർച്ചുബിഷപ് എമിരിറ്റസ് മാർ ജോസഫ് പെരുന്തോട്ടം ആശീർവാദവും വികാരി ജനറാളും ചാസ് പ്രസിഡന്റുമായ വെരി റവ. ഫാ. മാത്യു ചങ്ങങ്കരി സ്വിച്ച്ഓൺ കർമ്മവും നിർവഹിച്ചു. ചാസ് ഡയറ്ടർ ഫാ. ജോർജ് പനക്കേഴം, അസി. ഡയറക്ടേഴ്സ്, സ്റ്റാഫ് അംഗങ്ങൾ എന്നിവർ സന്നിഹിതരായിരുന്നു.

**മൈക്രോ വേവ് ഓവൻ വിതരണം:** സ്വീറ്റ് ഫ്യൂച്ചർ പ്രോജക്ടിലൂടെ സ്വയം തൊഴിലിനു പ്രോത്സാഹനം നൽകുന്നതിന്റെ ഭാഗമായി മാർച്ച് 23 നു ചാസിൽ അംഗങ്ങളായിരിക്കുന്ന വനിതകൾക്കു സബ്സിഡി നിരക്കിൽ മൈക്രോ വേവ് ഓവനുകൾ വിതരണം ചെയ്തു.

**സാന്ത്വനം കാൻസർ കെയർ പദ്ധതി:** ചങ്ങനാശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ പ്രഗത്ഭരായ ഡോക്ടർമാർ നയിക്കുന്ന കാൻസർ കെയർ പദ്ധതി 'സാന്ത്വനം-2026' മുട്ടാർ സെന്റ് ജോർജ് യൂണിറ്റിൽ ആർച്ചുബിഷപ് എമിരിറ്റസ് മാർ ജോസഫ് പെരുന്തോട്ടം മാർച്ച് 24നു ഉദ്ഘാടനം ചെയ്തു. യൂണിറ്റു ഡയറക്ടർ ഫാ. ജോൺ വി. തടത്തിൽ അദ്ധ്യക്ഷതവഹിച്ച സമ്മേളനത്തിൽ അതിരൂപതാ വികാരി ജനറാളും ചാസ് പ്രസിഡന്റുമായ വെരി. റവ. ഫാ. മാത്യു ചങ്ങങ്കരി മുഖ്യപ്രഭാഷണം നടത്തി. ചാസ് ഡയറക്ടർ ഫാ. ജോർജ് പനക്കേഴം, മുട്ടാർ പി.എച്ച്.സി. ഹെൽത്ത് ഇൻസ്പെക്ടർ റെജിമോൻ എസ്., മേഖലാ കോഡിനേറ്റർ ആൻസി ലോനിച്ചൻ എന്നിവർ പ്രസംഗിച്ചു. ചാസിന്റെ വിവിധ യൂണിറ്റുകളിൽ ഗ്രാമപഞ്ചായത്തുകളുടെ സഹകരണത്തോടെ കെ. ചിറ്റിലപ്പള്ളി ഫൗണ്ടേഷൻ, കാർക്കിനോസ് കാൻസർ ഹെൽത്ത് കെയർ, പ്രൊവിഡൻസ് ഹോസ്പിറ്റൽ, വിശ്വനാഥ് കാൻസർ കെയർ ഫൗണ്ടേഷൻ എന്നിവരുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്.

**വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പ് പ്രോഗ്രാം:** ബിരുദാനന്തര ബിരുദ പഠനത്തിന്റെ ഭാഗമായി ഏപ്രിൽ 1, 6, 7 തീയതികളിൽ ചങ്ങനാശ്ശേരി എസ്.ബി., സെന്റ് ആന്റണീസ് പെരുവന്താനം, ലയോള തിരുവനന്തപുരം എന്നീ കോളേജുകളിൽ നിന്നും വിദ്യാർത്ഥികൾ ഇന്റേൺഷിപ്പിനായി ചാസിൽ എത്തി.

**ജീവത നൈപുണ്യ പരിശീലന പഠനകളരി:** സൺഡേ സ്കൂളുകൾ കേന്ദ്രീകരിച്ച് 'വേനൽ തുമ്പികൾ' എന്ന പേരിൽ ഏകദിന ജീവത നൈപുണ്യ പരിശീലന പഠനകളരി സംഘടിപ്പിച്ചു. നേതൃത്വ പരിശീലനം, വ്യക്തിത്വവികസനം, ആശയവിനിമയം, ഗ്രൂപ്പുചർച്ചകൾ, കലാകായിക പരിപാടികൾ, ലഹരിക്കെതിരെ ബോധവത്ക്കരണ ക്ലാസുകൾ എന്നിവ ഉൾപ്പെടുത്തിയാണ് ക്യാമ്പ് ക്രമീകരിച്ചത്. ഐ.ആർ.സി.എ. കോഡിനേറ്റർമാരായ നിധിൻ ചന്ദ്ര, സച്ചിൻ ജോസ്, കൗൺസിലർ മരിയ ആനി പോൾ, റെനി രാജൻ, ചാസ് ടീം അംഗങ്ങളായ സിസ്റ്റർ ലിൻസി മാത്യു, ആനി കെ. തോമസ്, സോളമൻ ഫെർണാണ്ടസ്, ജീന മേരി ജയിംസ് എന്നിവർ ക്ലാസ് നയിച്ചു. മേഖലാ കോഡിനേറ്റേഴ്സ് നേതൃത്വം നൽകി.

| *തീയതി* | *യൂണിറ്റ്* | *പങ്കെടുത്തവർ* |
|---|---|---|
| 07.04.2026 | കടയനിക്കാട് | 150 |
| 08.04.2026 | കുറിച്ചി | 130 |
| 09.04.2026 | പനയമ്പാല | 70 |
| 11.04.2026 | ചേപ്പുംപാറ | 80 |
| 11.04.2026 | കുമരകം വടക്കുംകര | 65 |

| | | |
|---|---|---|
| 15.04.2026 | മുട്ടാർ ന്യൂ | 75 |
| 16.04.2026 | പുന്നമട | 86 |

## സാമൂഹ്യസുരക്ഷാസഹായപദ്ധതി

**1) എസ്.എച്ച്.ജി. മരണാനന്തര സഹായം:** ഒരു കുടുംബത്തിന് 20,000 രൂപ വീതം 3 കുടുംബങ്ങൾക്ക് 60,000 (അറുപതിനായിരം) രൂപ മരണാനന്തര സഹായം അനുവദിച്ചു.

| *പേര്* | *സംഘം* | *യൂണിറ്റ്* | *മേഖല* |
|---|---|---|---|
| 746. സുമിത്ത് കെ. ടോം | സിയോൺ | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 747. മിനി സന്തോഷ് | ദിവ്യ | മണ്ണാർകുന്ന് | അതിരമ്പുഴ |
| 748. കെ.വി. വർഗീസ് | നവോദയ | മുട്ടാർ ഓൾഡ് | എടത്വാ |

**2) മ്യൂചൽ ബെനഫിറ്റ് സ്കീം (എം.ബി.എസ്.)** ഒരു കുടുംബത്തിന് 10,000 രൂപ വീതം 13 കുടുംബങ്ങൾക്ക് 1,30,000 (ഒരുലക്ഷത്തി മുപ്പതിനായിരം) രൂപ മരണാനന്തരസഹായം അനുവദിച്ചു.

| *പേര്* | *യൂണിറ്റ്* | *മേഖല* |
|---|---|---|
| 1351. മത്തായി വർഗീസ് കുന്നേൽ | മൈലാടി | നെടുംകുന്നം |
| 1352. ടോമി ജോസഫ് പുത്തൻപുരയിൽ | മാന്നില | കുറുമ്പനാടം |
| 1353. അന്നമ്മ ദേവസ്യാ മണത്തറ | തായങ്കരി | എടത്വാ |
| 1354. കെ.വി. വർഗീസ് കൊച്ചുവീട്ടിൽ | മുട്ടാർ ഓൾഡ് | എടത്വാ |
| 1355. കെ.എം. എബ്രഹാം മീൻപുരയക്കൽ | ചേപ്പുംപാറ | കോട്ടയം |
| 1356. കുഞ്ഞമ്മ ചാക്കോ കാരുമാലിൽ | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 1357. ജാനു കാട്ടിൽചിറ കോളനി | പള്ളാത്തുരുത്തി | ആലപ്പുഴ |
| 1358. ഷൈനി ജോസഫ് മുഴവൻകൽ | നാലുകോടി | തൃക്കൊടിത്താനം |
| 1359. എം.എം. ജോസഫ് മേമന | നാലുകോടി | തൃക്കൊടിത്താനം |
| 1360. ബ്രിണ വർഗീസ്, മഠത്തിൽചിറ | ചെത്തിപ്പുഴ | ചങ്ങനാശ്ശേരി |
| 1361. മോളി ആന്റണി | ചെത്തിപ്പുഴ | ചങ്ങനാശ്ശേരി |
| 1362. ത്രേസ്യാമ്മ മാത്യു, കോയിക്കകുന്നേൽ | ഫിൽഗിരി | കൊല്ലം |
| 1363. തൊമ്മച്ചൻ, ചാലാപറമ്പിൽ | ളായിക്കാട് | ചങ്ങനാശ്ശേരി |

## മേഖലാവാർത്തകൾ

**കുടുംബസംഗമം:** ചേപ്പുംപാറ യൂണിറ്റിൽ ചാസുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എല്ലാവരെയും ഉൾപ്പെടുത്തി മാർച്ച് 21നു ചാസ് കുടുംബസംഗമം സംഘടിപ്പിച്ചു. യൂണിറ്റു പ്രസിഡന്റ് സി. വി. ഐസക്ക് അദ്ധ്യക്ഷതവഹിച്ച യോഗം ഡയറക്ടർ ഫാ. റോയി സേവ്യർ ഉദ്ഘാടനം ചെയ്തു. 'കുടുംബജീവിതവും മാനസികാരോഗ്യവും' എന്ന വിഷയത്തിൽ വനിതാ ശിശുവികസന വിഭാഗം

കൗൺസിലർ റീനി പി. ഏലിയാസ് ക്ലാസ് നയിച്ചു. മേഖലാ കോഡിറ്റർ ടോം സി. തയ്യിൽ, ഭാരവാഹികളായ റോയി ജോസഫ്, കെ. വി. ജോർജ്, സന്തോഷ് കണ്ണോത്ത് എന്നിവർ പ്രസംഗിച്ചു.

**തയ്യൽ പരിശീലനം സമാപനവും സർട്ടിഫിക്കറ്റ് വിതരണവും:** തോട്ടയ്ക്കാട് സെന്റ് ജോർജ് യൂണിറ്റിന്റെ നേതൃത്വത്തിൽ കഴിഞ്ഞ മൂന്നുമാസമായി നടത്തിവന്ന തയ്യൽ പരിശീലനം സമാപിച്ചു. മാർച്ച് 21നു പരിശീലനം പൂർത്തിയാക്കിയ 22 വനിതകൾക്കു യൂണിറ്റു ഡയറക്ടർ ഫാ. ജോബി പരുവപ്പറമ്പിൽ സർട്ടിഫിക്കറ്റു വിതരണം ചെയ്തു. മേഖലാ കോഡിനേറ്റർ സജി ഷാജി നേതൃത്വം നൽകി.

**കൂൺകൃഷി പരിശീലനം:** നാലുകോടി യൂണിറ്റിന്റെ നേതൃത്വത്തിൽ മാർച്ച് 21നു കൂൺകൃഷി പരിശീലനം നടത്തി. തൃക്കൊടിത്താനം കൃഷിഭവന്റെ നേതൃത്വത്തിൽ കൂൺകൃഷി നടത്തിവരുന്ന സ്കറിയ ജോസഫ് ക്ലാസ്സ് നയിച്ചു. പരിശീലനം നേടിയ 25 അംഗങ്ങൾക്ക് കൂൺവിത്ത് വിതരണംചെയ്തു. യൂണിറ്റു ഭാരവാഹികൾ, മേഖലാ കോഡിനേറ്റർ സജി ഷാജി എന്നിവർ നേതൃത്വം നൽകി.

**സൺഡേ മാർക്കറ്റ് ഉദ്ഘാടനം:** കൊടിനാട്ടുകുന്ന് യൂണിറ്റിൽ 'സെന്റ് മാർക്ക്സ്' സ്വാശ്രയസംഘത്തിന്റെ നേതൃത്വത്തിൽ മാർച്ച് 22നു സൺഡേ മാർക്കറ്റ് പ്രവർത്തനം ആരംഭിച്ചു. യൂണിറ്റു ഡയറക്ടർ ഫാ. ജോസഫ് മുണ്ടകത്തിൽ പ്രസിഡന്റ് അഡ്വ. ജോസഫ് ഫിലിപ്പിന് ആദ്യവിൽപ്പന നൽകി ഉദ്ഘാടനം നിർവ്വഹിച്ചു.

**കാർഷിക സെമിനാർ:** ഫിൽഗിരി ഗ്രാമവികസന ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ 'കൃഷിയിലെ നൂതന സാധ്യതകളും സർക്കാർ ആനുകൂല്യങ്ങളും' എന്ന വിഷയത്തിൽ മാർച്ച് 23നു സെന്റ് ജോസഫ്സ് പാരീഷ് ഹാളിൽ കാർഷിക സെമിനാർ സംഘടിപ്പിച്ചു. യൂണിറ്റു ഡയറക്ടർ ഫാ. തോമസ് കന്യാക്കോണിൽ ഉദ്ഘാടനം നിർവ്വഹിച്ചു. കോട്ടുക്കൽ കൃഷി ഓഫീസർ എം. എസ്. ആര്യ ക്ലാസ്സ് നയിച്ചു. പങ്കെടുത്ത എല്ലാവർക്കും ഗ്രോബാഗുകളും പച്ചക്കറി വിത്തുകളും സൗജന്യമായി വിതരണം ചെയ്തു. മേഖലാ കോഡിനേറ്റർ ബേബി ജോസഫ്, യൂണിറ്റു ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി.

**നേത്രപരിശോധനാ ക്യാംപ്:** തിരുവല്ല ചൈതന്യ കണ്ണാശുപത്രിയുമായി സഹകരിച്ച് അമ്പലപ്പുഴ സോഷ്യൽ സർവ്വീസ് ട്രസ്റ്റ്, മരിയൻ സ്വാശ്രയസംഘം, മാതൃ-പിതൃവേദി എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ മാർച്ച് 28നു സെന്റ് മേരീസ് പാരീഷ്ഹാളിൽ നേത്ര പരിശോധനാ ക്യാംപ് സംഘടിപ്പിച്ചു. യൂണിറ്റു ഡയറക്ടർ ഫാ. വർഗ്ഗീസ് പ്ലാംപറമ്പിൽ ഉദ്ഘാടനം നിർവഹിച്ചു. മേഖലാ കോഡിനേറ്റർ ആൻസി ലോനിച്ചൻ നേതൃത്വം നൽകി 78 പേർ ക്യാംപിൽ പങ്കെടുത്തു.

**സ്വാശ്രയസംഘ വാർഷികം:** മുട്ടാർ ഓൾഡ് യൂണിറ്റിൽ പ്രവർത്തിക്കുന്ന 'സമൃദ്ധി' പുരുഷ സ്വാശ്രയസംഘത്തിന്റെ 14-ാമതു വാർഷികവും കുടുംബസംഗമവും മാർച്ച് 29നു സംഘാംഗം റെജി സ്രാംമ്പിക്കലിന്റെ ഭവനത്തിൽ സംഘടിപ്പിച്ചു. യൂണിറ്റു ഡയറക്ടർ ഫാ. ജോൺ വി. തടത്തിൽ സന്നിഹിതനായിരുന്നു. സെക്രട്ടറി റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു.

*ശേഷം പേജ് 63* ➤➤➤

# ചാസ്സ്– ഖാദി ഗ്രാമവ്യവസായമേഖല

**ഇന്റേൺഷിപ്പ് ട്രെയിനിംഗ്**

കോഴഞ്ചേരി സെന്റ് തോമസ് കോളേജിലെയും ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജിലെയും ഹിസ്റ്ററി വിഭാഗത്തിലെ 10 വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചു കൊണ്ടു 10 ദിവസത്തെ ഇന്റേൺഷിപ്പ് ട്രെയിനിംഗ് ഏപ്രിൽ 20ന് ആരംഭിച്ചു. വിദ്യാലയ പ്രിൻസിപ്പൽ ഫാ. വർഗീസ് നമ്പിമഠം ഉദ്ഘാടനം ചെയ്തു. ചാസ് ഖാദി ജനറൽ മാനേജർ ജോൺ സക്കറിയാസ് ക്ലാസ്സ് നയിച്ചു. പരിശീലനത്തിന്റെ ഭാഗമായി വിവിധ ഖാദി ഗ്രാമവ്യവസായങ്ങളിൽ തീയറി ക്ലാസ്സുകളും പ്രാക്ടിക്കൽ ക്ലാസ്സുകളും ക്രമീകരിച്ചിട്ടുണ്ട്. പ്രസ്തുത ട്രെയിനിംഗ് പ്രോഗ്രം ഏപ്രിൽ 30നു സമാപിക്കും.

**2026 മെയ് മാസത്തിൽ മല്ലപ്പള്ളി വിദ്യാലയത്തിലും വിവിധ എക്സ്റ്റൻഷൻ സെന്ററുകളിലുമായി ആരംഭിക്കുന്ന വിവിധ സ്റ്റൈപ്പന്ററി/ഫീ ബേസിസ് കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു (9961274993, 9447160207, 7907144684)**

| കോഴ്സുകൾ | തുടങ്ങുന്ന തീയതി | കാലാവധി | ഫീസ് | സ്ഥലം | സീറ്റ് എണ്ണം |
|---|---|---|---|---|---|
| ബേക്കറി കോഴ്സ് | 27.04.2026 | 2 മാസം | 1250 | കെ.ജി.വി മല്ലപ്പള്ളി | 20 |
| തയ്യൽ പരിശീലനം | 02.05.2026 | 3 മാസം | 2500 | നാലുകോടി | 20 |
| പേപ്പർ ക്യാരിബാഗ് നിർമ്മാണം | 09.05.2026 | 1 മാസം | 500 | കെ.ജി.വി മല്ലപ്പള്ളി | 20 |
| ബീ കീപ്പിങ് സർട്ടിഫിക്കേറ്റ് കോഴ്സ് | 09.05.2026 | | - | | 10 |

**ഫാ. വർഗീസ് നമ്പിമഠം**
*(പ്രിൻസിപ്പൽ, കെ.ജി.വി. മല്ലപ്പള്ളി)*
*9633521483*

**ഫാ. ജോർജ് പനക്കേഴം**
*(എക്സിക്യുട്ടിവ് ഡയറക്ടർ)*
*9496807124*

❑

***➤➤➤ ചങ്ങനാശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി ...***

**കരിയർ ഗൈഡൻസ് സെമിനാർ:** പുന്നമട യൂണിറ്റിന്റെ നേതൃത്വത്തിൽ കുട്ടികൾക്കായി ഏപ്രിൽ 19നു കരിയർ ഗൈഡൻസ് സെമിനാർ സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. ലിബിൻ പുത്തൻപറമ്പിൽ ഉദ്ഘാടനം നിർവ്വഹിച്ചു. ലൂർദ്മാതാ എൻജിനീയറിങ് കോളേജ് അസോസിയേറ്റ് പ്രൊഫസർ ജോൺ കാലായിൽ ക്ലാസ് നയിച്ചു. യൂണിറ്റു ഭാരവാഹികൾ നേതൃത്വം നൽകി.

**ഡിജിറ്റൽ വെൽനെസ്സ് പ്രോഗ്രാം:** പുന്നമട യൂണിറ്റിന്റെ നേതൃത്വത്തിൽ മാതാപിതാക്കൾക്കായി ഏപ്രിൽ 19നു ഡിജിറ്റൽ വെൽനെസ്സ് പ്രോഗ്രാം സംഘടിപ്പിച്ചു. യൂണിറ്റു ഡയറക്ടർ ഫാ. ലിബിൻ പുത്തൻപറമ്പിൽ ഉദ്ഘാടനം നിർവഹിച്ചു. തലശ്ശേരി രൂപതയിൽനിന്നും ഫാ. ജോസഫ് കൂമ്പുങ്കൽ ക്ലാസ് നയിച്ചു. യൂണിറ്റു ഭാരവാഹികൾ നേതൃത്വം നൽകി.

❑

# ജീവകാരുണ്യനിധി ട്രസ്റ്റ്

## കളർ എ ഹോം ഭവനനിർമാണപദ്ധതി

'കളർ എ ഹോം' ഭവനനിർമാണപദ്ധതിയിൽ **2025 ഡിസംബറിൽ** ഇടവകകൾ സമാഹരിച്ച തുകയും **2026 ഏപ്രിൽ 20** അതിരൂപതാകേന്ദ്രത്തിൽ ലഭിച്ച തുകയും (40%)

| | ഇടവക | ആകെ സമാഹരിച്ച തുക | അതിരൂപതയിൽ ലഭിച്ച തുക |
|---|---|---|---|
| 160 | പുന്നപ്ര | 72660 | 29064 |
| 161 | അരുവിക്കുഴി | 130880 | 52352 |
| 162 | കൈനടി | 86731 | 34670 |
| 163 | കോട്ടയം | 103250 | 41300 |
| 164 | പങ്ങട | 70750 | 28300 |
| 165 | പുന്നക്കുന്നത്തുശ്ശേരി | 96510 | 38500 |
| 166 | ചേന്നങ്കരി – ലൂർദ് മാതാ | 41330 | 16532 |
| 167 | തോട്ടക്കാട് | 258250 | 103300 |
| 168 | മുട്ടാർ – ഓൾഡ് | 111060 | 44424 |
| 169 | ചെറുവാണ്ടൂർ | 200000 | 80000 |
| 170 | മണ്ണന്തല | 197050 | 78700 |
| 171 | കുടമാളൂർ | 471501 | 188600 |
| 172 | മനക്കച്ചിറ | 49070 | 19628 |
| 173 | വേഴപ്ര | 46400 | 18560 |
| 174 | പാദുവാപുരം | 29650 | 11860 |
| 175 | പുതുപ്പള്ളി | 80620 | 32248 |
| 176 | തേക്കുപാറ | 13200 | 13200 |
| 177 | പള്ളിക്കൂട്ടുമ്മ | 47330 | 18932 |
| 178 | പേരൂർക്കട | 188560 | 75424 |
| 179 | മണിമല – ഓൾഡ് | 131700 | 52680 |
| 180 | ഇടപ്പാളയം | 34300 | 13720 |
| 181 | നസ്രത്ത് | 60000 | 60000 |
| 182 | കട്ടച്ചിറ | 80600 | 32240 |
| 183 | പടഹാരം | 36150 | 14460 |
| 184 | പെരുങ്കാവ് | 32200 | 12880 |
| 185 | ഈര | 19930 | 8000 |
| 186 | കറിക്കാട്ടൂർ | 63220 | 25320 |
| 187 | കായൽപുറം – സെന്റ് ജോസഫ് | 46500 | 18600 |

| | | | |
|---|---|---|---|
| 188 | കുമരങ്കരി | 24500 | 10000 |
| 189 | പാണ്ടങ്കരി | 93550 | 37420 |
| 190 | കരുവാറ്റ – സെന്റ് ജോസഫ് | 73000 | 29200 |
| 191 | കായൽപുറം – സെന്റ് ആന്റണീസ് | 11150 | 4460 |
| 192 | കേശവദാസപുരം | 90900 | 36360 |
| 193 | ചാഞ്ഞോടി | 200505 | 80202 |
| 194 | എഴുമറ്റൂർ | 17650 | 7060 |
| 195 | പുറക്കാട് | 102350 | 40940 |
| 196 | ചെറുകടവ് | 9650 | 3860 |
| 197 | ഫാത്തിമാപുരം | 141570 | 56628 |
| 198 | അയിരൂർ | 20000 | 8000 |
| 199 | നിർമ്മലപുരം | 12400 | 5000 |
| 200 | ആനക്കുളം | 14960 | 5984 |
| 201 | വിതുര | 11400 | 4590 |
| 202 | പാലോട് | 7275 | 2910 |
| 203 | വട്ടിയൂർകാവ് | 70200 | 28080 |
| 204 | പാണ്ടി | 33450 | 13380 |
| 205 | പുതുശ്ശേരി | 13700 | 5500 |
| 206 | കുമരകം നവ നസ്രത്ത് | 104760 | 41904 |
| 207 | തിരുമല | 107550 | 43020 |
| 208 | പത്തനാപുരം | 14400 | 5760 |
| 209 | നെടുമങ്ങ് | 5600 | 2240 |
| 210 | കരവാളൂർ | 12000 | 4800 |

*(തുടരും...)*

## കളർ എ ഡ്രീം ഉന്നതവിദ്യാഭ്യാസപദ്ധതി

'കളർ എ ഡ്രീം' പദ്ധതിയിലേക്ക് **2026 മാർച്ച്** മുതൽ **ഏപ്രിൽ 20** വരെ വിവിധ ഇടവക/സംഘടനകളിൽ നിന്നും ലഭിച്ച സംഭാവനകൾ

| | ഇടവക / സംഘടന | തുക |
|---|---|---|
| 1 | ലിറ്റിൽ ഫ്ളവർ പുന്നവേലി | 25500 |
| 2 | സെന്റ് മേരീസ് ഇരവുചിറ | 29000 |
| 3 | സെന്റ് ജയിംസ് കറിക്കാട്ടൂർ | 10000 |
| 4 | സെന്റ് ജോസഫ് വെരൂർ | 20000 |

❑

## സെന്റ് തോമസ് ഹോസ്പിറ്റൽ ചെത്തിപ്പുഴ

### റ്യുമറ്റോളജി മെഡിക്കൽ ക്യാംപ്

സെന്റ് തോമസ് ആശുപത്രി, ചെത്തിപ്പുഴയിൽ റ്യുമറ്റോളജി മെഡിക്കൽ ക്യാംപ് ഏപ്രിൽ 6 മുതൽ 10 വരെ സംഘടിപ്പിച്ചു. ആർത്രൈറ്റിസ്, ലൂപസ് തുടങ്ങിയ രോഗങ്ങൾക്കു വിദഗ്ധ പരിശോധനയും നിർദേശങ്ങളും ലഭ്യമാക്കുന്ന ഈ ക്യാംപ് അനേകർക്ക് പ്രയോജനപ്രദമായി.

### റാങ്ക് ജേതാവിന് അഭിനന്ദനങ്ങൾ

ഹോസ്പിറ്റലിലെ കൺസൽട്ടൻഡ് റൂമറ്റോളജിസ്റ്റായ ഡോ. രോഹിത് വിയ്ക്ക് തമിഴ്നാട് എം.ജി.ആർ. യൂണിവേഴ്സിറ്റിയിൽനിന്ന് ഡി.എം. ക്ലിനിക്കൽ ഇമ്മ്യൂനോളജി ആൻഡ് റൂമറ്റോളജിയിൽ ഒന്നാംറാങ്ക് ലഭിച്ചു. ആശുപത്രിയിൽ ചേർന്ന പ്രത്യേക അനുമോദനസമ്മേളനത്തിൽ അതിരൂപതാ മെത്രപ്പോലീത്ത ആർച്ചുബിഷപ് മാർ തോമസ് തറയിൽ റാങ്ക് ജേതാവിനെ പൊന്നാടയണിച്ച് ആദരിച്ചു. ഹോസ്പിറ്റൽ എക്സിക്യൂട്ടിവ് ഡയറക്ടർ ഫാ. ജയിംസ് പി. കുന്നത്ത്, അസോസിയേറ്റ് ഡയറക്ടറുമാരായ ഫാ. മാർട്ടിൻ മുപ്പതിൽചിറ, ഫാ. ജേക്കബ് അത്തിക്കളം, മെഡിക്കൽ സൂപ്രണ്ട് ഡോ. തോമസ് സഖറിയ, ഡോ. നവീൻ, പോൾ മാത്യു എന്നിവർ പ്രസംഗിച്ചു..

ഡിപ്പാർട്ട്മെന്റ് ഓഫ് റുമറ്റോളജിയിൽ രോഗികൾക്ക് രാവിലെയും വൈകുന്നേരവും ഓ.പി. കൺസൾട്ടേഷനും 24 X 7 ഐ.പി. സൗകര്യവും ക്രമീകരിച്ചിട്ടുണ്ട്.

### രക്തദാന ക്യാംപ്

വൈ.എം.സി.എ മണിമലയുടെയും ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിന്റെയും സഹകരണത്തോടെ സംഘടിപ്പിച്ച ക്യാംപ് ശ്രദ്ധേയമായ പങ്കാളിത്തംകൊണ്ടു വിജയകരമായി. ഏപ്രിൽ 13നു കുളത്തൂർ ലിറ്റിൽ ഫ്ളവർ ചർച്ച് വികാരി ഫാ. ജേക്കബ് അഞ്ചുപങ്കിൽ ക്യാംപ് ഉദ്ഘാടനം ചെയ്തു. ഫാ. ജോസ് പുത്തൻചിറ, ഡോ. ജിജി ജേക്കബ്, ജോസഫ് ആന്റണി (YMCA) എന്നിവർ ചടങ്ങിൽ സംസാരിച്ചു.

### ആംബുലൻസ് ഡ്രൈവറുന്മാർക്ക് പരിശീലനം

ഹോസ്പിറ്റലിന്റ നേതൃത്വത്തിൽ ഏപ്രിൽ ഒന്നിനു ഹോസ്പിറ്റലിലെയും പുറത്തെയും ആംബുലൻസ് ഡ്രൈവർമാർക്കായി ബേസിക് ലൈഫ് സപ്പോർട്ട് (BLS) പരിശീലനം വിജയകരമായി സംഘടിപ്പിച്ചു.

### ചുമതലയേറ്റു

ആശുപത്രിയിൽ നിയോനാറ്റോളജിസ്റ്റായി ഡോ. ദീപ ജയിംസ് ചുമതലയേറ്റു.

## ഇൻഫന്റ് ജീസസ് ഹോസ്പിറ്റൽ മണിമല

### ലാമിനാർ ഫ്‌ളോ ഓപ്പറേഷൻ തീയറ്ററുകൾ

നൂതന സാങ്കേതിക സംവിധാനങ്ങളോടു കൂടിയ രണ്ടു ലാമിനാർ ഫ്‌ളോ ഓപ്പറേഷൻ തിയേറ്ററുകൾ മണിമല ഇൻഫന്റ് ജീസസ് ആശുപത്രിയിൽ പ്രവർത്തന സജ്ജമായി. 2026 മാർച്ച് ഒന്നിനു ചങ്ങനാശേരി അതിരൂപത ആർച്ചുബിഷപ് മാർ തോമസ് തറയിൽ തിയേറ്ററുകളുടെ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു.

### കർദ്ദിനാൾ മാർ ആന്റണി പടിയറ ഓ.പി. ബ്ളോക്ക്

കർദ്ദിനാൾ മാർ ആന്റണി പടിയറയുടെ 25-ാമത് ചരമവാർഷികത്തോടനുബന്ധിച്ച്, മണിമല ഇൻഫന്റ് ജീസസ് ആശുപത്രിയിലെ ഔട്ട്പേഷ്യന്റ് (OP) വകുപ്പ് അദ്ദേഹത്തിന്റെ സ്മരണാർഥം നാമകരണം ചെയ്തു. മാർച്ച് 24ന് ആർച്ചുബിഷപ് മാർ തോമസ് തറയിൽ പ്രാർഥനകൾ നയിച്ച്, കർദ്ദിനാൾ മാർ ആന്റണി പടിയറയുടെ പേരിൽ ഓ.പി. ബ്ലോക്ക് ഔപചാരികമായി സമർപ്പിച്ചു.

### മെഗാ ഹെൽത്ത് ക്യാംപ്

ലോക ആരോഗ്യ ദിനത്തോടനുബന്ധിച്ച്, ഇൻഫന്റ് ജീസസ് ഹോസ്പിറ്റൽ മണിമലയിൽ സംഘടിപ്പിച്ച മെഗാ ഹെൽത്ത് ക്യാംപ് ഫാ. ജോസ് പുത്തൻചിറ ഉദ്ഘാടനം ചെയ്തു. ഡോ. അഞ്ജൻ റീത്ത തോമസിന്റെ (MBBS, MD) നേതൃത്വത്തിൽ അത്യാധുനിക പരിശോധനകളും വിദഗ്ദ്ധ ചികിത്സയും ക്യാംപിൽ ലഭ്യമാണ്.

ക്യാംപിൽ പങ്കെടുക്കുന്നവർക്കായി ബി.പി., ബ്ലഡ് ഷുഗർ, ബി.എം.ഐ. പരിശോധനകളും വിദഗ്ദ്ധ ഡോക്ടറുടെ കൺസൾട്ടേഷനും സൗജന്യമായി ലഭ്യമാണ്. കൂടാതെ, ഡോക്ടർ നിർദ്ദേശിക്കുന്നവർക്ക് ഇ.സി.ജി (ECG), പി.എഫ്.റ്റി. (PFT) പരിശോധനകൾ തികച്ചും സൗജന്യമായും എല്ലാ ലാബ് ടെസ്റ്റുകൾക്കും എക്സ്-റേ സേവനങ്ങൾക്കും 30 ശതമാനം ഡിസ്കൗണ്ടും നൽകി.

**ഫാ. മാർട്ടിൻ മുപ്പതിൽചിറ**
**ഫാ. ജേക്കബ് അത്തിക്കളം**
**ഫാ. ജോസ് പുത്തൻചിറ**
*(അസ്സോസിയേറ്റ് ഡയറക്ടർമാർ)*

**ഫാ. ജയിംസ് കുന്നത്ത്**
*(എക്സിക്യൂട്ടിവ് ഡയറക്ടർ)*

## സഹൃദയ ഹോസ്പിറ്റൽ ആലപ്പുഴ

### തിമുക്ക് സ്പെഷ്യൽ സ്കൂൾ വാർഷിക ആഘോഷവും രക്ഷാകർത്തൃ സമ്മേളനവും

മാർച്ച് 25നു തത്തംപള്ളി തിമുക്ക് സ്പെഷ്യൽ സ്കൂൾ 41-ാമത് വാർഷികാഘോഷവും രക്ഷാകർത്തൃസമ്മേളനവും ചങ്ങനാശ്ശേരി അതിരൂപതാ സിഞ്ചെള്ളൂസ് വെരി റവ. ഡോ. ജോൺ തെക്കേക്കര ഉദ്ഘാടനം ചെയ്തു.

സെന്റ് മൈക്കിൾസ് ചർച്ച് വികാരി ഫാ. ജോസ് മുകളേൽ അധ്യക്ഷത വഹിച്ചയോഗത്തിൽ ഹോസ്പിറ്റൽ എക്സി. ഡയറക്ടർ ഫാ. തോമസ് മാളിയേക്കൽ സ്വാഗതം ആശംസിച്ചു. അസി. ഡയറക്ടർമാരായ ഫാ. ആന്റണി പെരുമ്പള്ളിത്തറ, ഫാ. ചാക്കോ ഇടമുറിയിൽ, സെന്റ് മൈക്കിൾ തത്തംപള്ളി

അസി. വികാരി ഫാ. ജേക്കബ് പുമ്മറ്റം, കിടങ്ങാംപറമ്പ് വാർഡ് കൗൺസിലർ ശ്രീലത ജയകുമാർ, ആലപ്പുഴ ജില്ലാ പേരന്റ്സ് അസോസിയേഷൻ വൈ. പ്രസിഡന്റ് രമേശൻ എന്നിവർ ആശംസകളർപ്പിച്ചു സംസാരിച്ചു. തിമുക്ക് സ്കൂൾ പ്രിൻസിപ്പൽ സി. അനില മൂലൻ റിപ്പോർട്ട് അവതരിപ്പിച്ചു. പി.ടി.എ. പ്രസിഡന്റ് രതീഷ് കാളിപറമ്പ് കൃതജ്ഞത രേഖപ്പെടുത്തി. തുടർന്ന് തിമുക്ക് സ്കൂൾ വിദ്യാർഥികളുടെ കലാവിരുന്നുകളോടുകൂടി വാർഷികാഘോഷം സമാപിച്ചു.

**ബോധവൽക്കരണക്ലാസ്സ്**

ആശുപത്രിയിൽ സമ്പൂർണ്ണ ദന്താരോഗ്യത്തിന്റെ ഭാഗമായി മാർച്ച് 20നു ബോധവൽക്കരണക്ലാസ്സ് ക്രമീകരിച്ചു. ഡെന്റൽ വിഭാഗം ഡോക്ടർ അരുൺ ബാബുവിന്റെ നേതൃത്വത്തിൽ നടന്ന ഈ ക്ലാസ്സ് ദന്തരോഗ സാധ്യതകളെ ആസ്പദമാക്കിയുള്ളതായിരുന്നു. ശരീരത്തിലെ മറ്റ് അവയവങ്ങളെപോലെ തന്നെ പല്ലിനും പ്രാധാന്യം നൽകണമെന്ന് ഡോ. അരുൺ ബാബു ക്ലാസ്സിൽ വിശദീകരിച്ചു. ദന്തസംരക്ഷണം നിത്യജീവിതത്തിൽ ഏറെ പ്രാധാന്യമർഹിക്കുന്ന ഒന്നാണെന്ന് ഡോ. അരുൺ ബാബു കൂട്ടിച്ചേർത്തു.

**ലോകാരോഗ്യദിനാചാരണം**

ലോകാരോഗ്യദിനത്തോടനുബന്ധിച്ച് ഏപ്രിൽ ഏഴിന് ആശുപത്രിയിൽ ''ആരോഗ്യം മനുഷ്യന്റെ ഏറ്റവും വലിയ സമ്പത്ത്'' എന്ന വിഷയത്തെ ആസ്പദമാക്കി ബോധവൽക്കരണക്ലാസ്സ് സംഘടിപ്പിച്ചു. ഹോസ്പിറ്റൽ ചീഫ് മെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിൽ നടന്ന ഈ ക്ലാസ്സിൽ എല്ലാ ഡിപ്പാർട്ടുമെന്റ് ഇൻചാർജുമാരും സ്റ്റാഫംഗങ്ങളും പങ്കെടുത്തു. ജീവിതശൈലി രോഗങ്ങൾ, ആരോഗ്യകരമായ ഭക്ഷണരീതി, മാനസികാരോഗ്യം എന്നിവയുടെ കൂടെ യോഗയുടെ പ്രാധാന്യത്തെക്കുറിച്ചും സൂചിപ്പിച്ചു. ആരോഗ്യസംരക്ഷണത്തിന്റെ ഓരോ ഘട്ടങ്ങളും വിശദീകരിച്ചുകൊണ്ടുള്ള ഈ ക്ലാസ്സ് എല്ലാ സ്റ്റാഫംഗങ്ങൾക്കും ഏറെ പ്രയോജനകരമായി. ആശുപത്രി ഡയറക്ടർ ഫാ. തോമസ് മാളിയേക്കലിന്റെ നേതൃത്വത്തിൽ സമൂഹത്തിലെ പിന്നോക്ക വിഭാഗങ്ങൾക്കു സൗജന്യ മരുന്നുവിതരണം സംഘടിപ്പിച്ചു.

**ലോക പാർക്കിൻസൺസ് ഡേ**

ലോക പാർക്കിൻസൺസ് ഡേ ആചരണത്തോടനുബന്ധിച്ചു ഏപ്രിൽ 11നു ന്യൂറോളജി വിഭാഗം ഡോക്ടർ കബീറിന്റെ നേതൃത്വത്തിൽ ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിച്ചു. ആശുപത്രിയിലെ എല്ലാ വിഭാഗങ്ങളിലെയും ഇൻചാർജ് മാരും മറ്റു സ്റ്റാഫംഗങ്ങളും ക്ലാസ്സിൽ പങ്കുചേർന്നു. പാർക്കിൻസൺസ് രോഗലക്ഷണങ്ങളെക്കുറിച്ചു ക്ലാസ്സിൽ പ്രതിപാദിക്കുകയും തുടർന്ന് ക്ലാസ്സിൽ പങ്കുചേർന്ന അംഗങ്ങൾക്കുള്ള സംശയങ്ങൾ കൃത്യമായി ദൂരീകരിക്കുകയും ചെയ്തു.

**നാഷണൽ സേഫ് മദർഹുഡ് ഡേ**

ഏപ്രിൽ 11 വേൾഡ് സേഫ് മദർഹുഡ് ഡേയുടെ ഭാഗമായി സഹൃദയ ഹോസ്പിറ്റലിൽ ''സ്നേഹ സ്പർശം സുരക്ഷിത മാതൃത്വത്തിനായി ഒരു കൈത്താങ്ങ്'' എന്ന പേരിൽ പരിപാടി സംഘടിപ്പിച്ചു. ഡയറക്ടർ ഫാ. തോമസ് മാളിയേക്കൽ പരിപാടിയുടെ ഉദ്ഘാടനകർമ്മം നിർവഹിച്ചു. അസി. ഡയറക്ടർ

മാരായ ഫാ. ആന്റണി പെരുമ്പള്ളിത്തറ, ഫാ. ചാക്കോ ഇടമുറിയിൽ എന്നിവർ ആശംസകളർപ്പിച്ചു സംസാരിച്ചു. ആശുപത്രിയിലെ പ്രധാന ഗൈനക്കോളജിസ്റ്റുമാരായ ഡോ. രാധമ്മ, ഡോ. ആൻസി എന്നിവരുടെ നേതൃത്വത്തിൽ ഗർഭിണികൾക്കും പുതിയ അമ്മമാർക്കും അവരുടെ കുടുംബാംഗങ്ങൾക്കുംവേണ്ടി ബോധവൽക്കരണവും ആത്മവിശ്വാസവും നൽകുക എന്നതായിരുന്നു പരിപാടിയുടെ ലക്ഷ്യം. സുരക്ഷിത ഗർഭധാരണവും പ്രസവവും സംബന്ധിച്ച ബോധവൽക്കരണക്ലാസ്സും പോഷകാഹാരം, മാനസിക ആരോഗ്യം, പ്രസവാനന്തര പരിചരണം എന്നിവയെക്കുറിച്ച് വിശദമായ ക്ലാസ്സും ഇതിന്റെ ഭാഗമായി ഉണ്ടായിരുന്നു. പരിപാടിയുടെ പ്രത്യേക ഭാഗം മാതൃത്വത്തിന്റെ കഥകൾ എന്ന സെഷനായിരുന്നു. അതിൽ ചില അമ്മമാർ അവരുടെ അനുഭവ കഥകൾ പങ്കുവയ്ക്കുകയും അതിലൂടെ മറ്റു ഗർഭിണികൾക്ക് പ്രചോദനമാവുകയും ചെയ്തു. ഇതിനോടൊപ്പം ഹോസ്പിറ്റൽ ഡയറ്റീഷ്യൻ ഹിമ ആവശ്യമായ ഡയറ്റിഷൻ നിർദ്ദേശങ്ങളും നൽകി. പുതിയ അമ്മമാർക്കും കുഞ്ഞുങ്ങൾക്കും സ്നേഹസമ്മാനങ്ങൾ വിതരണം ചെയ്തു പരിപാടി സമാപിച്ചു.

**സൗജന്യ മെഗാ സമ്മർ സർജിക്കൽ ക്യാംപ്**

ആശുപത്രിയിൽ ഏപ്രിൽ 15 മുതൽ 30 വരെ സൗജന്യ മെഗാ സർജിക്കൽ ക്യാംപ് സംഘടിപ്പിച്ചു. യൂറോളജി, ജനറൽ സർജറി, പ്ലാസ്റ്റിക് സർജറി, ഇ.എൻ.ടി., ഗൈനക്കോളജി, ന്യൂറോളജി, ഓർത്തോപീഡിക്സ്, ഗ്യാസ്ട്രോ സർജറി തുടങ്ങിയ വിഭാഗങ്ങളാണ് ക്യാംപിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മുൻകൂട്ടി ബുക്ക് ചെയ്യുന്നവർക്കായി ഫ്രീ രജിസ്ട്രേഷനും കൺസൾട്ടേഷനും കൂടാതെ, സർജറി പ്രൊസീജിയറുകൾക്കായി 50%, ലാബ് ടെസ്റ്റ്, സി.റ്റി. സ്കാൻ എന്നിവയ്ക്ക് 20%, റേഡിയോളജി ചാർജുകൾക്ക് 25% എന്നിങ്ങനെ ഇളവുകളും സൗജന്യ എക്സറേ പരിശോധനയും ഇതിൽ ക്രമീകരിച്ചിരിക്കുന്നു.

**ഫാ. ആന്റണി പെരുമ്പള്ളിത്തറ**
**ഫാ. ചാക്കോ ഇടമുറിയിൽ**
*(അസ്സിസ്റ്റന്റ് എക്സിക്യൂട്ടീവ് ഡയറക്ടർമാർ)*

**ഫാ. തോമസ് മാളിയേക്കൽ**
*(എക്സിക്യൂട്ടീവ് ഡയറക്ടർ)*

❑

# പ്രവാസി അപ്പോസ്തലേറ്റ്

സ്നേഹംനിറഞ്ഞ പ്രവാസിസഹോദരങ്ങളേ,

തൊഴിലാളികളുടെ മദ്ധ്യസ്ഥനായ മാർ യൗസേപ്പ്പിതാവിന്റെ തിരുനാളിന്റെയും മെയ്ദിനത്തിന്റെയും മംഗളങ്ങൾ എല്ലാവരെയും സ്നേഹപൂർവം അറിയിക്കുന്നു.

ഏപ്രിൽ ഏഴിന് ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളിയിൽ നടന്ന വൈദികസമ്മേളനത്തിൽ ഗൾഫിലെ യുദ്ധസാഹചര്യത്തെക്കുറിച്ചും പ്രവാസികൾ അഭിമുഖീകരിക്കുന്ന പ്രതിസന്ധികളെക്കുറിച്ചും ഡയറക്ടറച്ചൻ വിശദീകരിക്കുകയും അഭി. പിതാക്കന്മാരുടെയും വൈദികരുടെയും പ്രാർഥനാസഹായം അഭ്യർഥിക്കുകയും ചെയ്തു.

2026–2027 വർഷത്തിലെ സെന്റ് ജോസഫ് ഓൺലൈൻ സൺഡേസ്കൂൾ അഡ്മിഷൻ ആരംഭിച്ചു. ഈ വർഷത്തെ ആഘോഷമായ പരിശുദ്ധ കുർബാന സ്വീകരണത്തിനായി 50 കുട്ടികളെ പരിശീലിപ്പിച്ചു.

ഈ വർഷത്തെ അതിരൂപതാദിനം മെയ് 20നു തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ഫൊറോനാപ്പള്ളിയിൽ നടത്തപ്പെടുന്നതാണ്. വിവിധ രാജ്യങ്ങളിൽ നിന്നുള്ള എക്സിക്യൂട്ടിവ് അംഗങ്ങളും പ്രവാസികളും ഡയറക്ടർ അച്ചന് ജന്മദിനത്തിന്റെ പ്രാർഥനാശംസകൾ അറിയിച്ചു.

**ഫാ. മാത്യു മാറാട്ടുകളം**
*(അസ്സിസ്റ്റന്റ് ഡയറക്ടർ)*

**ഫാ. ജോസഫ് പുതുവീട്ടിൽകളം**
*(ഡയറക്ടർ)*

**ഓഫീസ് സമയം – രാവിലെ 10 മുതൽ വൈകിട്ട് 5 വരെ**
**വിളിക്കേണ്ട നമ്പർ – 9207470117/ 8089920614 (നോർക്ക ഹെൽപ്പ് ഡെസ്ക്)**

❑

➤➤➤ ***സന്ദേശനിലയം ...***

### ആദരാഞ്ജലികൾ

മാമ്പുഴക്കരി സൺഡേ സ്കൂൾ മുൻ അധ്യാപിക വത്സമ്മ സേവ്യറിന്റെയും കുമാരപുരം സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർ സിബിച്ചൻ ജെ. യുടെ പിതാവിന്റെയും തൃക്കൊടിത്താനം സൺഡേ സ്കൂൾ അധ്യാപകരായ ജിം ജോസഫ്, ജാൻസൺ ജോസഫ് എന്നിവരുടെ മാതാവിന്റെയും ചെത്തിപ്പുഴ സൺഡേ സ്കൂൾ അധ്യാപകരായ ജോസഫ് മുളമുട്ടീലിന്റെ മാതാവിന്റെയും സബീഷ് വർഗീസിന്റെ മാതാവിന്റെയും കുമരങ്കരി സൺഡേ സ്കൂൾ അധ്യാപിക ജൂലി വർഗീസിന്റെ മാതാവിന്റെയും നിര്യാണത്തിൽ സന്ദേശനിലയം മിഷൻലീഗ് കുടുംബത്തിന്റെ അനുശോചനവും പ്രാർഥനയും അറിയിക്കുന്നു.

❑

# കത്തോലിക്കാ കോൺഗ്രസ്
# (AKCC)

**നിർമ്മിതബുദ്ധിയുടെ കാലഘട്ടത്തിൽ കുട്ടികളിലെ മൂല്യങ്ങൾ പരിപോഷിപ്പിക്കണം: ഫാ. ജയിംസ് മാളിയേക്കൽ**

നിർമ്മിതബുദ്ധിയുടെ പുതിയ കാലഘട്ടത്തിൽ അതിന് അനുസൃതവും എന്നാൽ മാനുഷികമൂല്യങ്ങൾ തുടർന്നുകൊണ്ടു പോവേണ്ടതുമായ വിവിധ പരിശീലനങ്ങളും കർമ്മപദ്ധതികളും നടപ്പിലാക്കി കുട്ടികളിൽ ആത്മവിശ്വാസം ഉറപ്പാക്കി അവരുടെ ഭാവിസുരക്ഷിതമാക്കുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കണമെന്ന് ചങ്ങനാശ്ശേരി അതിരൂപത പ്രൊക്യുറേറ്റർ ഫാ. ജയിംസ് മാളിയേക്കൽ ഓർമ്മിപ്പിച്ചു

നിർമ്മിതബുദ്ധി പിടിമുറുക്കുന്ന കാലഘട്ടത്തിൽ കാഴ്ചക്കാരാകാതെ അതിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തി സഭയുടെയും രാഷ്ട്രത്തിന്റെയും മൂല്യവും സംസ്കാരവും കാത്തുസൂക്ഷിച്ച് പുതിയ സാധ്യതകൾ വിദ്യാർത്ഥികൾ കണ്ടെത്തണം. നിലവിൽ പഠനകാര്യത്തിനായി വിദേശത്തേക്കു പോകുന്ന കുട്ടികളുടെ ലക്ഷ്യം സാമ്പത്തികമുണ്ടാക്കുക എന്നതു മാത്രമാണ്. എന്നാൽ ചിന്തിക്കുന്ന, പഠിക്കുന്ന, മത്സരവിര്യമുള്ള കുട്ടികൾക്കു മാത്രമേ രാജ്യവികസനത്തിൽ പങ്കാളികളാകുവാൻ കഴിയൂ. ആയതിനാൽ അനുയോജ്യമായ പരിശീലനപദ്ധതികൾ അത്തരത്തിൻ ആവിഷ്കരിക്കപ്പെടണമെന്ന് അദ്ദേഹം കൂട്ടിചേർത്തു.

കത്തോലിക്കാ കോൺഗ്രസ് ചങ്ങനാശ്ശേരി അതിരൂപത സംഘടിപ്പിച്ച നാലാമത് മാർ ജോസഫ് പവ്വത്തിൽ സ്മാരക ഹെറിറ്റേജ് ക്വിസ് മത്സരം എക്സലൻഷ്യാ സീസൺ ഫോർ ഏപ്രിൽ 19നു വാഴപ്പള്ളി സെന്റ് തേരേസാസ് ഹയർ സെക്കൻഡറി സ്കൂളിൽ ഉദ്ഘാടനംചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. കുട്ടികളിലെ പൊതുവിജ്ഞാനം വർദ്ധിപ്പിക്കുവാൻ കത്തോലിക്ക കോൺഗ്രസ് നടത്തുന്ന ഇത്തരം പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണെന്നും തുടർന്നും ഇത്തരം പരിശീലനരംഗത്ത് സജീവമാകാൻ സമുദായ സംഘടനയ്ക്ക് കഴിയണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. സമ്മേളനത്തിൽ അതിരൂപത പ്രസിഡന്റ് ബിജു സെബാസ്റ്റ്യൻ അധ്യക്ഷനായിരുന്നു. അതിരൂപതാ ഡയറക്ടർ ഫാ. സാവിയോ മാനാട്ട്, ജനറൽ സെക്രട്ടറി ബിനു ഡൊമിനിക്, ജനറൽ കൺവീനർ ഷിജി ജോൺസൺ, കൺവീനറുമാരായ ജോർജുകുട്ടി മുക്കത്ത്, പി. സി. കുഞ്ഞപ്പൻ, ചാക്കപ്പൻ ആന്റണി, കുഞ്ഞു കളപ്പുര, ലിസി ജോസ്, സിസി അമ്പാട്ട് എന്നിവർ പ്രസംഗിച്ചു.

**മാർ ജോസഫ് പവ്വത്തിൽ സ്മാരക ഹെറിറ്റേജ് ക്വിസ് മത്സരം എക്സലൻഷ്യ സീസൺ ഫോർ ക്വിസ് മത്സര വിജയികൾ**

| ഹയർസെക്കൻഡറി വിഭാഗം | |
|---|---|
| ഒന്നാം സമ്മാനം | നോബിൾ ബിജോ, സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് ഫൊറോന പള്ളി, നെടുംകുന്നം |
| രണ്ടാം സമ്മാനം | ആൻ ജോസഫ്, സെന്റ് മേരീസ് പള്ളി, വായ്പ്പൂർ |

| | |
|---|---|
| മൂന്നാം സമ്മാനം | അലോഷ്യസ് ജെ. മാളിയേക്കൽ, സെന്റ് സേവ്യേഴ്സ് ഫൊറോന പള്ളി, തൃക്കൊടിത്താനം |
| നാലാം സമ്മാനം | ഡോൺ ലിയോ ജോഷി, സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് ഫൊറോനാ പള്ളി, നെടുങ്കുന്നം |
| അഞ്ചാം സമ്മാനം | മെൽവിൻ ജോജി, സെന്റ് മേരീസ് പള്ളി, കൂത്രപ്പള്ളി |
| **ഹൈസ്കൂൾ വിഭാഗം** | |
| ഒന്നാം സമ്മാനം | അൽഫോൻസ് ജോസ് ജോജി, സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് ഫൊറോന പള്ളി, നെടുംങ്കുന്നം |
| രണ്ടാം സമ്മാനം | നേഹ ജസ്റ്റിൻ, സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് ഫൊറോനാ പള്ളി, നെടുംങ്കുന്നം |
| മൂന്നാം സമ്മാനം | ഡെൽവിൻ മാത്യു, സെന്റ് മേരിസ് പള്ളി, കൂത്രപ്പള്ളി |
| നാലാം സമ്മാനം | അലോണ നോജി, സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് ഫൊറോന പള്ളി, നെടുംങ്കുന്നം |
| അഞ്ചാം സമ്മാനം | അയോന ജോഷി, സെന്റ് ജോസഫ് പള്ളി, ചമ്പക്കര |
| **യു.പി. വിഭാഗം** | |
| ഒന്നാം സമ്മാനം | അൻസു വർഗീസ്, മേരിമാതാ പള്ളി, എടത്വാ |
| രണ്ടാം സമ്മാനം | കരോളിൻ ട്രീസാ സാബു, സെന്റ് മേരിസ് പള്ളി, കൂത്രപ്പള്ളി |
| മൂന്നാം സമ്മാനം | സ്മിർസാ മറിയം ഔസേപ്പ്, അസംപ്ഷൻ പള്ളി, കുറുമ്പനാടം |
| നാലാം സമ്മാനം | ജിസ്മി പി.എൽ., സെന്റ് മേരീസ് ബസിലിക്ക പള്ളി, ചമ്പക്കുളം |
| അഞ്ചാം സമ്മാനം | ആരോൺ അനീഷ്, സെന്റ് മേരീസ് പള്ളി, കൂത്രപ്പള്ളി |

## നാട്ടിലെ ഉന്നത പഠനത്തിനും തൊഴിൽ സാധ്യതയ്ക്കും കുട്ടികളെ ഒരുക്കണം: ഫാ. സാവിയോ മാനാട്ട്

മാതൃരാജ്യത്ത് ഉന്നത വിദ്യാഭ്യാസ വിജയത്തിനും അനന്തമായ തൊഴിൽ സാധ്യതയ്ക്കും യോഗ്യതയുള്ള ചെറുപ്പക്കാർ മികച്ച വിദ്യാഭ്യാസം പൂർത്തിയാക്കണം. വിദേശ പഠനങ്ങളും വിദേശ തൊഴിലും ആഗ്രഹിച്ച് അന്യരാജ്യത്ത് എത്തുമ്പോൾ അവർ നേരിടുന്ന പ്രശ്നങ്ങൾ പഠിച്ച് മനസ്സിലാക്കുമ്പോൾ നാട്ടിലെ ഉന്നതമായ തൊഴിലിന്റെ സാധ്യതകളെക്കുറിച്ച് ചിന്തിക്കുമെന്ന് കത്തോലിക്കാ കോൺഗ്രസ് അതിരൂപത ഡയറക്ടർ ഫാ. സാവിയോ മാനാട്ട്.

നാട്ടിൽ ഉന്നതമായ ഡിഗ്രി ഉള്ളവരും തൊഴിൽ സാധ്യതയുമുള്ള വരും വിദേശ തൊഴിൽതേടി എത്തിയതിനുശേഷം ജോലിതേടി അലയുന്നതും താമസസൗകര്യത്തിനായി ബുദ്ധിമുട്ടുന്നതും വിദേശപഠനകാലത്ത് കാണുവാൻ കഴിഞ്ഞിട്ടുണ്ടെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു.

മാതാപിതാക്കൾ മക്കളെ തൊഴിൽ സാധ്യതയുടെ പേരിൽ നിർബന്ധിതമായി പഠിപ്പിക്കുന്നതിനുപകരം അവരുടെ അഭിരുചിക്കനുസരിച്ച് പഠിപ്പിക്കു

വാൻ തയ്യാറാകണം. പഠനം സാമ്പത്തിക നേട്ടത്തിന് മാത്രമാകരുത്. കുട്ടികളുടെ വ്യക്തിജീവിതത്തിന് അനുയോജ്യമായ വളർച്ചയും പൊതുസമൂഹത്തിൽ അവർക്ക് മാന്യത നൽകുന്നതുമായി മാറണം. അതിന് അവരെ ഒരുക്കുവാൻ കഴിയുന്നത് അവരുടെ മാതാപിതാക്കൾക്കാണ്. സമിതിയുടെ നേതൃത്വത്തിൽ ഏപ്രിൽ 19 ഞായറാഴ്ച രാവിലെ കുട്ടികളുടെ മാതാപിതാക്കൾക്കായി സംഘടിപ്പിച്ച 'വിജയപഥം'ത്തിന്റെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. വിജയപഥം കർമ്മപദ്ധതി തുടർന്ന് മാതാപിതാക്കൾക്കായി കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ വിവിധ ഫൊറോനകളിൽ സംഘടിപ്പിക്കും.

സമ്മേളനത്തിൽ അതിരൂപത പ്രസിഡന്റ് ബിജു സെബാസ്റ്റ്യൻ അധ്യക്ഷനായിരുന്നു. അതിരൂപത ജാഗ്രതാസമിതി അംഗം ഡോ. ജാൻസൺ ജോസഫ് ബോധവൽക്കരണ സെമിനാർ നയിച്ചു. ജനറൽ സെക്രട്ടറി ബിനു ഡൊമിനിക്ക്, ജനറൽ കൺവീനർ ഷിജി ജോൺസൺ കൺവീനറുന്മാരായ ജോർജുകുട്ടി മുക്കത്ത്, പി. സി കുഞ്ഞപ്പൻ, ചാക്കപ്പൻ ആന്റണി, കുഞ്ഞു കളപ്പുര, ലിസി ജോസ്, സിസി അമ്പാട്ട്, ഷാജി വർക്കി എന്നിവർ പ്രസംഗിച്ചു.

### ഭരണഘടന നല്കുന്ന ഉറപ്പ് ഭരണാധികാരികൾ ലംഘിക്കുന്നു: കത്തോലിക്കാ കോൺഗ്രസ്

ശ്രേഷ്ഠമായ ഇന്ത്യൻ ഭരണഘടന പൗരന് ഉറപ്പ് നല്കുന്ന മതസ്വാതന്ത്ര്യത്തിന്റെ നഗ്നമായ ലംഘനമാണ് വിശുദ്ധ വാരത്തിൽ ജെഇഇ (JEE) മെയിൻ എഞ്ചിനിയറിംഗ് പ്രവേശന പരീക്ഷ നടത്തുവാൻ ദേശീയ പരീക്ഷാ ഏജൻസിയ്ക്ക് അനുവാദം നൽകിയിരിക്കുന്നതിലൂടെ കേന്ദ്രസർക്കാർ ചെയ്യുന്നത് ഭരണഘടന പൗരന് നൽകുന്ന ഉറപ്പ് ഭരണനേതൃത്വം ഇതിലൂടെ ലംഘിക്കുകയാണെന്നും സമിതി ആരോപിച്ചു.

രാജ്യത്തിന്റെ വൈവിധ്യങ്ങളായ മേഖലകൾക്ക് ഊർജ്ജം പകർന്ന ഒരു സമുദായം എന്ന നിലയിൽ എല്ലാവിഭാഗം ജനങ്ങളുടെ ഉന്നമനത്തിനുള്ള കാലോചിതമായ പദ്ധതികൾ ആവിഷ്കരിച്ച ചരിത്രവും തുടർ പ്രവർത്തനങ്ങൾ പ്രതിസന്ധികളിലും കൃത്യതയോടെ മുന്നോട്ടു കൊണ്ടുപോകുന്നതും ഈ രാജ്യത്തിന്റെ വളർച്ചയ്ക്കുവേണ്ടിയുള്ള ഈ സമുദായത്തിന്റെ തുറന്ന കാഴ്ചപ്പാടാണ്. ഇത്തരത്തിൽ വികസന പ്രവർത്തനങ്ങൾ നടത്തുമ്പോഴും ഭരണാധികാരികൾ വിസ്മരിക്കുന്ന സമൂഹമായി ക്രൈസ്തവസമൂഹം മാറുന്നതിൽ പ്രതിഷേധമുണ്ടെന്നും കത്തോലിക്കാ കോൺഗ്രസ് അതിരൂപതാ നേതൃത്വം ആരോപിപ്പിച്ചു.

എൻജിനീയറിങ്ങ് പ്രവേശന പരീക്ഷകൾ വിശുദ്ധവാരത്തിലെ പെസഹാ വ്യാഴം, ദുഃഖ ശനി, ഈസ്റ്റർ, ദിനങ്ങളിൽ നടത്തുന്നതിൽ പ്രതിഷേധിച്ച് മാർച്ച് 26 വ്യാഴാഴ്ച വൈകുന്നേരം 5ന് കോട്ടയം ഗാന്ധി സ്ക്വയറിൽ സംഘടിപ്പിച്ച പ്രതിഷേധ സായാഹ്നധർണ്ണയിലാണ് സംഘടന ഈ നിലപാട് അറിയിച്ചത്.

ഈസ്റ്റർ ദിനത്തിലെ പരീക്ഷ ഗുരുതരമായ അവകാശലംഘനമാണെന്നും എല്ലാ മതങ്ങളെയും പരിപാവനമായി കാണുന്ന ഭാരത സംസ്കാരത്തിന് ഇത്തരം തീരുമാനങ്ങൾ കളങ്കം വരുത്തുമെന്നും കത്തോലിക്കാ കോൺഗ്രസ് കൂട്ടിച്ചേർത്തു.

അതിരൂപതാ പ്രസിഡന്റ് ബിജു സെബാസ്റ്റ്യന്റെ അധ്യക്ഷതയിൽ ചേർന്ന പ്രതിഷേധ സായാഹ്നധർണ സീറോ മലബാർ പബ്ലിക് അഫയേഴ്സ് കമ്മീഷൻ സെക്രട്ടറി ഫാ. ജയിംസ് കൊക്കാവയലിൽ ഉദ്ഘാടനം ചെയ്തു. ഡയറക്ടർ ഫാ. സാവിയോ മാനാട്ട്, ലൂർദ് ഫൊറോനാ വികാരി ഫാ. ജേക്കബ് വട്ടയ്ക്കാട്ട്, ജനറൽ സെക്രട്ടറി ബിനു ഡൊമിനിക്, വൈസ് പ്രസിഡന്റുമാരായ ജോർജ്കുട്ടി മുക്കത്ത്, റോസ്ലിലിൻ കുരുവിള, ഗ്ലോബൽ ഭാരവാഹികളായ രാജേഷ് ജോൺ, അഡ്വ. മനു ജെ. വരാപ്പള്ളി, ലിസി ജോസ്, അതിരൂപത ഭാരാവാഹികളായ കുഞ്ഞു കളപ്പുര, കെ. എസ്. ആന്റണി, സെബാസ്റ്റ്യൻ വർഗ്ഗീസ്, സൈബി അക്കര, സെബാസ്റ്റ്യൻ പുല്ലാട്ടുകാലാ, സേവ്യർ തോമസ് കൊണ്ടോടി, സിസി അമ്പാട്ട്, ജോസി ഡൊമിനിക്, ജോയി പാറപ്പുറം, ലാലി ഇളപ്പുങ്കൽ, ഇ. ജെ. തോമസ് ഇടത്താഴെ, ചെറിയാൻ പാലത്തിങ്കൽ എന്നിവർ പ്രസംഗിച്ചു.

**മൈ പാരീഷ് പഠനപരിപാടി**

സമുദായ ശക്തീകരണവർഷത്തിൽ കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ മൈ പാരിഷ് ആപ്പുമായി ബന്ധപ്പെട്ട് നടത്തേണ്ട പരിപാടികളുടെ പരിശീലനത്തിനായി മാർച്ച് 29 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ സന്ദേശ നിലയംഹാളിൽ പ്രത്യേക പരിശീലനപരിപാടി സംഘടിപ്പിക്കപ്പെട്ടു.

കത്തോലിക്കാ കോൺഗ്രസിന്റെ അതിരൂപത എക്സിക്യൂട്ടിവ് കമ്മിറ്റി അംഗങ്ങൾ ഫൊറോനാ പ്രസിഡന്റ്, ജനറൽ സെക്രട്ടറിമാർ എന്നിവർ പരിശീലന പരിപാടികളിൽ പങ്കാളികളായി.

അതിരൂപതാ പ്രസിഡന്റ് ബിജു സെബാസ്റ്റ്യന്റെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ അതിരൂപത ഡയറക്ടർ ഫാ. സാവിയോ മാനാട്ട് പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തു. പരിശീലന പരിപാടിക്ക് ഫാ. ആന്റണി കാച്ചാംകോട് നേതൃത്വം നൽകി.

**ഫാ. സാവിയോ മാനാട്ട്**
*(ഡയറക്ടർ)*

**ബിജു സെബാസ്റ്റ്യൻ**
*(പ്രസിഡന്റ്)*

**ബിനു ഡൊമിനിക്**
*(ജനറൽ സെക്രട്ടറി)*

❑

# കേരള ലേബർ മൂവുമെന്റ് (KLM)

### വള്ളം വിതരണം

Empower Craft Projectന്റെ ഭാഗമായി മത്സ്യത്തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായവരുടെ ഉപജീവനമാർഗം മെച്ചപ്പെടുത്താനായുള്ള വള്ളം വിതരണോദ്ഘാടനം മാർച്ച് 30നു അതിരൂപതാ പ്രോട്ടോസിഞ്ചെള്ളൂസ് വെരി റവ. ഫാ. ആന്റണി എത്തയ്ക്കാട് നിർവഹിച്ചു. ഡയറക്ടർ ഫാ. ജോസഫ് ചമ്പക്കുളത്തിൽ സ്വാഗതവും ജോയിന്റ് സെക്രട്ടറി ഷാജി കോര നന്ദിയുമർപ്പിച്ചു. തുരുത്തി ഫൊറോനാ സെക്രട്ടറി റോസമ്മ കെ. റ്റി. പങ്കെടുത്തു.

### മെയ്ദിന സ്വാഗതസംഘം ഉദ്ഘാടനം

കെ.എൽ.എം.ന്റെ നേതൃത്വത്തിൽ മെയ് ഒന്നിന് ചങ്ങനാശ്ശേരിയിൽ വിപുലമായി സംഘടിപ്പിക്കുന്ന മെയ്ദിന റാലിയുടെയും തൊഴിലാളി മഹാസംഗമത്തിന്റെയും സ്വാഗതസംഘം ഉദ്ഘാടനം ഏപ്രിൽ 12നു അതിരൂപതാ പ്രോട്ടോസിഞ്ചെള്ളൂസ് വെരി റവ. ഫാ. ആന്റണി എത്തയ്ക്കാട് നിർവഹിച്ചു. മെയ്ദിനറാലിയിലും തൊഴിലാളി മഹാസംഗമത്തിലും അതിരൂപതയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ആയിരക്കണക്കിന് തൊഴിലാളികൾ അണിചേരും. ഫാ. ജോസഫ് ചമ്പക്കുളത്തിൽ (ഡയറക്ടർ), സെബാസ്റ്റ്യൻ പി. ജെ. (ജനറൽ സെക്രട്ടറി), ഷാജി കോര, ലാലി ബോബൻ (ജോയിന്റ് സെക്രട്ടറിമാർ), ഷൈജു തോമസ് (റാലി കൺവീനർ), റ്റിസൺ തോമസ് (പ്രോഗ്രാം കൺവീനർ), റെനി കുര്യാക്കോസ്, ലീന ജോഷി (രജിസ്ട്രേഷൻ കൺവീനർമാർ), ജെയ്സ് ജേക്കബ് (ഫുഡ് കൺവീനർ), സോണി പി. ജോർജ് (പാർക്കിംഗ് കൺവീനർ), സിനു ഫിലിപ്പ്, കുഞ്ഞുമോൻ പി. ജെ. (പബ്ലിസിറ്റി കൺവീനർമാർ), ജോൺ സെബാസ്റ്റ്യൻ (മീഡിയ കൺവീനർ) എന്നിവർ നേതൃത്വം നൽകുന്ന കമ്മിറ്റി രൂപീകരിച്ചു പ്രവർത്തനമാരംഭിച്ചു.

### ആദരാഞ്ജലികൾ

അതിരമ്പുഴ ചെറുവാണ്ടൂർ സെന്റ് ആന്റണീസ് സംഘാംഗം സണ്ണി പി. യു. പുല്ലാട്ടിന്റെ നിര്യാണത്തിൽ കെ.എൽ.എം. കുടുംബത്തിന്റെ അനുശോചനവും പ്രാർഥനയും നേരുന്നു.

### മരണാനന്തരസഹായനിധി

താഴെപ്പറയുന്ന മരണമടഞ്ഞ സഹോദരരുടെ നോമിനികൾക്ക് മരണാനന്തരസഹായമായ 1,30,000 രൂപ മാർച്ച് 23നും ഏപ്രിൽ 13നും കൈമാറി.

| | പേര് | സംഘം |
|---|---|---|
| 199 | ജിൻസി മാത്യു | ചെത്തിപ്പുഴ വിമലഹൃദയ |
| 200 | കെ. വി. തോമസ് | മുണ്ടത്താനം സെന്റ് ആന്റണീസ് |
| 201 | സിബിച്ചൻ എ. സി. | കൈനടി സെന്റ് മേരീസ് |
| 202 | അലക്സാണ്ടർ കെ. സി. | ചാഞ്ഞോടി സെന്റ് സെബാസ്റ്റ്യൻ |
| 203 | മാത്യു ജോസഫ് | കുറുമ്പനാടം സെന്റ് അൽഫോൻസ |
| 204 | എം. സി. സെബാസ്റ്റ്യൻ | വെരൂർ സെന്റ് മേരീസ് |

**സെബാസ്റ്റ്യൻ പി. ജെ.**
*(ജനറൽ സെക്രട്ടറി)*

**ഫാ. ജോസഫ് ചമ്പക്കുളത്തിൽ**
*(ഡയറക്ടർ)*

❑

# ദളിത് കത്തോലിക്കാ മഹാജനസഭ
# (DCMS)

**സംസ്ഥാന ഭാരവാഹികളുടെ തെരഞ്ഞെടുപ്പ്**

ഡി.സി.എം.എസ്. സംസ്ഥാന ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് 2026 ഏപ്രിൽ 25നു തിരുവല്ലയിലെ ശാന്തിനികേതനിൽ നടത്തപ്പെട്ടു.

**പ്രതിനിധി സമ്മേളനം & നേതൃത്വ പരിശീലനക്യാംപ്**

2026 മെയ് ഒൻപതിനു വൈകുന്നേരം 6 മണിക്കു പാസ്റ്ററൽ സെന്ററിൽ ആരംഭിക്കുന്ന പ്രതിനിധിസമ്മേളനവും നേതൃത്വ പരിശീലനക്യാംപും മെയ് 10, 2 മണിക്കു സമാപിക്കുന്നു. മുഖ്യാതിഥിയായി KCBC SC/ST/BC കമ്മീഷൻ ചെയർമാൻ അഭി. ഗീവർഗീസ് മാർ അപ്രേം പിതാവ് പങ്കെടുക്കുന്നു.

**കരിയർ ഗൈഡൻസ് സെമിനാർ**

2026 മെയ് 16 ശനിയാഴ്ച രാവിലെ 10 മണിക്ക് 10-ാം ക്ലാസ്സ് മുതൽ പിജി വരെയുള്ള വിദ്യാർഥികൾക്കു കരിയർ ഗൈഡൻസും 2 പി.എം. മുതൽ പ്രഫഷണൽ ഫോറം മീറ്റിങ് നടത്തപ്പെടുന്നു.

2026 മെയ് 23നു പഠനോപകരണ വിതരണവും നടത്തപ്പെടുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ഡോ. സിജോ ജേക്കബ്**
*(പ്രസിഡന്റ്)*

**ഫാ. ജോസഫ് കുഴിയടിയിൽ**
*(ഡയറക്ടർ)*

**മാത്യു ജോസഫ്**
*(സെക്രട്ടറി)*

❑

"സമാധാനം-സൗഭാഗ്യം"

# സെക്കുലർ ഫ്രാൻസിസ്കൻ ഓർഡർ (SFO)

പ്രിയ സഹോദരങ്ങളേ,

നമ്മുടെ റീജിയൺ വാർഷികസംഗമങ്ങൾ നടന്നുകൊണ്ടിരിക്കുകയാണല്ലോ. മൂവാറ്റുപുഴ, കുട്ടനാട് റീജിയണുകളുടെ വാർഷികസംഗമം നടന്നുകഴിഞ്ഞു. വാഴപ്പള്ളി സെന്റ് അൽഫോൻസ റീജിയൺ സംഗമം 28-03-2026 തീയതി യൂദാപുരം സെന്റ് ജൂഡ് ഭവനത്തിൽ നടന്നു. രാവിലെ 9 മണിക്ക് രജിസ്ട്രേഷൻ ആരംഭിച്ചു. 18 ഭവനങ്ങളിൽ നിന്നായി 420 അംഗങ്ങൾ പങ്കെടുത്തു. 10 മണിയോടെ സമ്മേളനം ആരംഭിച്ചു. അതിരൂപത സ്പിരിചൽ അസിസ്റ്റന്റ് ഫാ. അലക്സ് വാച്ചാപറമ്പിൽ OFM Cap. എല്ലാവർക്കും സ്വാഗതം ആശംസിച്ചു. തുരുത്തി ഫൊറോന വികാരി ഫാ. ജേക്കബ് ചിറംവേലിൽ തിരിതെളിയിച്ച് ഉദ്ഘാടനം ചെയ്തു. ഫ്രാൻസിസ്കൻ സഭാംഗങ്ങൾ ഇടവക മുഴുവനിലും ഒരു പ്രാർഥന ശക്തിയാണെന്ന് അച്ചൻ അനുസ്മരിച്ചു. സഭാംഗങ്ങൾ എല്ലാവരും സഭയ്ക്കു മുഴുവനുംവേണ്ടി ഫ്രാൻസിസ്കൻ ജീവിതശൈലിയിൽ ജീവിക്കുന്നവരാകണമെന്ന് ആഹ്വാനം ചെയ്തു. ഫാ. ഫിലിപ്പ് കാഞ്ഞിക്കൽ OFM Cap. ആശംസകളർപ്പിച്ചു. സഭാ ജീവിതത്തിന്റെ കർത്തവ്യങ്ങളെക്കുറിച്ചും അതിന്റെ ഫലങ്ങളെക്കുറിച്ചും ഉദ്ബോധിപ്പിച്ചു ബ്രദർ പ്രമോദ് ജോസഫും ആശംസകൾ അർപ്പിച്ചു.

11.30നു സ്പിരിചൽ അസിസ്റ്റന്റ് ഫാ. അലക്സ് വാച്ചാപറമ്പിൽ 'കുടുംബജീവിതം - ഫ്രാൻസിസ്കൻ ചൈതന്യത്തിൽ' എന്ന വിഷയത്തിൽ ക്ലാസ്സെടുത്തു. 12 മണിക്ക് പരിശുദ്ധ കുർബാനമധ്യേ പുതിയ അംഗങ്ങളുടെ, 60 പേരുടെ സഭാ വസ്ത്രസ്വീകരണവും 26 പേരുടെ വ്രതവാഗ്ദാനവും നടത്തി. ഭ്രാതൃത്വ പ്രസിഡന്റ് ജെ. ആലഞ്ചേരി കൃതജ്ഞതയർപ്പിച്ചു. ഉച്ചഭക്ഷണത്തിനുശേഷം വാർഷികസംഗമം പര്യവസാനിച്ചു.

**സ്വർഗപ്രാപ്തി**

തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ഭ്രാതൃത്വാഗം തോമസ് ദേവസ്യ പുത്തൻപുരയ്ക്കൽ നിര്യാതനായി. സഹോദരനെ നമുക്കു പ്രാർഥനയിൽ ഓർക്കാം.

**വി. സി. അലക്സ്**
**വലിയപറമ്പിൽ**
*(പ്രസിഡന്റ്)*

**ഫാ. അലക്സ് വാച്ചാപറമ്പിൽ**
**ഒ.എഫ്.എം. കപ്പൂച്ചിൻ**
*(സ്പിരിചൽ അസ്സിസ്റ്റന്റ്)*

❑

# വിൻസെൻഷ്യൻ വേദി
## (SSVP)

*ക്രിസ്തുവിന്റെ നാമം നിമിത്തം നിന്ദിക്കപ്പെട്ടാൽ നിങ്ങൾ ഭാഗ്യവാന്മാർ, എന്തെന്നാൽ മഹത്വത്തിന്റെ ആത്മാവ് അതായത് ദൈവാത്മാവ് നിങ്ങളിൽ വസിക്കുന്നു* (1 പത്രോ. 4:4).

പ്രിയ വിൻസെൻഷ്യൻ സഹോദരങ്ങളേ,

തിരുസഭയിലെ പ്രധാന തിരുനാളുകളിലൊന്നായ പന്തക്കുസ്താ തിരുനാളിലേയ്ക്ക് നാം പ്രവേശിക്കാനൊരുങ്ങുകയാണല്ലോ. തിരുസഭ ജന്മമെടുത്ത ദിനമാണല്ലോ പന്തക്കുസ്താ ദിവസം. 'അനുഗ്രഹങ്ങളുടെ നിറവിലേയ്ക്ക് മനുഷ്യരാശി കൈപിടിച്ചുയർത്തപ്പെട്ട ദിവസം' എന്നാണ് വി. ജോൺ ക്രിസോസ്റ്റം ഈ ദിനത്തെ വിശേഷിപ്പിക്കുന്നത്. അടച്ചിട്ട മുറിയിൽ ദുഃഖപൂരിതമായ ഹൃദയത്തോടെ ഭീതിയിലും ആശങ്കയിലും കഴിഞ്ഞിരുന്ന ശിഷ്യന്മാരിലേക്ക് പരിശുദ്ധാത്മാവിന്റെ അഭിഷേകം പെയ്തിറങ്ങിയതോടെ ദൈവിക രഹസ്യങ്ങൾ അവർക്കു വെളിപ്പെടുകയും അവർ ഈശോയ്ക്കു സാക്ഷികളായി മാറുകയും ചെയ്യുന്നു. ''ഞാൻ നിങ്ങളെ അനാഥരായി വിടുകയില്ല'' (യോഹ. 14:18), ''എന്നേക്കും നിങ്ങളോടു കൂടെയായിരിക്കാൻ മറ്റൊരു സഹായകനെ പിതാവു നിങ്ങൾക്കു തരികയും ചെയ്യും'' (യോഹ. 4:16) എന്ന ക്രിസ്തുവിന്റെ വാഗ്ദാനത്തിന്റെ പൂർത്തീകരണമാണ് ഇവിടെ നാം കാണുന്നത്. പരിശുദ്ധാത്മാവ് ഓരോ ക്രിസ്ത്യാനിയുടെയും അവകാശമാണ്. പരിശുദ്ധാത്മാവിനു വേണ്ടിയുള്ള ദാഹമുണ്ടാകുക എന്നതു വളരെ പ്രധാനമാണ്. പ്രസിദ്ധ സുവിശേഷകനായ ബെന്നി ഹിൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു. അദ്ദേഹം ഒരിക്കൽ കാതറിൻ കൂൾമാന്റെ പ്രസംഗം കേൾക്കുവാനിടയായി. ഈശോയോടു പരിശുദ്ധാത്മാവിനുവേണ്ടി പ്രാർത്ഥിക്കുക എന്നതായിരുന്നു പ്രസംഗത്തിന്റെ സന്ദേശം. അദ്ദേഹം ഒരുപാടു പ്രാർഥിക്കുകയും അതുവഴി പരിശുദ്ധാത്മാവിന്റെ നിറവ് അദ്ദേഹത്തിനു ലഭിക്കുകയും ചെയ്തു. 'ഞാൻ ആത്മാവിനെ ഈശോയിൽ നിന്നു വാങ്ങി' എന്നാണ് അദ്ദേഹം പറയുന്നത്.

സ്വർഗം നൽകുന്ന ഏറ്റവും വലിയ കൂട്ടാണ് സഹായകനായ പരിശുദ്ധാത്മാവ്. സുവിശേഷത്തിന്റെ ആനന്ദം സ്വന്തമാക്കാനും ഈശോയ്ക്കു സാക്ഷികളാകാനും പരിശുദ്ധാത്മാവു നമ്മെ സഹായിക്കുന്നു. പരിശുദ്ധാത്മാവിന്റെ നിറവുള്ള വ്യക്തികളെയും പ്രസ്ഥാനങ്ങളെയും തകർക്കാൻ ആർക്കും സാധ്യമല്ല. കാലാകാലങ്ങളിൽ സഭയിൽ പാഷണ്ഡതകളും പ്രതിസന്ധികളും ഉണ്ടായ അവസരങ്ങളിലെല്ലാം പരിശുദ്ധാത്മാവിന്റെ ശക്തമായ ഇടപെടലിലൂടെ അവയെ അതിജീവിക്കുവാൻ സഭയ്ക്കു സാധിച്ചതു നാം കാണുന്നുണ്ട്. കേവലം ഉപവി പ്രവർത്തനങ്ങളിലൂടെ പ്രതിച്ഛായ സൃഷ്ടിക്കുന്ന ഒരു സമൂഹമല്ല നമ്മുടേത്. പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് ഈശോയ്ക്കു സാക്ഷ്യം നൽകുക എന്നതാണ് നമ്മുടെ പ്രവർത്തനങ്ങളുടെ ലക്ഷ്യം. സാക്ഷികളാകാൻ ആദ്യം വേണ്ടതു ശിഷ്യത്വമാണ്. ശിഷ്യത്വം ത്യാഗം ആവശ്യപ്പെടുന്നു. നമ്മുടെ മനോഭാവങ്ങളിൽ മാറ്റമുണ്ടാവണം. നമ്മുടെ താൽപര്യങ്ങൾ പലതും ത്യജിക്കേണ്ടതായി വരും. ഈശോയ്ക്കു സ്വീകാര്യമായ മനോഭാവങ്ങൾ സ്വന്തമാക്കി നവീകരിക്കപ്പെട്ടവരായി നമുക്കു സമൂഹത്തിൽ സാക്ഷ്യം നൽകാൻ സാധിക്കണം. ഈശോയെ

പകർന്നുകൊടുക്കുന്ന സദ്വാർത്തയാകുവാൻ നമുക്കു കഴിയണം. സഭയുടെ വളർച്ചയുടെ അടിസ്ഥാനം സുവിശേഷപ്രഘോഷണമാണ്. മാമ്മോദീസ സ്വീകരിച്ച ഓരോ വ്യക്തിയുടെയും ആനന്ദം സഭ വളരുന്നു എന്നതിലാണ്. ''യേശു കർത്താവാണ് എന്നു പറയാൻ പരിശുദ്ധാത്മാവു മുഖേനയല്ലാതെ ആർക്കും സാധിക്കുകയില്ല'' (1 കോറി 11:3) എന്ന് വി. പൗലോസ് പറയുന്നുണ്ട്. ''ആത്മാവിനെ നിങ്ങൾ നിർവീര്യമാക്കരുത്'' (1 തെസ. 5:19) എന്നു അദ്ദേഹം ആഹ്വാനം ചെയ്യുന്നു. പരിശുദ്ധാത്മാവു കൂടാത്തതെല്ലാം തണുത്തതാകും എന്നു വി. ജോൺ വിയാനി പറയുന്നുണ്ട്. തീക്ഷ്ണതയും ഉത്സാഹവും നഷ്ടപ്പെടുമെന്നു തോന്നുമ്പോൾ നമുക്കുടനെ പരിശുദ്ധാത്മാവിനോടു പ്രാർഥിക്കാം എന്നും അദ്ദേഹം നിർദ്ദേശിക്കുന്നു. എല്ലാവർക്കും പന്തക്കുസ്താ തിരുനാളിന്റെയും പരിശുദ്ധ തിത്വത്തിന്റെയും തിരുനാളുകളുടെയും അനുഗ്രഹങ്ങൾ നേരുന്നു.

നമ്മുടെ സെൻട്രൽ കൗൺസിൽ വാർഷികത്തിലേക്ക് ഒരിക്കൽക്കൂടി എല്ലാവരെയും സ്നേഹപൂർവം ക്ഷണിക്കുന്നു. മെയ് 17 ഞായറാഴ്ച തൃക്കൊടിത്താനത്തുവച്ചു നടക്കുന്ന വാർഷികാഘോഷം പതാക ഉയർത്തലോടെ രാവിലെ 9.15നു ആരംഭിക്കും. അഭി. ജോഷാ മാർ ഇഗ്നാത്തിയോസ് പിതാവാണ് മുഖ്യാതിഥി. 12 മണിക്കുള്ള പരിശുദ്ധ കുർബാനയോടെ വാർഷിക പരിപാടികൾ സമാപിക്കും.

ഇക്കഴിഞ്ഞ ദിവസങ്ങളിൽ നമ്മിൽനിന്നും വേർപിരിഞ്ഞ മായം കോൺഫറൻസ് പ്രസിഡന്റ് ബ്രദർ മോഹൻ ജോർജ് കാലായിൽ, തൃക്കൊടിത്താനം കോൺഫറൻസ് ട്രഷറർ ബ്രദർ കുര്യാക്കോസ് നെടുംപറമ്പിൽ, വടക്കേക്കര കോൺഫറൻസ് അംഗം ബ്രദർ തോമസ് പാറക്കൽ എന്നിവരുടെ സ്തുത്യർഹമായ സേവനങ്ങളെ നന്ദിപൂർവം അനുസ്മരിക്കുകയും ആത്മശാന്തിക്കായി പ്രാർഥിക്കുകയും ചെയ്യുന്നു.

ഈശോയിൽ സ്നേഹപൂർവം,

**തോമസ് റ്റി. മൂലയിൽ**
*സെൻട്രൽ കൗൺസിൽ പ്രസിഡന്റ്*
❑

# കരിസ്മാറ്റിക് നവീകരണം

''കരിസ്മാറ്റിക് നവീകരണ മുന്നേറ്റത്തിന്റെ പിന്തുണയിൽ അനേകം സ്ത്രീപുരുഷ ന്മാർക്ക്, മുതിർന്നവരും, യുവജനങ്ങളും കുട്ടികളുമായവർക്ക്, അവരുടെ ദൈനംദിന ജീവിതത്തിൽ, പെന്തക്കുസ്താ ഒരു ജീവിക്കുന്ന യാഥാർഥ്യമായി തിരിച്ചറിയാൻ സാധിച്ചിട്ടുണ്ട്. പ്രാർഥന, വിശുദ്ധി, കൂട്ടായ്മ, സാക്ഷ്യജീവിതം എന്നിവയ്ക്കുള്ള ഒരു നവീകൃത പ്രോത്സാഹനമായി പന്തക്കുസ്താ അനുഭവത്തിന്റെ ഈ ആത്മീയത സഭ യിൽ വ്യാപിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു''

May 29, 2004

### സർവീസ് ടീം മീറ്റിങ്

ഏപ്രിൽ 18നു സർവീസ് ടീം മീറ്റിങ് പാസ്റ്ററൽ സെന്റർ ഓഫീസിൽ ആനി മേറ്റർ ഫാ. മാത്യു താന്നിയത്തിന്റെ നേതൃത്വത്തിൽ നടന്നു.

**കരിസ്മാറ്റിക് ജൂബിലി/ കൃപാഭിഷേക കൺവെൻഷൻ:** ഓഗസ്റ്റ് 20 മുതൽ 24 വരെ ഫാ. ഡൊമിനിക്ക് വാളൻമനാൽ നയിക്കുന്ന (എസ്.ബി. കോളജ് ഗ്രൗണ്ട്) കൃപാഭിഷേക-ജൂബിലി കൺവൻഷനുമായി ബന്ധപ്പെട്ട മദ്ധ്യസ്ഥ പ്രാർഥന ഏപ്രിൽ 14നു ചങ്ങനാശേരി സോയിൽ സിസ്റ്റേഴ്സിന്റെ ചാപ്പലിൽ നടന്നു. എല്ലാ രണ്ടാം ചൊവ്വാഴ്ചയും നാലാം ചൊവ്വാഴ്ചയും ഇവിടെ പ്രാർഥന നടത്തിവരുന്നു.

**സോണൽ ഫോർമേഷൻ പ്രോഗ്രാം:** സോണൽ നേതൃനിരയിലുള്ളവർക്കായി പാസ്റ്ററൽ സെന്ററിൽ പരിശീലന പരിപാടി സംഘടിപ്പിച്ചു. മാർച്ച് 11 ശനി യാഴ്ച ഒൻപതര മുതൽ വൈകിട്ട് നാലുവരെ നടന്ന പരിശീലന പരിപാടി യിൽ കെ.സി.ബി.സി. കരിസ്മാറ്റിക് കമ്മീഷൻ സെക്രട്ടറി ഫാ. ജോൺസൺ തൌണ്ടയിൽ സെമിനാർ നയിച്ചു. സോണൽ ആനിമേറ്റർ ഫാ. മാത്യു താന്നി യത്ത് സന്നിഹിതനായിരുന്നു.

### കരിസ്മാറ്റിക് ജൂബിലി കൺവൻഷൻ

കേരളത്തിൽ ആദ്യ കരിസ്മാറ്റിക് ധ്യാനം നടന്നിട്ട് 50 വർഷം തികയുക യാണ്. മെയ് 1,2,3 തീയതികളിൽ മുരിങ്ങൂർ ധ്യാനകേന്ദ്രത്തിൽ നടക്കുന്ന ജൂബിലി കൺവൻഷനിൽ ചങ്ങാനാശ്ശേരിയിൽ നിന്നു പ്രതിനിധികൾ പങ്കെ ടുക്കും.

### ലോർഡ്സ് കപ്പിൾസ് മിനിസ്ട്രി

ലോഡ്സ് കപ്പിൾസ് മിനിസ്ട്രിയുടെ സോണൽ സർവീസ് ടീം യോഗം മാർച്ച് 17നു ആനിമേറ്റർ ഫാ. ലൂയിസ് വെള്ളാനിക്കലിന്റെ നേതൃത്വത്തിൽ പാസ്റ്ററൽ സെന്റർ ഓഫീസിൽ നടത്തപ്പെട്ടു. വിവിധ ഇടവകകളിൽ തുടങ്ങി വച്ച ദമ്പതീ സെല്ലുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തി.

സ്നേഹപൂർവം,

**മഞ്ജു മാത്തൂർ**
*(കോഡിനേറ്റർ)*

**ഫാ. മാത്യു താന്നിയത്ത്**
*(ആനിമേറ്റർ)*

❑

## മാർ തോമസ് തറയിൽ

**മാർച്ച്**

27 അതിരൂപതാകേന്ദ്രത്തിൽ ചെത്തിപ്പുഴ ആശുപത്രി ട്രസ്റ്റ് യോഗത്തിൽ അധ്യക്ഷത വഹിച്ചു. നാല്പതാം വെള്ളിയാഴ്ച കരുവള്ളിക്കാട് കുരിശുമല തീർത്ഥാടനത്തിൽ പങ്കെടുക്കുകയും സന്ദേശം നൽകുകയും ചെയ്തു.

28 ഇത്തിത്താനം സെന്റ് മേരീസ് ദൈവാലയത്തിൽ പരിശുദ്ധ കുർബാന അർപ്പിക്കുകയും ഇടവകയുടെ ചരിത്രഗ്രന്ഥം പ്രകാശനം ചെയ്യുകയും ചെയ്തു. ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ പാരിഷ് ഹാളിൽ മാതൃ–പിതൃവേദിയുടെ നേതൃസംഗമം ഉദ്ഘാടനം ചെയ്തു സംസാരിച്ചു. വടക്കേക്കര നെടുംപറമ്പിൽ ശ്രീമതി മോളി വർഗീസിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസു ചൊല്ലി പ്രാർത്ഥിച്ചു. കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ മുതിർന്ന പൗരന്മാരുടെ ധ്യാനത്തിൽ സന്ദേശം നൽകുകയും പെരുന്ന ബസ് സ്റ്റാൻഡിൽ പ്രോലൈഫ് റാലി ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയും ചെയ്തു. അതിരൂപതാകേന്ദ്രത്തിൽ കോർപ്പറേറ്റ് സ്കൂളുകളിലെ പുതിയ ഹെഡ്മാസ്റ്റർമാർക്കു നിയമനപത്രം നൽകി. ചങ്ങനാശ്ശേരി എസ്.ബി. കോളേജിലെ പൂർവ്വവിദ്യാർത്ഥികളുടെ ഓൺലൈൻ യോഗത്തിൽ പങ്കെടുത്തു.

29 ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ ദൈവാലയത്തിൽ ഓശാന തിരുകർമ്മങ്ങൾക്കു കാർമികത്വം വഹിച്ചു. കുറുമ്പനാടം ഇല്ലിപ്പറമ്പിൽ മറ്റത്തിൽ ശ്രീ. എ. ജെ ചാക്കോയുടെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.

30–31 വിജയവാഡ രൂപതയിലെ ബഹു. വൈദികരുടെ ധ്യാനത്തിൽ സന്ദേശം നൽകുകയും മൂറോൻ കൂദാശ തിരുക്കർമ്മങ്ങൾക്കു സഹകാർമ്മികനാവുകയും ചെയ്തു.

**ഏപ്രിൽ**

01 തൃശ്ശൂർ ചേലക്കരയിലുള്ള ചാൾസ് മൗണ്ട് എസ്റ്റേറ്റ് സന്ദർശിച്ചു.

02 ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ ദൈവാലയത്തിൽ പെസഹാ വ്യാഴം തിരുകർമ്മങ്ങൾക്ക് കാർമികത്വം വഹിക്കുകയും മെത്രാപ്പോലീത്തൻ ദൈവാലയത്തിലെയും അതിരൂപതാകേന്ദ്രത്തിലെയും അപ്പം മുറിക്കൽ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകുകയും ചെയ്തു.

03 പാളയം സെന്റ് ജോസഫ് ലത്തീൻ കത്തീഡ്രൽ ദൈവാലയത്തിൽ സംയുക്ത കുരിശിന്റെ വഴിക്ക് ആമുഖസന്ദേശം നൽകി. പൂജപ്പുര സെൻട്രൽ ജയിൽ സന്ദർശിച്ചു. തിരുവനന്തപുരം ലൂർദ് ഫൊറോന ദൈവാലയത്തിൽ പീഡാനുഭവ വെള്ളി തിരുകർമ്മങ്ങൾക്കു മുഖ്യകാർമികത്വം വഹിച്ചു.

04 കാഞ്ഞിരപ്പള്ളി മണ്ണംപ്ലാക്കൽ ശ്രീ. അലക്സാണ്ടർ ജേക്കബിന്റെയും ചങ്ങനാശ്ശേരി മഞ്ചാടിക്കര കൂലിപ്പുരക്കൽ ശ്രീമതി അന്നമ്മ ആന്റണിയുടെയും മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. കുടമാളൂർ സെന്റ് മേരീസ് മേജർ ആർക്കി എപ്പിസ്കോപ്പൽ തീർത്ഥാടന ദൈവാലയത്തിൽ ദുഃഖശനി തിരുകർമ്മങ്ങൾക്ക് കാർമികത്വം വഹിച്ചു.

05 ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ ദൈവാലയത്തിൽ ഉയിർപ്പ് തിരുനാളിന്റെ തിരുകർമ്മങ്ങൾക്ക് കാർമികത്വം വഹിച്ചു.

06 ഫാത്തിമാപുരം സെന്റ് അൽഫോൻസാ സ്നേഹനിവാസിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. കുറിച്ചി മൈനർ സെമിനാരിയിൽ ദൈവവിളി ക്യാമ്പിൽ സന്ദേശം നൽകി.

07 കുന്നന്താനം സീയോൻ ധ്യാനകേന്ദ്രത്തിൽ വിവാഹ ഒരുക്ക ധ്യാനത്തിൽ പരിശുദ്ധ കുർബാനയർപ്പിച്ചു സന്ദേശം നൽകി. ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ പള്ളി ഹാളിൽ വൈദിക സമ്മേളനത്തിന് അധ്യക്ഷത വഹിച്ചു. മൂവാറ്റുപുഴയിൽ മേഖലാതല മെത്രാന്മാരുടെ ധ്യാനത്തിൽ സംബന്ധിച്ചു.

08 തിരുവനന്തപുരം ലൂർദ് ഫൊറോന ദൈവാലയത്തിൽ വിവാഹവാഗ്ദാന കർമ്മത്തിനു കാർമ്മികത്വം വഹിച്ചു. തിരുവനന്തപുരം IIST ഇൻസ്റ്റിറ്റ്യൂട്ട് സന്ദർശിക്കുകയും മീഡിയ കമ്മീഷൻ ഓൺലൈൻ യോഗത്തിൽ അധ്യക്ഷതവഹിക്കുകയും ചെയ്തു.

09 സി.എം.ഐ. കോട്ടയം പ്രൊവിൻഷ്യൽ ഹൗസിൽ സിനാക്സിസ് യോഗത്തിൽ സന്ദേശം നൽകി. കോട്ടയം കുന്നത്തുകുഴിയിൽ ശ്രീ. കെ. വി. ജോസഫിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിക്കുകയും ചങ്ങനാശ്ശേരി എൻ.എസ്.എസ്. സെക്രട്ടറി ശ്രീ. ഹരികുമാർ കോയിക്കലിന്റെ മൃതദേഹത്തിങ്കൽ അനുശോചനമറിയിക്കുകയും ചെയ്തു. മാരാമൺ കത്തോലിക്ക കരിസ്മാറ്റിക് കൺവെൻഷനിൽ സന്ദേശം നൽകി.

10 പള്ളിക്കുന്ന് XIME സ്കൂളിൽ ഷെവ. പ്രൊഫ. ജെ. ഫിലിപ്പിന്റെ അനുസ്മരണ ചടങ്ങുകൾക്കു കാർമികത്വം വഹിച്ചു. വടവാതൂർ സെന്റ് തോമസ് പള്ളിയിൽ തിരുനാളിനോടനുബന്ധിച്ച് പരിശുദ്ധ കുർബാനയർപ്പിക്കുകയും പാലാ രൂപതാകേന്ദ്രത്തിൽ അഭി. മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ പിതാവിന്റെ നൂറാം ജന്മദിനാഘോഷങ്ങളിൽ ആശംസകളറിയിക്കുകയും ചെയ്തു.

11 മാങ്ങാനം സ്പിരിച്വാലിറ്റി സെന്ററിൽ ജീസസ് യൂത്ത് സംഘടനാംഗങ്ങളുടെ ധ്യാനത്തിൽ സന്ദേശം നൽകി. കരുമാടി സെന്റ് ജോസഫ് പള്ളിയുടെ പുതിയ പാരിഷ് ഹാൾ വെഞ്ചരിച്ചു.

12 മനയ്ക്കച്ചിറ, പുഴവാത് പള്ളികളിൽ വിശ്വാസോത്സവത്തോടനുബന്ധിച്ച് സൺഡേ സ്കൂൾ കുട്ടികളെ സന്ദർശിച്ചു. അതിരമ്പുഴ ഇടവകാംഗം ശ്രീ. കെ. ജെ. ജോസിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. മാന്നാനം 12 അപ്പസ്തോലന്മാരുടെ പള്ളിയിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. മുടിയൂർക്കര ഹോളി ഫാമിലി സൺഡേ സ്കൂൾ കുട്ടികളുമായി സംവദിച്ചു. അതിരമ്പുഴ സെന്റ് മേരീസ് ഫൊറോന ദൈവാലയത്തിൽ നസ്രാണി ഫാമിലി ഫ്രറ്റേണിറ്റി സംഗമത്തിൽ സന്ദേശം നൽകി.

13 വാഴപ്പള്ളി എസ്.എ.ബി.എസ്. മഠത്തിലെ ചാപ്പൽ പുനർകൂദാശ ചെയ്തു.

14 വില്ലൂന്നി സെന്റ് സേവ്യേഴ്സ് പള്ളിയിൽ പ്രവേശക കൂദാശകൾ പരികർമ്മം ചെയ്തു. പാറേൽ എസ്.എച്ച്. മഠത്തിൽ സിസ്റ്റർ അംബ്രോസിയ എസ്.എച്ച്.ന്റെ മൃതസംസ്കാരശുശ്രൂഷകളുടെ പ്രാരംഭഭാഗത്തിന് കാർമികത്വം വഹിച്ചു. പാലാ അരുണാപുരം പാസ്റ്ററർ സെന്ററിൽ എസ്.എം.വൈ.എം.

സംസ്ഥാന സെനറ്റ് യോഗത്തിൽ സന്ദേശം നൽകി. ബേസിക് കൗൺസി ലിംഗ് കോഴ്സിന്റെ ഓൺലൈൻ പരിശീലനത്തിൽ ക്ലാസ് നയിച്ചു.

15 കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സുപ്പീരിയർ ജനറൽസിന്റെ യോഗ ത്തിൽ സന്ദേശം നൽകി. അതിരൂപതാകേന്ദ്രത്തിൽ സി.ബി.എസ്.ഇ. പുസ്തക കമ്മറ്റി യോഗത്തിൽ പങ്കെടുത്തു. അമേരിക്കയിൽ ശുശ്രൂഷ ചെയ്യുന്ന അതിരൂപതാ വൈദികരുടെ ഓൺലൈൻ സംഗമത്തിൽ സംബന്ധിച്ചു.

16 കൊടുപ്പുന്ന സെന്റ് ജോസഫ്സ് പള്ളിയിൽ ബഹു. ഡീക്കന്മാരായ വേണാട് വർഗീസിന്റെയും വേണാട് തോമസിന്റെയും തിരുപ്പട്ട കർമ്മ ങ്ങൾക്ക് കാർമികത്വം വഹിച്ചു. പഴവങ്ങാടി കാർമൽ അക്കാദമിയിൽ ആലപ്പുഴ ഫൊറോനയിലെ സമുദായശക്തീകരണത്തോടനുബന്ധിച്ച് നട ത്തിയ കുട്ടികളുടെ സെമിനാറിൽ സംവദിച്ചു. ചമ്പക്കര സെന്റ് ജോസഫ് പള്ളിയിൽ വിവാഹം കൂദാശ ചെയ്തു. കുരിശുംമൂട് മീഡിയ വില്ലേജിൽ ഹരികുമാർ കോയിക്കൽ അനുസ്മരണസമ്മേളനത്തിൽ അധ്യക്ഷതവ ഹിച്ചു. ജർമ്മനിയിൽ ശുശ്രൂഷ ചെയ്യുന്ന അതിരൂപതാ വൈദികരുടെ ഓൺലൈൻ സംഗമത്തിൽ സംബന്ധിച്ചു.

17 പാറേൽ എസ്.എച്ച്. പ്രൊവിൻഷ്യൽ ഹൗസിൽ സിസ്റ്റർ മേരി സിറിയക് പനത്താനത്ത് എസ്.എച്ച്.ന്റെ മൃതസംസ്കാരശുശ്രൂഷയുടെ ആദ്യഭാഗ ത്തിന് കാർമികത്വം വഹിച്ചു. മണ്ണൂർ മറ്റക്കര സെന്റ് ജോർജ് ക്നാനായ പള്ളിയിൽ സുറിയാനി കുർബാനയർപ്പിച്ചു. അയർക്കുന്നം സെന്റ് സെബാ സ്റ്റ്യൻസ് പള്ളി ഹാളിൽ ദിശാ–എക്സലൻഷ്യ ക്യാമ്പിൽ കുട്ടികളുമായി സംവദിച്ചു.

18 പനയമ്പാല സെന്റ് സെബാസ്റ്റ്യൻസ് പള്ളിയിൽ പരിശുദ്ധ കുർബാന യർപ്പിക്കുകയും പുതിയ ദൈവാലയത്തിന്റെ ശിലാസ്ഥാപനകർമ്മം നിർവ ഹിക്കുകയും ചെയ്തു. ചങ്ങനാശ്ശേരി എഫ്.ഡി.എസ്.എച്ച്.ജെ. സന്യാസ ഭവനത്തിലെ ചാപ്പൽ കൂദാശ ചെയ്തു. അതിരൂപതാകേന്ദ്രത്തിൽ സി.എം. ഐ. കോട്ടയം പ്രൊവിൻസിന്റെ പുതിയ നേതൃസംഘത്തെ സ്വീകരിച്ചു.

19 കോട്ടയം ലൂർദ് ഫൊറോനാ ദൈവാലയത്തിൽ നസ്രാണി ഫാമിലി ഫ്രട്ടേണിറ്റി സംഗമത്തിലും തെള്ളകം സെന്റ് ജോസഫ് പള്ളി ഇടവകദി നത്തിലും സന്ദേശം നൽകി. അഭി. കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിന് ജന്മദിനാശംസകൾ നേർന്നു.

20 കിടങ്ങറയിൽ അതിരൂപതയിലെ മേജർ സെമിനാരി വൈദികാർത്ഥികളുടെ വർക്ക് ക്യാമ്പിൽ പങ്കെടുക്കുകയും പരിശുദ്ധ കുർബാനയർപ്പിക്കുകയും ചെയ്തു. കുറിച്ചി മൈനർ സെമിനാരിയിലെ ആദ്യവർഷ സെമിനാരി ക്കാരെ വ്യക്തിപരമായി കണ്ടു സംസാരിച്ചു.

21 പാറേൽ പള്ളിയിൽ എസ്.എച്ച്. സിസ്റ്റേഴ്സിന്റെ വ്രതവാഗ്ദാന–ജൂബിലി ആഘോഷങ്ങളിൽ പരിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകി. മീനടം കിളിരൂർ ശ്രീ. തോമസ് ജോസഫിന്റെ മൃതസംസ്കാര ശുശ്രൂഷയുടെ ആദ്യഭാഗത്തിന് കാർമ്മികത്വം വഹിച്ചു. കാക്കനാട് മൗണ്ട് സെന്റ് തോമസിൽ മേജർ ആർച്ചുബിഷപ്പ് അഭി. മാർ റാഫേൽ തട്ടിൽ പിതാവിന്റെ സപ്തതി ആഘോഷങ്ങളിൽ ആശംസകളറിയിച്ചു.

22 വടക്കേക്കര ശ്രീ. ജോർജ് ജോസഫ് കറുകപ്പറമ്പിലിന്റെയും വെരൂർ ശ്രീ. അലക്സ് സി. മുണ്ടയ്ക്കലിന്റെയും മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു. അതിരൂപതാകേന്ദ്രത്തിൽ പ്രസ്ബിറ്ററൽ കൗൺസിലിൽ അധ്യക്ഷത വഹിച്ചു. അരുവിത്തുറ സെന്റ് ജോർജ് പള്ളിയിൽ തിരുനാളിനോടനുബന്ധിച്ച് പരിശുദ്ധ കുർബാനയർപ്പിച്ചു.

23 ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ പള്ളിയിൽ പ്രവേശകൂദാശകൾ പരികർമ്മം ചെയ്യുകയും ശ്രീ. സെബാസ്റ്റ്യൻ കുര്യൻ മുക്കാടന്റെ മൃതദേഹത്തിങ്കലും മുല്ലശ്ശേരി ബഹു. മാത്യു അച്ചന്റെ സഹോദരി കുറുമ്പനാടം പുത്തൻപുരയ്ക്കൽ ശ്രീമതി സിസിലി ചാക്കോയുടെ മൃതദേഹത്തിങ്കലും ഒപ്പീസുചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു. കൂത്രപ്പള്ളി എസ്.എ.ബി.എസ്. പ്രൊവിൻഷ്യൽ ഹൗസിൽ ആദ്യ വ്രതവാഗ്ദാന കർമ്മത്തിനു കാർമ്മികത്വം വഹിച്ചു. കുരിശുംമൂട് മീഡിയ വില്ലേജിൽ 'എഴുത്തോല' എഴുത്തുകാരുടെ സംഗമം ഉദ്ഘാടനം ചെയ്യുകയും എഴുമറ്റൂർ പള്ളിയുടെ പള്ളിമേട വെഞ്ചരിക്കുകയും ചെയ്തു.

24 അതിരൂപതാകേന്ദ്രത്തിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. ഗീവർഗീസ് നാമധാരികളായ അഭി. മാർ ജോർജ് ആലഞ്ചേരിപിതാവിനും അഭി. മാർ ജോർജ് കോച്ചേരി പിതാവിനും ബഹു. വൈദികർക്കും ആശംസകളറിയിച്ചു. പറാൽ മേക്കരശ്ശേരി ശ്രീ. എം. പി. ജോസഫിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിക്കുകയും കിടങ്ങറ സ്നേഹതീരത്ത് അതിരൂപതയിലെ വൈദികാർത്ഥികളുടെ വർക്ക് ക്യാമ്പിന്റെ സമാപനത്തിൽ സന്ദേശം നൽകുകയും ചെയ്തു. സെൻട്രൽ ലിറ്റർജിക്കൽ കമ്മിറ്റിയുടെ ഓൺലൈൻ യോഗത്തിൽ പങ്കെടുത്തു.

25 ഇംഗ്ലണ്ട് സന്ദർശനത്തിനായി പുറപ്പെട്ടു.

26 അതിരൂപതാ വൈദികനായ പന്തമാക്കൽ ബഹു. ഫിലിപ്പ് അച്ചൻ വികാരിയായിരിക്കുന്ന കേംബ്രിഡ്ജിലെ സെന്റ് ഫിലിപ്പ് ഹോവാർഡ് ഇടവക പള്ളിയുടെ കൂദാശാകർമ്മത്തിൽ പങ്കെടുത്ത് സന്ദേശം നൽകി.

❑

## മാർ ജോസഫ് പെരുന്തോട്ടം

**മാർച്ച്**

28 ചെത്തിപ്പുഴ എസ്.ഡി. പ്രൊവിൻഷ്യൽ ഹൗസിൽ പരിശുദ്ധ കുർബാനയർപ്പിച്ചു ശതാബ്ദിയാഘോഷം ഉദ്ഘാടനം ചെയ്തു. ചെത്തിപ്പുഴ സേക്രഡ് ഹാർട്ട് ഇടവകാംഗം ഇല്ലിപ്പറമ്പിൽ എ. ജെ. ചാക്കോയുടെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി.

29 തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ഫൊറോനാപ്പള്ളിയിൽ ഓശാന ഞായർ ശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു. കുറുമ്പനാടം അസംപ്ഷൻ ഇടവകാംഗം നെടുംപറമ്പിൽ മോളി വർഗീസിന്റെ മൃതസംസ്കാര

ശുശ്രൂഷയുടെ ഭവനത്തിലെ കർമത്തിനു കാർമികത്വംവഹിച്ചു.

30 വാഴപ്പള്ളി ആരാധന സന്യാസിനിസമൂഹത്തിന്റെ മഠം ചാപ്പലിൽ റവ. സി. ലീമ പുത്തൻപറമ്പിലിന്റെ മൃതസംസ്കാരശുശ്രൂഷയുടെ മൂന്നാം ഭാഗത്തിന് കാർമികത്വം വഹിച്ചു. തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ഫൊറോന ഇടവകാംഗം പുതുപ്പറമ്പിൽ ത്രേസ്യാമ്മ ജോസഫിന്റെ മൃത സംസ്കാരശുശ്രൂഷയുടെ പള്ളിയിലെ കർമത്തിനു കാർമികത്വംവഹിച്ചു.

**ഏപ്രിൽ**

02 കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോനാപ്പള്ളിയിൽ പെസഹാ വ്യാഴാഴ്ചയിലെ ശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു. ഇത്തിത്താനം സെന്റ് ജോസഫ്സ് പ്രീസ്റ്റ്സ് ഹോമിൽ പെസഹാഅപ്പംമുറിക്കൽ ശുശ്രൂഷയ്ക്കു നേതൃത്വം നൽകി.

03 പുന്നക്കുന്നത്തുശ്ശേരി സെന്റ് ജോസഫ്പള്ളിയിൽ പീഡാനുഭവവെള്ളി ശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു. കാഞ്ഞിരപ്പള്ളി രൂപത ചിറക്കടവ് താമരക്കുന്ന് സെന്റ് എഫ്രേംസ് ഇടവകാംഗം മണ്ണംപ്ലാക്കൽ ബഹു. ബോബി അലക്സ് അച്ചന്റെ പിതാവ് ശ്രീ. അലക്സാണ്ടർ ജേക്കബിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി.

04 മാമ്പുഴക്കരി ലൂർദ്മാതാ പള്ളിയിൽ പ്രവേശകകൂദാശകൾ നൽകികൊണ്ട് വലിയ ശനിശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു.

05 രാമങ്കരി സെന്റ് ജോസഫ്സ് പള്ളിയിൽ ഉയിർപ്പുതിരുനാളിന്റെ ശുശ്രൂഷകൾക്കു കാർമികത്വംവഹിച്ചു.

06 തൃക്കൊടിത്താനം സെന്റ് സേവ്യേഴ്സ് ഫൊറോന ഇടവകാംഗം പുരയ്ക്കൽ പി. കെ. മാത്യുവിന്റെ മൃതസംസ്കാരശുശ്രൂഷയുടെ പള്ളിയിലെ കർമത്തിനു കാർമികത്വംവഹിച്ചു.

07 ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളിയുടെ ഹാളിൽ നടത്തപ്പെട്ട വൈദികസമ്മേളനത്തിൽ പങ്കെടുത്തു.

08 ചങ്ങനാശ്ശേരി എഫ്.സി.സി. ദൈവമാതാ പ്രൊവിൻഷ്യൽ ഹൗസിൽ സന്യാസത്തിന്റെ സുവർണ്ണ ജൂബിലിയും രജത ജൂബിലിയും ആഘോഷിക്കുന്നവരോടൊപ്പം പരിശുദ്ധ കുർബാനയർപ്പിച്ചു.

09 വടവാതൂർ സെന്റ് തോമസ് പള്ളിയിൽ തിരുനാളിനോടനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു. ചങ്ങനാശ്ശേരി അസംപ്ഷൻ കോളേജിൽ കേരള നിയമസഭാ തിരഞ്ഞെടുപ്പിൽ വോട്ട് രേഖപ്പെടുത്തി.

10 പുളിങ്കുന്ന് കിഴക്കേതലയ്ക്കൽ സെന്റ് തെരേസാസ് കുരിശുപള്ളി പള്ളിയിൽ തിരുനാളിനോടനുബന്ധിച്ചു കൊടിയേറ്റി, പരിശുദ്ധ കുർബാനയർപ്പിച്ചു.

11 പാലാ രൂപതാ മെത്രാനായിരുന്ന അഭി. മാർ പള്ളിക്കാപറമ്പിൽ ജോസഫ് പിതാവിന് നൂറാംജന്മദിനത്തിന്റെ മംഗളങ്ങളാശംസിച്ച് പൊന്നാട അണിയിച്ചു. ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിൽ ചികിത്സയിലായിരുന്ന ബഹു. വൈദികരെ സന്ദർശിച്ചു. കൈനടി സെന്റ് മേരീസ് പള്ളി ഇടവകാംഗം മുക്കത്തായ പുതുപറമ്പിൽ അബ്രാഹമിന്റെ വീട് വെഞ്ചരിച്ചു. വെളിയനാട് കേസറിയ ഗ്രിഗോറിയോസ് പള്ളിയിൽ തിരു

നാളിനോടനുബന്ധിച്ചു കൊടിയേറ്റി, പരിശുദ്ധ കുർബാനയർപ്പിച്ച്, ഇടവക കുടുംബദിന ആഘോഷത്തിൽ പങ്കെടുത്തു.

12 പള്ളിക്കുന്ന് സെന്റ് തോമസ് പള്ളിയിൽ പരിശുദ്ധ റാസ കുർബാന യർപ്പിച്ചു. കാഞ്ഞിരപ്പള്ളി നല്ലതണ്ണി നസ്രാണി റിസേർച്ച് സെന്ററിൽ നസ്രാണിമാർഗം കൂട്ടായ്മാംഗങ്ങൾക്കു ക്ലാസ്സെടുത്തു, അവരോടൊപ്പം സായാഹ്നപ്രാർഥനയിൽ പങ്കെടുത്തു. നസ്രാണിമാർഗ്ഗം & ഹെക്മസ് എന്നി ഭക്തസംഘടനയുടെ പുതിയ ഭാരവാഹികളുടെ മീറ്റിങ്ങിൽ പങ്കെടുത്തു അദ്ധ്യക്ഷ പ്രസംഗം നടത്തി.

14 മങ്കൊമ്പ് സെന്റ് പയസ് ടെൻത് പള്ളിയിൽ പൂവത്തുശ്ശേരിയിൽ വർഗീസ് & അന്നമ്മ ദമ്പതികളുടെ നാലാമത്തെ കുഞ്ഞ് അന്നയ്ക്ക് പ്രവേശകകൂദാശകൾ നൽകി, ഒരു കുഞ്ഞിന് ആഘോഷമായ പരിശുദ്ധ കുർബാന സ്വീകരണം നൽകി. പാറേൽ എസ്.എച്ച്. പ്രൊവിൻഷ്യൽ ഹൗസിൽ റവ. സി. അംബ്രോസിയ കിങ്ങണംച്ചിറപീടികയുടെ മൃത സംസ്കാരശുശ്രൂഷയുടെ മൂന്നാംഭാഗത്തിന് കാർമികത്വം വഹിച്ചു. കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോനാപ്പള്ളിയിൽ മേടയിൽ ഫിലിപ്പ് & മറിയം ദമ്പതികളുടെ നാലാമത്തെ കുഞ്ഞ് ജോസഫിന് പ്രവേശകകൂദാശകൾ നൽകി.

15 പുന്നപ്ര മാർ ഗ്രിഗോറിയോസ് പള്ളി ഇടവകാംഗമായിരുന്ന സെലീനാമ്മ ജേക്കബിന്റെ കബറിടത്തിങ്കൽ ഒപ്പീസുചൊല്ലി. വെളിയനാട് സെന്റ് ഫ്രാൻസിസ് സേവ്യർ പള്ളിയിൽ കുരിശടി വെഞ്ചരിച്ചു.

16 മങ്കൊമ്പ് തെക്കേക്കര സെന്റ് ജോൺസ് ഇടവകാംഗം കറുകയിൽ ബഹു. ജോസഫ് അച്ചന്റെ പിതാവ് ശ്രീമതി അന്നമ്മ വർഗീസിന്റെ മൃതസംസ് കാരശുശ്രൂഷയുടെ പള്ളിയിലെ കർമത്തിനു കാർമികത്വം വഹിച്ചു. കുരിശും മൂട് മീഡിയ വില്ലേജിൽ ഇറ്റാലിയൻ സാഹിത്യകാരിയായിരുന്നു മരിയ വാൾത്തോർത്തയ്ക്ക് ഈശോ നൽകിയ ദർശനങ്ങളുട സമാഹാര മാണ് 'The Poem of The Man God' എന്ന വെബ് സീരിയസ് ഉദ്ഘാടനം ചെയ്തു സംസാരിച്ചു. തോട്ടുവാത്തല തിരുഹൃദയപ്പള്ളിയിൽ തിരുനാളി നോടനുബന്ധിച്ചു കൊടിയേറ്റി, പരിശുദ്ധ കുർബാനയർപ്പിച്ചു.

17 ഇത്തിത്താനം ആയുഷ്യ മെഡിക്കൽ മിഷൻ മഠം ചാപ്പലിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. പാറേൽ എസ്.എച്ച്. പ്രൊവിൻഷ്യൽ ഹൗസിൽ റവ. സി. മേരി സിറിയക് പനത്താനത്തിന്റെ മൃതസംസ്കാരശുശ്രൂഷയുടെ മൂന്നാം ഭാഗത്തിന് കാർമികത്വം വഹിച്ചു.

18 പാലമറ്റം ബേത് തോമ ദയറായിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. മണിമല ഹോളി മാഗി ഫൊറോനാപ്പള്ളിയിൽ ആയില ബഹു. ജോസഫ് അച്ചന്റെ കബറിടത്തിങ്കൽ ഒപ്പീസുചൊല്ലി. ളാനിത്തോട്ടം ബഹു. ജേക്കബ് അച്ചന്റെ ഭവനം സന്ദർശിച്ചു. മണിമല ഇൻഫന്റ് ജീസസ് ഹോസ്പിറ്റൽ സന്ദർശിച്ചു. ഇത്തിത്താനം പ്രീസ്റ്റ്സ് ഹോമിൽ ശാലോം ടി.വി. സംഘടിപ്പിച്ച അഭിമുഖ സംഭാഷണത്തിൽ പങ്കെടുത്തു.

19 ഏറ്റുമാനൂർ ക്രിസ്തുരാജ പള്ളിയിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. തുടർന്ന് ഇടവകയിലെ വിവിധ സംഘടനകൾക്ക് ആശംസകൾ നേർന്നു. ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റൽ സന്ദർശിച്ചു.

20 കൂത്രപ്പള്ളി എസ്.എ.ബി.എസ്. റീത്താ പ്രൊവിൻഷ്യൽ ഹൗസിൽ സന്യാസ ജീവിതത്തിന്റെ സുവർണ്ണ ജൂബിലിയും രജത ജൂബിലിയും ആഘോഷിക്കുന്നവരോടൊപ്പം പരിശുദ്ധ കുർബാനയർപ്പിച്ചു.

21 കിളിരൂർ മോൺ. ഡോ. മാത്യു അച്ചന്റെ സഹോദരൻ മീനടം കിളിരൂർ തോമസ് ജോസഫിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി. ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റലിൽ ചികിത്സയിലായിരുന്ന ബഹു. വൈദികരെ സന്ദർശിച്ചു. മുട്ടാർ സെന്റ് ജോർജ് പള്ളിയിൽ അതിരൂപതയിലെ മേജർ സെമിനാരി വൈദികാർഥികളുടെ വർക്ക് ക്യാംപിനോടനുബന്ധിച്ചു പരിശുദ്ധ കുർബാനയർപ്പിച്ചു.

22 വേഴപ്രാ സെന്റ് പോൾസ് പള്ളിയിൽ മാരാപറമ്പിൽ തോമസ് & അന്നമ്മ ദമ്പതികളുടെ നാലാമത്തെ കുഞ്ഞ് അൽഫോൻസാമ്മയ്ക്ക് പ്രവേശകകൂദാശകൾ നൽകി. കായൽപ്പുറം സെന്റ് ജോസഫ്സ് പള്ളിയിൽ തിരുനാളിനോടനുബന്ധിച്ചു പുളിങ്കുന്ന് ഫൊറോനയിലെ വിവിധ പള്ളികളിൽ നിന്ന് കാൽനടയായി തീർഥാടനത്തിൽ പങ്കെടുത്ത യുവജനങ്ങൾക്കു സന്ദേശം നൽകി, തിരുനാളിനു കൊടിയേറ്റി, പരിശുദ്ധ കുർബാനയർപ്പിച്ചു,

23 കുറുമ്പനാടം സെന്റ് ആന്റണീസ് ഫൊറോനാപ്പള്ളി ഇടവകാംഗവും മുല്ലശ്ശേരി ബഹു. മാത്യു അച്ചന്റെ സഹോദരിയുമായ പുത്തൻപുരയ്ക്കൽ സിസിലിക്കുട്ടി ചാക്കോയുടെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി. മാമ്പുഴക്കരി ലൂർദ്മാതാ പള്ളിയിൽ പുഞ്ചപടാരംചിറ സേവ്യർ & ബ്രിജീത്ത ദമ്പതികളുടെ നാലാമത്തെ കുഞ്ഞ് എലനോറയ്ക്ക് പ്രവേശകകൂദാശകളും രണ്ടു കുഞ്ഞുങ്ങൾക്ക് ആഘോഷമായ പരിശുദ്ധ കുർബാന സ്വീകരണം നൽകി. അതിരൂപതാകേന്ദ്രത്തിൽ നടത്തപ്പെട്ട അഭി. തോമസ് തറയിൽ പിതാവിന്റെ മേൽപ്പട്ട ശുശ്രൂഷയുടെ ഒമ്പതാം വാർഷിക ആഘോഷത്തിൽ പങ്കെടുത്തു.

24 ഇത്തിത്താനം പ്രീസ്റ്റ്സ് ഹോമിൽ പരിശുദ്ധ കുർബാനയർപ്പിച്ചു. കുടമാളൂർ സെന്റ് മേരീസ് മേജർ ആർക്കി എപ്പിസ്കോപ്പൽ പള്ളിയിൽ കുരിശടി വെഞ്ചരിച്ചു.

25 അതിരമ്പുഴ സെന്റ് മേരീസ് ഫൊറോനാപ്പള്ളിയിൽ കൈതക്കരി മാത്യു & അന്ന ദമ്പതികളുടെ നാലാമത്തെ കുഞ്ഞ് അഗസ്റ്റിന് പ്രവേശകകൂദാശകൾ നൽകി. കോട്ടയം ലൂർദ് ഫൊറോന ഇടവകാംഗം ചിറയിൽ അമല ജോർജ് & കൈപറമ്പാട്ട് ജെറിൻ ജയിംസ് എന്നിവരുടെ വിവാഹത്തിന് സന്ദേശം നൽകി.

26 രാമങ്കരി സെന്റ് ജോസഫ്സ് പള്ളിയിൽ ആഘോഷമായ പരിശുദ്ധ കുർബാന സ്വീകരിക്കുന്ന കുട്ടികൾക്കു പരിശുദ്ധ കുർബാനമധ്യേ വചന സന്ദേശം നൽകി. മാമ്പുഴക്കരി ലൂർദ്മാതാ പള്ളിയിൽ പരിശുദ്ധ കുർബാന അർപ്പിച്ചു, വിൻസെന്റ് ഡി പോൾ സോണൽ വാർഷികസമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

27 ചങ്ങനാശ്ശേരി സേവനോദ്യാന സന്യാസസമൂഹത്തിലെ അംഗമായിരുന്ന റവ. സി. അൽഫോൻസാ കുര്യൻ മാണിക്കൊമ്പിലിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസുചൊല്ലി. പള്ളാത്തുരുത്തി ലിറ്റിൽ സിസ്റ്റേഴ്സ് ഓഫ് ക്രൈസ്റ്റ് എന്ന സന്യാസസമൂഹത്തിന്റെ മഠം ചാപ്പൽ കൂദാശ ചെയ്തു.

❑



**Mar Thomas Tharayil**
Metropolitan of Changanacherry

# ENGAGEMENTS | MAY 2026

| | | |
|---|---|---|
| 01-05 | | UK Visit |
| 06 | 08: 30 am | *Curia* |
| | 11:00 am | Sanjeevani Annual General Body @ Archbishop House |
| | 12:00 noon | CARP-ASPIRE Formation Program @ SB College |
| | 03:00 pm | Vestition: Josephine Sisters@ Villoonni |
| 07-08 | | CBCI standing Committee @ Bengaluru |
| 09 | 06:15 am | Solemn Holy Communion @ Laikadu |
| | 11:00 am | Silver Jubilee: FDSHJ @ Punnavely |
| | 09:00 pm | DCMS *Prethinidhi* Camp @ Pastoral Centre |
| 10 | 07:00 am-02:00 pm | Pastoral Visit @ Little Flower, Chunkappara |
| | 07:00 pm | Major Seminarians' Gathering @ Minor Seminary, Kurichy |
| 11 | 11.00 am | Holy *Qurbana* @ Mannanam |
| | 02:30 pm | Amala Theological College Relocation @ *Marthoma Vidhyanikethan* |
| | 05:00 pm | Finance Council @ Archbishop House |
| 12 | 05:45 am | Holy *Qurbana* @ Edathua |
| | 11:00 am | Class @ Major Seminarians' Gathering, Kurichy |
| 13 | 07:00 am | Minor Orders @ Kurichy |
| | 10:00 am | Professors' Meet @ Kurichy |
| 14 | 03:00 pm | Vestition & First Profession: Sisters of Mercy @ Vilakudy |
| 15 | 06:30 am | Holy *Qurbana* @ Priest Home, Ithithanam |
| | 08:30 am | *Curia* |
| | 02:30 pm | Kanjirappally Eparchial Assembly @ Kuttikanam |
| 16 | 06:30 am | Sacraments of Initiation @ Kumaramkary |
| | 10:30 am | Farewell Meeting @ CHASS |
| | 03:30 pm | Marriage @ Kurumpanadam |

| | | |
|---|---|---|
| 17 | 07:00 am-02:00 pm | Pastoral Visit @ Sacred Heart, Chethipuzha |
| | 02:30 pm | Communication Day Celebration @ Media Village |
| | 04:00 pm | KLM *Athiroopatha Samith*i @ Sandeshanilayam |
| | 05: 00 pm | SMYM Thuruthy Forane Zonal Meeting @ Ithithanam |
| | 07:30 pm | Nasrani Family Fraternity Meet: Alappuzha, Muhamma @ Pazhavangady |
| 18 | 04:30 pm | School Blessing @ Perumkavu |
| | 06:00 pm | Inter Department Meeting @ Archbishop House |
| 19 | 06:15 am | Holy *Qurbana* @ CMC Provincial House |
| | 09:00 am-04:00 pm | Shalom Youth Debate @ Archbishop House |
| | 07:00 pm | Message: Teenage Retreat @ Kunnamthanam |
| 20 | 09:00 am-02:00 pm | *Athiroopatha Dinam* @ Thrickodithanam |
| | 03:00-05:00 pm | Visitors |
| 21-31 | | Engaged |

**FR. SECRETARY- 8078088468**

❑



**Mar Joseph Perumthottam**
Metropolitan Emeritus of Changanacherry

# ENGAGEMENTS | MAY 2026

| | | |
|---|---|---|
| 01 | 06:30 am | Holy *Qurbana* @ *Beth Thoma Dayara*, Palamattom |
| 02 | 07:00 am | Sacraments of Initiation @ Little Flower Church, Arpookara |
| | 04:30 pm | Solemn Holy Communion @ St. Joseph's Church, Kuttamangalam |
| 03 | 06:00 am | Holy *Qurbana* @ St. George Forane Church, Edathua |
| | 11:00 am | Solemn Holy Communion @ Blessed Sacrament Church, Karimpany, Mattakkara, Palai |
| 04 | 06:15 am | Holy *Qurbana* @ St. Mathew's Convent, Morkulangara |
| 05 | 04:00 pm | Sacraments of Initiation & Solemn Holy Communion St. Anthony's Church, Perunna |
| 06 | 10:00 am | Interview with Ettumanoor Christuraj Church, *Yuvadeepthi* - S.M.Y.M. |
| | 05:00 pm | Holy *Qurbana* @ St. Xavier's Church, Puthukary |
| 07 | 11:00 am | Solemn Holy Communion, Holy Cross Church, Kappadu, Kanjirappally |
| 08 | 06:30 am | Holy *Qurbana* @ *Beth Thoma Dayara*, Palamattom |
| 09 | | Holy *Qurbana* & *Kudumbayogam* @ *Marth Mariam* Church, Cheppumpara |
| 10 | 07:00 am | Holy *Qurbana* @ Holy Family Church, Mannila |
| | 10:15 am | *Kudumbayogam* @ Changanacherry |
| | 11:30 am | Marriage @ St. Michal's Church, Thathampally |
| | 05:00 pm | *Idavakadinam* @ Holy Magi Forane Church, Manimala |
| 11 | 09:15 am | Priestly Ordination - Dn. Jithin Thathumundackal H.G.N. @ Bethlehem Church, Parampuzha |
| 12 | 07:00 pm | Sharing: Major Seminarians' Gathering @ St. Thomas Minor Seminary, Kurichy |
| 13 | 06:30 am | Minor Orders & Vestition @ St. Thomas Minor Seminary, Kurichy |
| | 11:00 am | Marriage @ St. Mary's Metropolitan Church, Changanacherry |
| 15 | 06:30 am | Holy *Qurbana* @ *Beth Thoma Dayara*, Palamattom |
| 20 | 09:00 am | *Archeparchial* Day @ St. Xavier's Forane Church, Thrickodithanam |
| 21 | 12:00 pm | Betrothal @ Christ The King Forane Church, Ayoor |
| 22 | 06:30 am | Holy *Qurbana* @ *Beth Thoma Dayara*, Palamattom |
| 23 | 02:00 pm | Graduation Ceremony @ St. Thomas Nursing College, Chethipuzha |
| 24 | 07:00 am | Holy *Qurbana* @ St. George Church, Cheeramattom |
| | 11:00 am | *Kudumbayogam* @ Koothrappally |
| 25-31 | | Thuckalay Mission |

**FR. SECRETARY- +91 9292990040**

❑

# 101–ാം ചരമവാർഷികം

(2 ജൂൺ 2026)



## ധന്യൻ മാർ തോമസ് കുര്യാളശ്ശേരി

പ്രഥമ മെത്രാൻ

(14 ജനുവരി 1873 - 2 ജൂൺ 1925)

**VEDAPRACHARA MADHYASTAN** **VOL.98** **No.11** **2026 May**
Date of Publication: 30-04-2026
Registered No. RN-3149/1957
Postal Regn. No. KL/CHC/74/2024-26
Licence No. KL/CR/CHC/WPP-1/2024-26
Licensed to Post Without Prepayment
Posted at Changanacherry sorting on the last day of every month

Rs 25/-




Estd. 1928

Phone 2410101

Printed & Published by Fr Justin Kayamkulathussery and owned by Archdiocese of Changanacherry and Printed at St. Joseph Orphanage Press and Book Stall, Aramanapady, Changanacherry, Kottayam Dist. 686 101, Kerala and Published at Ward No. IV, Building No. 631, Archbishop's House Changanacherry, Kottayam Dist. - 686 101, Kerala.
Editor: Fr Biju George Alencherry.
sjopresschry@gmail.com www.archdiocesechanganacherry.org